# ആത്മപോഷിണി

| പുസ്തകം ൧. | ൲൱൨ തുലാം | ലക്കം ൧. |
|---|---|---|


## മംഗളം

വ്യാസൻ, വന്മീകജന്മാവ, ഖിലകവികുലാചാൎയ്യനാം കാളിദാസൻ,
ഭാസൻ തൊട്ടുള്ളവൎക്കൊക്കയുമമൃതൊഴുകും രീതിയിൽ, പ്രീതിയോടെ,
പ്രാസം മുമ്പായ നാനാഗുണവിലസിതയാം വാക്കിണക്കീട്ടുവാൻ സോ-
ല്ലാസം വീക്ഷിച്ച വാഗിശ്വരി! പെരിയ ശുഭം പോഷിണിക്കേകണം നി.

—കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ

## അലങ്കാരവിനിവേശനം.

### I

അലങ്കാരങ്ങൾക്കുള്ള ആകൎഷണശക്തി ഇന്നപ്രകാരമാണെന്നു പറഞ്ഞറിയിക്കാൻ ഞെരുക്കമാണ്. അവയെ കാവ്യങ്ങളിൽ ധാരാളമായി ഉപയോഗിക്കാത്ത കവികളുമുണ്ടെന്നു തോന്നുന്നില്ല. കാവ്യമൎമ്മജ്ഞന്മാരായ കവികൾ അവയെ വേണ്ടവിധത്തിൽ ഉപയോഗിക്കുമെന്നു മാത്രമേ ഉള്ളൂ. എന്നാൽ, മഹാകവികളായ കാളിദാസൻ, ഭാരവി, മാഘൻ മുതലായവർ ശബ്ദാലങ്കാരാദികളെ ധാരാളമായി പ്രയോഗിച്ചിട്ടുള്ള സ്ഥിതിക്കു നവീനവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള നാം എന്തിനു സംശയിക്കുന്നുവെന്നും വെച്ചു കണ്ണിൽകണ്ട ദരിദ്രശ്ലേഷങ്ങളേയും യമകങ്ങളേയും മററും ഇക്കാലത്തെ മഹാകവികൾ പുല്ലുപോലെ ഉപയോഗിക്കുന്നത് എന്തൊരു കഷ്ടമാണ്! കാളിദാസാദികൾ രസവിരോധം വരുമാറ് അലങ്കാരങ്ങളെ പ്രയോഗിക്കാറില്ല. നമ്മുടെ കവികൾ അത്തരത്തിലാണ് പ്രയോഗിക്കുന്നത്. അലങ്കാരം പ്രയോഗിച്ചാലല്ലേ കവിതയായുള്ളൂ! പക്ഷെ ഹരവിജയം തുടങ്ങിയ താന്ന തരം കാവ്യങ്ങളെ മാതൃകകളായി പൂജിച്ചുവരുന്ന ആധുനികമഹാകവികളോട് അലങ്കാരവിനിവേശത്തെപ്പററി ധ്വന്യാചാൎയ്യൻ പറയുന്നതെന്താണെന്ന് ഒന്നെടുത്തുപറയണ

മെന്നല്ലാതെ, അവയെ അധിക്ഷേപിക്കുമെന്ന അഭിപ്രായം നമുക്കില്ല.

ശബ്ദാർത്ഥങ്ങളാകുന്ന ശരീരത്തോടും രസധ്വനിയാകുന്ന ആത്മാവോടും കൂടിയ കാവ്യത്തിന്റെ അംഗങ്ങളെ ആശ്രയിക്കുന്നവയാണ് അലങ്കാരങ്ങൾ. ശബ്ദത്തെയോ അർത്ഥത്തെയോ ആശ്രയിച്ചു നിന്നു രസോൽക്കർഷമുണ്ടാക്കുക മാത്രമാണ് ഇവയെക്കൊണ്ടു സാദ്ധ്യമായിരിക്കുന്നത്. ഈ സംഗതിയിൽ ലൌകികാലങ്കാരങ്ങളായ കടകാദികളിൽ നിന്നു വ്യത്യാസമുള്ളവയാണ് കാവ്യാലങ്കാരങ്ങൾ എന്നു വിചാരിക്കരുത്. അലങ്കാരങ്ങൾ ഒന്നും അംഗങ്ങളെയല്ല വാസ്തവത്തിൽ അലങ്കരിക്കുന്നത്. 'ഞാൻ അലംകൃതനായി' എന്നുള്ള അഭിമാനവും തന്മൂലമായ ഉൽക്കർഷവും ആത്മാവിനെത്തന്നെ പററിയവയാണല്ലോ. എന്നാൽ ഈ ഉൽക്കർഷത്തിന് ഇന്നിന്ന അലങ്കാരങ്ങൾ മാത്രമേ പ്രയോഗിച്ചുകൂടുവെന്നോ, ഇന്നിന്നതു പ്രയോഗിച്ചുകൊള്ളണമെന്നോ ഉള്ള നിയമമില്ലെങ്കിലും, അലങ്കാരങ്ങളെ സ്വീകരിക്കുവാൻ താൽപ്പര്യമുള്ള കവി പ്രത്യേകം ആദരിക്കേണ്ടുന്ന ചില ക്രമങ്ങളുണ്ട്.

അനുപ്രാസയമകാദികൾ ശ്രുത്യനുഗ്രാഹികൾ മാത്രമാകയാൽ രസത്തെ അപേക്ഷിച്ചു നോക്കുമ്പോൾ ബഹിരംഗങ്ങളായിട്ടും, ഉപമാരൂപകാദികൾ രസപര്യവസായിയായ വാക്യാർത്ഥത്തിന്റെ വൈചിത്ര്യത്തെ ഉണ്ടാക്കുന്നവകളാകയാൽ അന്തരംഗങ്ങളായിട്ടുമാണ് ഗണിക്കേണ്ടത്. എങ്കിലും അർത്ഥാലങ്കാരങ്ങളെപ്പോലെതന്നെ ശബ്ദാലങ്കാരങ്ങൾക്കും വിനിയോഗൌചിത്യാനൌചിത്യങ്ങളെ അനുസരിച്ചു രസബോധകത്വബാധകത്വങ്ങൾ ഉണ്ട്. ശബ്ദാലങ്കാരങ്ങളിൽ അനുപ്രാസയമകങ്ങൾ മുഖ്യങ്ങളാകയാൽ ഇവയെ പറഞ്ഞാൽ മററുള്ളവയേയും യഥാസ്ഥാനം ഊഹിക്കാമല്ലോ. ഇവയേയും സ്വീകരിക്കേണ്ടുന്ന സ്ഥലങ്ങളെ കാണിക്കുന്നതിൽ ഭേദം, വർജ്ജിക്കേണ്ട സ്ഥലങ്ങളെ കാണിക്കുകയാണെന്നു വെച്ച് അങ്ങിനെ ചെയ്യുന്നു.

അംഗിയായി നില്ക്കുന്ന ശൃംഗാരരസത്തിന്റെ സംഭോഗവിപ്രലംഭാദികളായ അംഗങ്ങളിൽ ഒന്നിലെങ്കിലും ഒരേ ജാതിയായ അനുപ്രാസം പ്രയോഗിക്കരുത്. എന്തെന്നാൽ, സകലക്കും ഏററവും എളുപ്പത്തിൽ ഉൾക്കൊള്ളുവാൻ കഴിയുന്നതാകകൊണ്ടു ശൃംഗാരത്തിലുള്ള അനൌചിത്യം സ്വല്പമായിരുന്നാലും അതു സ്ഫുടമായി പ്രകാശിക്കും. അപ്പോൾ ശൃംഗാരത്തെ യഥാവിധി വ്യഞ്ജിപ്പിക്കേണമെങ്കിൽ, കവിയുടെ ശ്രദ്ധ മുഴുവൻ ഉചിതവിഭാവാദിയോജനത്തിലായിരിക്കണം. അനുപ്രാസരസികനായ കവിക്ക് ഇത് അത്ര എളുപ്പത്തിൽ സാധിക്കുന്നതല്ല. ഏകരൂപമായ അനുപ്രാസം പ്രബന്ധം മുഴുവൻ ചെലുത്തുന്ന കവിയുടെ ബുദ്ധി രസത്തിലേക്കു വരുമ്പോഴെയ്ക്കും മന്ദിച്ചുപോവുകയും ചെയ്യും. ആക്ഷേപത്തിന്നവകാശമില്ലാത്ത ഈ തത്വത്തെ അടിസ്ഥാനമാക്കീട്ടാണ് ഇപ്പോൾ നടപ്പുള്ള ദുഃശ്രവമായ ദ്വിതീയാക്ഷരപ്രാസപരമ്പരയെ മഹാന്മാർ നിന്ദിക്കുന്നത്. എന്നാൽ യത്നമില്ലാതേയും കവിതന്നെ അറിയാതെയും ഇടക്കിടെ അനുപ്രാസം വന്നുചേരുന്നതു സർവ്വഥാ അനുഗുണമായിരിക്കുകയും ചെയ്യും.

"കാന്തൻ വിപ്രിയമാചരിക്കുമളവിൽ
കാലുഷ്യമാർന്നീർഷ്യയാ
കാട്ടും ചേഷ്ടകൾ മുള്ളുവാക്കുകളിവ-
റ്റുള്ളൊരീടെ കോളെന്നിയെ
കൌശല്യം കലരാതെ ബാലക കര-
ഞ്ഞീടുന്നു ഹാ! കേവലം
കണ്ണീർകൊണ്ടു കപോലപാളി കഴുകി-
ക്കല്യാണി കാർവ്വേണിയാൾ."

"നീലക്ഷൌമം പുറപുറയുമി-
ട്ടുത്തമേ മെത്തമേലാ
നീലപ്പാത്തിൻപരിചെഴുമിള-
ത്തയ്യലാം തുലഭാജി
ചാലത്താലുറവുടനടനൂ-
ണ്ടസ്ഥിരസ്ഥാനശയ്യാ-
തോലിത്താഴത്തവശപതിതാ
രോദിതി പ്രാണനാഥാ."

എന്നീ കാവ്യങ്ങളിൽ കാണുന്ന അനുപ്രാസബാഹുല്യം അയത്നനിഷ്പന്നമാകയാൽ ഈർഷ്യാ വിയോഗപൂർവ്വങ്ങളായ വിപ്രലംഭങ്ങളെ ഒട്ടും തന്നെ പോഷിപ്പിക്കാതിരിക്കുന്നില്ല. ശൃംഗാരംതന്നെ മറെറാരു വസ്തുവിൻെറയോ രസത്തിൻെറയോ അംഗമായിട്ടാണ് നില്ക്കുന്നതെങ്കിൽ അനുപ്രാസം സ്വീകരിച്ചാലും തരക്കേടില്ല. ഇതുപോലെതന്നെ രൌദ്രം, ഭയാനകം മുതലായ രസങ്ങളിൽ അനുപ്രാസം സ്വീകരിക്കുന്നതിൽ വിരോധമില്ല. എന്നുമാത്രമല്ല, ചിലപ്പോൾ അത് അനുഗുണമായിട്ടും വരും. താഴെ ചേർക്കുന്ന ഗദ്യം ഇതിനൊരു ലക്ഷ്യമാണ്.

"വമ്പന്മാർക്കും കമ്പം ചേർക്കും
വമ്പിച്ചീടിന ചെമ്പൻചിടയും
കനൽനിരചിതറിന കണ്ണുകൾ രണ്ടും
നീരുൾക്കൊണ്ടൊരു നീരദനിരയുടെ
നടുവിൽ വെളുത്തു വളഞ്ഞു വിളങ്ങും
തിങ്കൾക്കീറുകളെന്ന കണക്കെ
തേററപ്പല്ലുകൾ കാട്ടും മട്ടിൽ
പച്ചയിറച്ചി കടിച്ചു പിടിച്ചു ക-
ളിച്ചു പുളച്ചു ചിരിച്ചു മദിച്ചു ഭ-
യങ്കരമായൊരു ഗുഹയൊടു സദൃശം
വായ പിളർന്നതിലാപ്പെട്ടുള്ളൊരു
വിവിധചരാചരജാലവുമെന്നതി
ഘോരാകാരാ പാരാ ക്രൂരാ
ഘോരീരേഴും ഞെട്ടും മട്ടിൽ
പല പൊഴുതുച്ചൈരട്ടഹസിച്ചും,
കൽക്കരിമലസമഗാത്രീ ജ്യേഷ്ഠാ
മദയന്തീ സാ വിഭ്രമമൂലം
നാലുപുറത്തും ദൃഷ്ടിയെറിഞ്ഞു പ-
കച്ചു മലച്ചു കുറച്ചു വസിച്ചാൾ."

രസാദികളിൽ വലിയ താല്പര്യമില്ലെങ്കിൽ അനുപ്രാസം പ്രയോഗിച്ചതുകൊണ്ടു തെററില്ല. ഇതിനു ലക്ഷ്യപ്രദർശനമാവശ്യമല്ലെങ്കിലും ന്യൂനതാപരിഹാരാർത്ഥം ഒന്നുരണ്ടെണ്ണമെടുത്തു കാണിക്കാം.

"തട്ടും കട്ടിൽക്കയറു പല കൈ
കട്ടിൽ മൺചട്ടി കൊടം
മൊട്ടും മൂട്ടിൽക്കരയുമരിയും
പെട്ടിയും പട്ടുനൂലും
ആട്ടം പാട്ടം കുടയുമടയും
പഞ്ഞിയും മുഞ്ഞവേരും
നുറും ചോറും ചുരയുമരയും
കാരിരുമ്പും കരിമ്പും."

"വാടാമാലക്കുഴലികളതാ-
കന്ന്യ കൌതൂഹലാർദ്രം
ഘോഷാ ദോഷാർമണരമണീ-
യോത്സവായുത്സുകിന്യഃ
കാന്തൈസ്സാർദ്ധം പുനരിളകിനാ-
രക്ഷണം കല്പവൃക്ഷ-
വാതായൂതാ ഇവ സുരലതാ
നന്ദനേ നന്ദനീയേ."

അനുപ്രാസത്തെക്കാൾ അധികം സൂക്ഷിച്ചിട്ടുവേണം കവി യമകത്തെ പ്രയോഗിക്കുവാൻ. രസഭാവാദി സകല ധ്വനികളിലും വെച്ചു സാരമേറിയ ശൃംഗാരം വ്യംഗ്യമായിരിക്കുമ്പോൾ, അതും വിശേഷി

ച്ച വിപ്രലംഭമായിരിക്കുമ്പോൾ, യമകമോ ദുഷ്കരമായ ശബ്ദഭംഗശ്ലേഷമോ ഉപയോഗിക്കുന്നതു രസഭംഗകാരണമാവാതിരിക്കയില്ല. ഈ വിഷയത്തിൽ കവിക്ക് എത്രതന്നെ പ്രതിഭാവിശേഷവും ശക്തിയുമുണ്ടായിരുന്നാലും ഫലമില്ല. ഇതു കൊണ്ടാണ് കാളിദാസൻ യമകപ്രയോഗങ്ങളെ ദശരഥമൃഗയാവർണ്ണനത്തിൽ കൊണ്ടു ചാടിച്ചത്. അവിടെ വലിയ രസഭംഗമൊന്നും വരുമെന്നു വിചാരിക്കാനില്ലല്ലോ.

'രാമഃ കാമമുപാശ്രയിഷ്യതി വനം
 ത്യക്ത്വാ ധൃതം കൌതുകം
ലോകസ്ത്യക്ഷ്യതി കൌതുകം ചിരധൃതം
 തസ്യാഭിഷേകേ കഥം?
സത്യാപായഭയേന വത്സവിരഹം
 വക്ഷ്യാമി വക്ഷ്യാമി കിം?
യാവൽകല്പമകീർത്തിരാർത്തിജനനീ
 ജായേത ജായേ, തവ."

എന്നും,

"രാജന രാമാഭിഷേകോ വിരമതു ജഡധീ-
 ർന്നിഷ്കളങ്കേ കുലേസ്മിൻ
ഭൂപുത്രീയസ്യ പത്നീ സ ഭവതി ഹി കഥം
 ഭൂപതീ രാമചന്ദ്രഃ"

എന്നും മററുമുള്ള പ്രയോഗങ്ങൾ ഉദ്ദിഷ്ടരസത്തിനു ഹാനിതന്നെയാണ് ചെയ്യുന്നത്. എന്നാൽ കാകതാളീയന്യായേന വന്നുകൂടുന്ന യമകവും അർത്ഥശ്ലേഷവും ക്ലേശംകൂടാതെ വരുന്ന ശബ്ദശ്ലേഷവും സഹ്യങ്ങൾ തന്നെയാണ്.

"പ്രിയേ, ജനകനന്ദിനി, പ്രകൃതി-
 പേശലാമീദൃശീം
കഥം ഗ്ലപയിതും സഹേ തവ ശി-
 രീഷമൃദ്വീം തനും

മദിരാശി.

ഗൃഹീതഹരിണീഗണത്രികവി-
 സാരിനാനാസിരാ-
ക്ഷതക്ഷരിതശോണിതാരുണവൃ-
 കാനനേ കാനനേ?"

എന്നും,

"രക്തസ്ത്വം നവപല്ലവൈരഹമപി
 ശ്ലാഘ്യൈഃ പ്രിയായാ ഗുണൈ-
സ്ത്വാമായാന്തി ശിലീമുഖാഃ സ്മരധനു-
 ർമ്മുക്താസ്സഖേ, മാമപി
കാന്താപാദതലാഹതിസ്തവമുദേ
 തദ്വന്മമാപ്യാവയോഃ
സർവം തുല്യമശോക! കേവലമഹം
 ധാത്രാ സശോകഃ കൃതഃ."

എന്നുമുള്ള ശ്ലോകങ്ങൾ ഇവിടെ ഉദാഹരണങ്ങളായിട്ടെടുക്കാം. ചുരുക്കത്തിൽ പറയുന്നതാണെങ്കിൽ, യമകാദികളെ ഉപയോഗിക്കുമ്പോൾ ശബ്ദാന്വേഷണരൂപമായ വിശേഷയത്നം കവിക്കു വരുന്നതുകൊണ്ടും, വേണ്ടുംവണ്ണം മനസ്സിലാക്കാൻ വായനക്കാൎക്കു ഞെരുക്കമുള്ളതുകൊണ്ടും രസോൽക്കർഷത്തിനു പ്രതിബന്ധമുണ്ടാവുമെന്നാണ് തത്വം. പക്ഷെ അർത്ഥാലങ്കാരങ്ങൾക്കും യത്നമാവശ്യമുണ്ടെന്നാക്ഷേപിക്കരുത്. അർത്ഥവൈചിത്ര്യസ്വരൂപങ്ങളായ അർത്ഥാലങ്കാരങ്ങളും വാക്യാർത്ഥസ്വരൂപമായ രസവും വളരെ യോജിച്ചു നില്ക്കുന്നവയാണ്. പ്രതിഭാവിശേഷമുള്ള കവിയുടെ ബുദ്ധിയിൽനിന്നു തടവുകൂടാതെ പ്രവഹിക്കുകയും ചെയ്യും. രസവത്തുക്കളായ യമകപ്രയോഗങ്ങൾ കാണുന്നുണ്ടല്ലോ എന്നും, ഈ വിഷയത്തിൽ ആക്ഷേപിച്ചിട്ടാവശ്യമില്ല. അങ്ങിനെയുള്ള സ്ഥലങ്ങളിലെല്ലാം രസം അപ്രധാനവും യമകം പ്രധാനവുമായിട്ടേ സഹൃദയന്മാൎക്കു തോന്നുകയുള്ളൂ.

—പി. എം. ശങ്കരൻനമ്പ്യാർ.

## തിരുവല്ലാക്ഷേത്രം.

ഇപ്പോൾ തിരുവിതാംകൂറിലുൾപ്പെട്ടിരിക്കുന്ന "തിരുവല്ലാ" എന്ന പ്രദേശം പണ്ടു തെക്കുംകൂർരാജ്യത്തു ചേർന്നതായിരുന്നു. ആ പ്രദേശത്തിന് അന്നു പറഞ്ഞുവന്നിരുന്ന പേരു "മല്ലികാവനം" എന്നായിരുന്നു. തെക്കുംകൂർരാജാവിൻെറ ആജ്ഞാപ്രകാരം അക്കാലത്ത് ആ ദേശത്തിൻെറ ആധിപത്യം വഹിച്ചിരുന്നത് ഇപ്പോഴും പ്രസിദ്ധന്മാരും പ്രബലന്മാരുമായിരിക്കുന്ന "പത്തില്ലത്തിൽപ്പോററിമാർ" എന്ന ബ്രാഹ്മണരായിരുന്നു.

അവിടെ "ശങ്കരമംഗലത്ത്" എന്നു പ്രസിദ്ധമായി ഒരു ബ്രാഹ്മണഗൃഹമുണ്ടായിരുന്നു. ഒരു കാലത്ത് ആ ഗൃഹത്തിലെ ആളുകൾ ഓരോരുത്തരായി കാലധർമ്മത്തെ പ്രാപിച്ചുപോവുകയാൽ ഒടുക്കം ഒരു വിധവ മാത്രം ശേഷിച്ചു. വയോധികയായ ആ വിധവയെ എല്ലാവരും "ശങ്കരമംഗലത്തമ്മ" എന്നാണ് പറഞ്ഞുവന്നിരുന്നത്. ആ അമ്മയ്ക്കു വിഷ്ണുഭഗവാങ്കൽ ഏററവും ഭക്തിയും ഏകാദശി മുതലായ വ്രതങ്ങളിൽ അത്യന്തം നിഷ്ഠയുമുണ്ടായിരുന്നു. അവർ വിഷ്ണുപൂജ, വ്രതനിയമാനുഷ്ഠാനങ്ങൾ മുതലായവ യാതൊരു വിഘ്നവും കൂടാതെ ശരിയായി നടത്തിക്കൊണ്ടിരുന്നു.

അങ്ങിനെയിരുന്ന കാലത്തു "തുകലൻ" എന്നൊരസുരൻ ആ ദിക്കിൽ വന്നുചേർന്നു. അവൻ ആ ദിക്കിലുള്ള ബ്രാഹ്മണാദിജനങ്ങളെ അവരുടെ സൽകർമ്മങ്ങൾ മുടക്കിയും മററും പലവിധത്തിൽ ഉപദ്രവിച്ചുതുടങ്ങി. അപ്പോൾ ശങ്കരമംഗലത്തമ്മയ്ക്കും തൻെറ നിയമാനുഷ്ഠാനങ്ങൾ നിർവ്വിഘ്നം നടത്തിക്കൊണ്ടുപോകുന്നതിനു നിവൃത്തിയില്ലാതെയായിത്തീൎന്നു. അതിനാൽ ശങ്കരമംഗലത്തമ്മ തൻെറ നിയമവിരോധിയായ മഹാസുരനെ നിഗ്രഹിച്ചു സജ്ജനരക്ഷ ചെയ്യുന്നതിനായി മനസാ മഹാവിഷ്ണുവിനെ സ്മരിച്ചപേക്ഷിച്ചു. ഭക്തവത്സലനായ ഭഗവാൻ മഹാവിഷ്ണു ഉടനെ അവിടെ ആവിർഭവിക്കുകയും തുകലാസുരനെ തൻെറ സുദർശനചക്രംകൊണ്ടു കഴുത്തറുത്തു നിഗ്രഹിക്കുകയും ചെയ്തു. ഭഗവാൻ തുകലാസുരനെ നിഗ്രഹിച്ചതായ ആ ദേശത്തിനു "തുകലശ്ശേരി" എന്നും ആ അസുരൻെറ രക്തം തേച്ചുകഴുകിക്കളഞ്ഞു ചക്രത്തെ ശുദ്ധീകരിച്ച പുഴക്കടവിനു "ചക്രശാലക്കടവ്" എന്നും നാമം സിദ്ധിച്ചു. ആ സ്ഥലങ്ങൾക്ക് ഇപ്പോഴും ജനങ്ങൾ ആ പേരുകൾ തന്നെയാണ് പറഞ്ഞുവരുന്നത്.

തുകലാസുരവധാനന്തരം ഭഗവാൻ ശങ്കരമംഗലത്തമ്മയുടെ ഗൃഹത്തിൽ പ്രത്യക്ഷമായി എഴുന്നള്ളുകയും ആ അമ്മയെ വ്രതനിയമാദികൾക്കു വിഘ്നം നേരിടാതെ രക്ഷിക്കുന്നതിനായി സുദർശനമൂർത്തിയെ അവിടെ പ്രതിഷ്ഠിക്കുകയും ചെയ്തതിൻെറ ശേഷം അന്തർദ്ധാനവും ചെയ്തു. അന്നുമുതൽ ശങ്കരമംഗലത്തമ്മ പ്രതിദിനം മഹാവി

ഷ്ണുവിനെയും സുദൎശനമൂൎത്തിയെയും യഥാക്രമം പൂജിച്ചുകൊണ്ടും തന്റെ വ്രതനിയമാദികളെ നിൎവ്വിഘ്നം അനുഷ്ഠിച്ചുകൊണ്ടും ആജീവനാന്തം സുഖമായി താമസിച്ചു.

ശങ്കരമംഗലത്തമ്മ വിഷ്ണുസായൂജ്യത്തെ പ്രാപിച്ചതിനോടു കൂടി ആ ഗൃഹം ശുദ്ധശൂന്യമായിത്തീരുകയും, മഹാവിഷ്ണുവിനാൽ അവിടെ പ്രതിഷ്ഠിക്കപ്പെട്ടിരുന്ന സുദൎശനമൂൎത്തിയുടെ പൂജ മുതലായവ മുടങ്ങുകയും, തന്നിമിത്തം ദേശക്കാൎക്കു പൊതുവിലും ദേശാധിപത്യം വഹിച്ചിരുന്ന പോററിമാൎക്കു പ്രത്യേകിച്ചും പലവിധത്തിലുള്ള അനൎത്ഥങ്ങൾ സംഭവിച്ചുതുടങ്ങുകയും ചെയ്തു. അതിനാൽ ദേശക്കാരും പത്തില്ലത്തിൽപ്പോററിമാരും കൂടി പ്രശ്നം വെപ്പിച്ച് അനൎത്ഥകാരണമറിയുകയും, അനൎത്ഥപരിഹാരാൎത്ഥമായി ഒരു ക്ഷേത്രം പണികഴിപ്പിച്ചു, സുദൎശനമൂൎത്തിയുടെ വിഗ്രഹത്തെ ശങ്കരമംഗലമഠത്തിൽ നിന്ന് എടുപ്പിച്ച് ആ ക്ഷേത്രത്തിൽ പ്രതിഷ്ഠിപ്പിച്ചു പൂജ മുതലായവ നിൎവ്വിഘ്നം നടത്തിക്കണമെന്നു തീൎച്ചപ്പെടുത്തുകയും ചെയ്തു.

അനന്തരം ഗ്രാമാധിപരായ പത്തില്ലത്തിൽപ്പോററിമാരും ദേശക്കാരായ നായർസമുദായ പ്രധാനന്മാരും കൂടി ശങ്കരമംഗലത്തുമഠത്തിന്റെ കിഴക്കുഭാഗത്തു കിഴക്കോട്ടു ദൎശനമായി ഒരു ക്ഷേത്രം പണികഴിപ്പിക്കുകയും പ്രതിഷ്ഠയ്ക്കു മുഹൂൎത്തം നിശ്ചയിക്കുകയും ചെയ്തു. അപ്പോൾ ഒരു ദിവസം രാത്രിയിൽ ദേശക്കാൎക്കും ഗ്രാമാധിപന്മാൎക്കും "ഞാൻ എന്റെ പൂൎവ്വസ്ഥാനത്തേ നോക്കിക്കൊണ്ടല്ലാതെ ഇരിക്കുകയില്ല. അതിനു വിപരീതമായി നിങ്ങൾ എന്നെ പ്രതിഷ്ഠിപ്പിക്കുകയാണെങ്കിൽ നിങ്ങൾക്കു ഞാൻ പൂൎവ്വാധികം ആപത്തുകളുണ്ടാക്കിത്തീൎക്കും" — എന്നു സുദൎശനമൂൎത്തി തങ്ങളുടെ അടുക്കൽ വന്ന് അരുളിച്ചെയ്തതായിട്ട് ഒരു സ്വപ്നമുണ്ടായി. അതിനാൽ അവർ സുദൎശനമൂൎത്തിയെ ആ പുതിയക്ഷേത്രത്തിൽ പടിഞ്ഞാറേ നടയിൽ പടിഞ്ഞാട്ടു ദൎശനമായി പ്രതിഷ്ഠിപ്പിക്കുകയും ചെയ്തു.

കിഴക്കോട്ടു ദൎശനമായി പണികഴിപ്പിച്ച ക്ഷേത്രത്തിൽ വിഗ്രഹപ്രതിഷ്ഠ പടിഞ്ഞാറേ നടയിൽ പടിഞ്ഞാട്ടു ദൎശനമായിരുന്നാലുണ്ടായിരിക്കുന്ന അഭംഗി എത്രമാത്രമായിരിക്കുമെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ. ആ ഭംഗികേടിനെപ്പററി പ്രതിഷ്ഠ കഴിഞ്ഞതിന്റെ ശേഷമേ അതിന്റെ പ്രധാനഭാരവാഹികൾക്ക് ഓൎമ്മയുണ്ടായുള്ളു. അപ്പോൾ അവൎക്കു വളരെ മനസ്താപമുണ്ടായി. എന്നുമാത്രമല്ല ഇതിനെപ്പററി അന്യദേശക്കാർ പരിഹസിച്ചുതുടങ്ങുകയാൽ കാലക്രമേണ അവൎക്കു വ്യസനവും അവമാനവും ദുസ്സഹമായിത്തീരുകയും ചെയ്തു. അതിനാൽ അവർ ഒരു വിഷ്ണുവിഗ്രഹമുണ്ടാക്കിച്ച് ആ ക്ഷേത്രത്തിൽ കിഴക്കോട്ടു ദൎശനമായിട്ടു കൂടി പ്രതിഷ്ഠ കഴിപ്പിക്കണമെന്നു തീൎച്ചയാക്കി.

അനന്തരം അവർ ഒരു വിഗ്രഹം ഉണ്ടാക്കിക്കുകയും അതിന്റെ പണിക്കുറ തീൎന്ന സമയം അവൎക്കു യഥാപൂൎവ്വം ഒരു ദൎശനമുണ്ടാവുകയും ചെയ്തു. "നിങ്ങൾ ഇപ്പോൾ പണിക്കുറ തീൎപ്പിച്ചിരിക്കുന്ന വിഗ്രഹം ഇവിടെ പ്രതിഷ്ഠിപ്പിച്ചാൽ നിങ്ങൾക്കു വലിയ ആപത്തുണ്ടാകും. പ്രഭാസതീൎത്ഥത്തിൽ ഒരു വിഷ്ണുവിഗ്രഹം കിടക്കുന്നുണ്ട്. അതെടുത്തുകൊണ്ടുവന്ന് ഇവിടെ പ്രതിഷ്ഠിപ്പിച്ചാൽ നിങ്ങൾക്കു ശ്രേയസ്സു

ണ്ടാകുന്നതാണ്" എന്നായിരുന്നു ആ പ്രശ്നത്തിന്റെ സാരം. അതനുസരിച്ചു പത്തില്ലത്തിൽപ്പോററിമാരും ദേശക്കാരിൽ പ്രമാണികളും ബ്രാഹ്മണാദികളായ മററനേകം ജനങ്ങളും കൂടി പ്രഭാസതീൎത്ഥത്തിലേയ്ക്കു പുറപ്പെട്ടു. എല്ലാവരും തീൎത്ഥതീരത്തിങ്കലെത്തിയതിന്റെ ശേഷം ധൈൎയ്യശാലികളും ബലവാന്മാരുമായ ചില ബ്രാഹ്മണർ ബിംബമെടുക്കാനായി തീൎത്ഥത്തിലിറങ്ങി മുങ്ങിത്തപ്പിത്തുടങ്ങി. അവരിൽച്ചിലർ അടിയിലൊളം ചെല്ലാൻ തന്നെ ശക്തന്മാരല്ലാതെ കുഴങ്ങി കരയ്ക്കു കയറി. മററു ചിലർ അടിയിൽച്ചെന്നു ബിംബത്തിന്മേൽ തൊട്ടിട്ടു മടങ്ങിപ്പോന്നു. വേറെ ചിലർ അടിയിൽച്ചെന്നു ബിംബം പിടിച്ചെടുത്തു പൊക്കിക്കൊണ്ടു വരുവാനായി വളരെ ശ്രമിച്ചുനോക്കി. എങ്കിലും അതു സാധിച്ചില്ല. കിം ബഹുനാ? ആ ബിംബം വെള്ളത്തിനടിയിൽനിന്നു പൊക്കിയെടുത്തു കൊണ്ടുവരുന്നതിന് അവരിൽ ആരെക്കൊണ്ടും സാധിക്കയില്ലെന്നു തീൎച്ചയായി. അതിനാൽ വളരെ ഇച്ഛാഭംഗത്തോടുകൂടി അവരെല്ലാവരും അവിടെനിന്നു മടങ്ങി.

അങ്ങിനെ അവർ ഏററവും കുണ്ഠിതത്തോടുകൂടി മടങ്ങിവരുമ്പോൾ മദ്ധ്യേമാൎഗ്ഗം അത്യന്തം തേജസ്വിയും ദീൎഘകായനുമായ ഒരു ബ്രാഹ്മണനെക്കണ്ടു. അദ്ദേഹം, ഇച്ഛാഭംഗംകൊണ്ടു വിഷണ്ണന്മാരുംവിവശന്മാരുമായിത്തീൎന്നിരുന്ന ഇവരെക്കണ്ടിട്ടു "നിങ്ങൾ എവിടെപ്പോയി വരുന്നു? ഇത്ര പരവശന്മാരായിരിക്കുന്നതെന്താണ്?" എന്നുംമററും ചോദിക്കുകയും, ഇവർ പരമാൎത്ഥമെല്ലാം അദ്ദേഹത്തെ ധരിപ്പിക്കുകയും ചെയ്തു. അപ്പോൾ ആ ബ്രാഹ്മണൻ "ഈ സാരമില്ലാത്ത കാൎയ്യം നിങ്ങൾക്ക് അസാദ്ധ്യമെന്നോ? കഷ്ടം തന്നെ. ബിംബം കിട്ടാഞ്ഞിട്ടു നിങ്ങൾ കുണ്ഠിതപ്പെടേണ്ട. ബിംബം ഞാൻ മുങ്ങിയെടുത്തു നിങ്ങളുടെ ക്ഷേത്രത്തിൽ കൊണ്ടുവന്നു തരാം. എന്നാൽ മതിയല്ലോ" എന്നു പറഞ്ഞു. ഇതു കേട്ടിട്ടു പത്തില്ലത്തിൽപ്പോററിമാൎക്കും മററും ഒട്ടും വിശ്വാസം വന്നില്ല. എങ്കിലും ആ ബ്രാഹ്മണനോടു കൂടി അവരെല്ലാവരും വീണ്ടും പ്രഭാസതീൎത്ഥത്തിങ്കലേയ്ക്കു പോയി. അവിടെ എത്തിയ ക്ഷണത്തിൽ ആ തേജോമയനായ ബ്രാഹ്മണൻ തീൎത്ഥത്തിലിറങ്ങി മുങ്ങി, ഏററവും ഭാരമേറിയതായ ആ വിഷ്ണുവിഗ്രഹം നിഷ്പ്രയാസം ചുമലിലെടുത്തുകൊണ്ടു കരയ്ക്കു കയറി വന്നു. അതു കണ്ടപ്പോൾ പത്തില്ലത്തിൽപ്പോററിമാൎക്കും മററുമുണ്ടായ സന്തോഷവും വിസ്മയവും എത്രമാത്രമെന്നു പറയാൻ പ്രയാസം. ആ ബ്രാഹ്മണൻ പറഞ്ഞതുപോലെ തന്നെ പരസഹായം കൂടാതെ ആ ബിംബം തന്റെ ചുമലിൽ വഹിച്ചുകൊണ്ടു നടന്നു മല്ലികാവനത്തിലെത്തി ഇറക്കി വെച്ചു. അദ്ദേഹത്തിന്നു തക്കതായ സമ്മാനം കൊടുക്കണമെന്നു നിശ്ചയിച്ചു പോററിമാരും ദേശക്കാരും കൂടി വളരെ പണവും മുണ്ടും മററും കൊണ്ടുവന്നു നോക്കിയപ്പോഴേയ്ക്കും അദ്ദേഹം അവിടെനിന്നു കടന്നുകളഞ്ഞു. സമീപസ്ഥലങ്ങളിലെല്ലാം ആളയച്ച് അന്വേഷിച്ചിട്ടും അദ്ദേഹത്തെ കണ്ടുകിട്ടിയില്ല. ബിംബം ക്ഷേത്രനടയിൽ ഇറക്കിവെച്ചതിന്റെ ശേഷം അദ്ദേഹത്തെ ആരും കണ്ടിട്ടില്ല. ഒടുക്കം എല്ലാവരുംകൂടി ആലോചിച്ച് ആ ദി

വ്യമനുഷ്യൻ സാക്ഷാൽ ഗരുഡൻതന്നെ ബ്രാഹ്മണവേഷം ധരിച്ചു വന്നതാണെന്നു തീച്ചപ്പെടുത്തി. പത്തുപേരു പിടിച്ചാൽ ഇളകാത്ത ആ വിഗ്രഹം ചുമലിൽ വഹിച്ച് ഇത്ര ദൂരം കൊണ്ടുവരുന്നതിന്നു കേവലമൊരു മനുഷ്യൻ വിചാരിച്ചാൽ കഴിയുന്നതല്ലല്ലോ. എന്നു മാത്രമല്ല, ആ മഹാവിഷ്ണുമൂത്തിയെ ചുമലിൽ വഹിച്ചുകൊണ്ടു നടക്കുന്നതിനു സാക്ഷാൽ ഗരുഡനല്ലാതെ ആക്കു കഴിയും?

ബിംബം കൊണ്ടുവന്നിട്ട് അധികം താമസിയാതെ ഒരു സന്മുഹൂത്തത്തിൽ പ്രതിഷ്ഠയും നടത്തി. ഈ പ്രതിഷ്ഠ കലിവത്സരം ന്റേ-ാമാണ്ട് ഇടവമാസം ഫര്-ാംന്ത- എട്ടുനാഴിക പുലന്നതിന്റെ ശേഷം കക്കടകം രാശി മുഹൂത്തത്തിലായിരുന്നുവെന്നും അന്നു ഞായറാഴ്ചയും ഉത്രട്ടാതി നക്ഷത്രവും ദശമി തിഥിയുമായിരുന്നുവെന്നും കാണുന്നു.

ഈ പ്രതിഷ്ഠ കഴിഞ്ഞതിന്റെ ശേഷം ആ ദേശത്തിനു മല്ലികാവനം എന്ന പഴയ പേരു മാററി "ശ്രീവല്ലഭപുരം" എന്നു നാമകരണം ചെയ്തു. അതു ലോപിച്ചു കാലക്രമേണ "തിരുവല്ല" എന്നായിത്തീന്നു.

തെക്കുംകൂർരാജ്യം തിരുവിതാംകൂറിൽ ച്ചേന്നതിന്റെ ശേഷവും പത്തില്ലത്തിൽ പ്പോററിമാക്കും ചില നായന്മാക്കും ആ ക്ഷേത്രത്തിൽ ചില അധികാരങ്ങളും കൈകാര്യ കത്തൃത്വവും മററുമുണ്ടായിരുന്നു. ചില കാരണങ്ങളാൽ കാലക്രമേണ അവയെല്ലാം പോയി ആ ക്ഷേത്രം തിരുവിതാംകൂർ സക്കാർവക തന്നെയായി. ഇപ്പോഴും അതങ്ങിനെ തന്നെ ഇരിക്കുന്നു.

കോട്ടയം. കൊട്ടാരത്തിൽ ശങ്കുണ്ണി.

## "ഒരു ദീർഘയാത്ര"

(കണ്ണപ്പരീതി)

നരർ നാം ജീവിതമലയടിവാര-
ത്തരമുഴറുന്ന വഴിപോക്കരത്രെ;
വരളുവേ പൊടി നിറഞ്ഞ മാർഗ്ഗങ്ങൾ,
ചരണങ്ങളേററം തളന്നു പോകവേ,
വയർപിഴപ്പിനായടർ ചെയ്തു ഭഗ്നാ-
ശയരായ് കണ്ണുനീർ ചൊരിയവേ നമ്മൾ,
ഒരിടത്തദ്ധ്വാവിലിരുന്നു, നാം കട-
ന്നൊരു മനോഹരഗിരിതടത്തേയും,
പരന്ന മൈതാനസ്ഥലത്തേയും നോക്കി-
പ്പരമിടുന്നുതേ നെടുനിശ്വാസങ്ങൾ!!
ഒരിക്കൽക്കൂടെയാ സ്ഥലത്തു ചെന്നിരു-
ന്നരിയ സൌഖ്യങ്ങൾ സമാസ്വാദിക്കുവാൻ
വളരുമാഗ്രഹം സഫലമാക്കുവാ-
നെളുതല്ലല്ലോ ഹാ! ചിളുരുന്നു മനം!!
അവയെല്ലാം രസപ്രദങ്ങൾ തന്നെയാം;
നവവസന്തമുണ്ടവിടെയെന്നുമേ;
ഇവിടം സന്ദേഹതമസ്സടഞ്ഞതാ-
ണവികലഭീതിക്കിരിപ്പടവുമാം!!
അഗണ്യമായ് മുമ്പു കടന്ന, മഞ്ജുള-
സുഗമപ്രാന്തങ്ങൾ സ്മരിച്ചു, നാമിപ്പോൾ

അനിമേഷനേത്രമയച്ചു, കാമിപ്പി-
തിനിയുമങ്ങു ചെന്നൊരിക്കൽ വാഴുവാൻ!!
ഫലമില്ല ദുഃഖിക്കുകിലിനി; നമ്മ-
ളലസാതെ മുന്നോട്ടുടൻ ഗമിക്കണം!
കഴിയില്ലീ യാത്ര മുടക്കിടുവാനും
കഴിഞ്ഞതോർത്താശു രസിച്ചു കൊള്ളുവാ (നും!!
രുചികരസ്ഥലവരങ്ങളു, മാപ-
ന്നിചിതദേശവു മിടയ്ക്കിടയ്ക്കധി-
പഥമുണ്ടാകുമെന്നനുമിക്കാം നമു-
ക്കു; ധികവുമേവം ഭയപ്പതില്ലയോ?

പാലക്കാട്.

നിവരുമെന്നന്ത്യത്തിനു കൊതിപ്പവർ;
ധ്രുവ,മതിനാൽ നാം മുകളിലേറണം;
അലക്ഷ്യമാം, ജലമുയർന്ന,നന്തമാം-
ജലധിവീഥിയിലെഴുമദ്ദേശത്തിൽ
അണയണം നമ്മൾ ഭരിതധൈര്യരായ്,
ചുണയോടെ ശ്രമിക്കുകിലതു സാദ്ധ്യം!!
അതിനാൽ, മാനുഷ, വൃഥാ ഭവാൻ കഴി-
ഞ്ഞതിലെഴും സുഖം സ്മരിച്ചിരിക്കാതെ,
ധൃതിയോടേ ശ്രമിച്ചിടുക, വേണ്ടുമു-
ന്നതി ലഭിക്കുമേ! വിവാദമില്ലിതിൽ

—കെ. എസ്. പരമേശ്വരൻ പിള്ള.

## കിച്ച്നർ പ്രഭു.

### III

### കാർട്ടൂം കാര്യം.

൧൮൯൮-ൽ കിച്ച്നറെ കാർട്ടൂമിലെ സർദാറായി നിയമിച്ചു. അവിടെ ഉണ്ടായിരുന്ന അക്രമികളേയും ലഹളക്കാരേയും ഒതുക്കുന്നതിനായി തൽക്ഷണം തന്നെ അദ്ദേഹം അങ്ങോട്ടു പോവുകയും അവിടത്തെ നാട്ടുപട്ടാളത്തെ യഥാക്രമം ആയോധനവിദ്യ പരിശീലിപ്പിക്കുകയും, യുദ്ധമുണ്ടാകുന്നപക്ഷം ഭക്ഷണസാധനങ്ങളും മറ്റും കൊണ്ടുപോകാനായി മരുഭൂമിയായ തെക്കൻപ്രദേശങ്ങളിലേയ്ക്കു ഒരു ചെറിയതരം തീവണ്ടിപ്പാത തീർപ്പിക്കുകയും ചെയ്തു.

ഇതിന്റെ ശേഷം കിച്ച്നർ നയിൽനദീതീരം വഴിയായി തെക്കോട്ടുകിടക്കുന്ന ഡൊറക്കാല, ബർബർ തേലായ സ്ഥലങ്ങൾ കൈവശപ്പെടുത്തുകയും കാർട്ടൂം കൈവശപ്പെടുത്തുന്നതിനു വേണ്ടുന്ന ഒരുക്കങ്ങൾ തുടങ്ങുകയും ചെയ്തു. ഇത് ഏറ്റവും ദുഷ്കരമായ ഒരു കാര്യമായിരുന്നു. കിച്ച്നരുടെ പാളയത്തിൽനിന്നു കാർട്ടൂമിലേയ്ക്കും നദീതീരത്തു കാലിഫായുടെ പാളയം സ്ഥാപിച്ചിരുന്ന ഉംഡർമാൻ എന്ന സ്ഥലത്തെയ്ക്കും ഏകദേശം ഇരുനൂറു നാഴികയോളം ദൂരമുണ്ടായിരുന്നു. എങ്കിലും ആ മാർഗ്ഗദൈർഘ്യവും പ്രയാസങ്ങളുമൊന്നും വകവെയ്ക്കാതെ കിച്ച്നർ തന്റെ സൈന്യങ്ങളെ പുതിയ തീവണ്ടിപ്പാതവഴിക്ക് അങ്ങോട്ടു കൊണ്ടുപോവുകയും, ൧൮൯൮ ഏപ്രിൽമാസം ൨൦-ാംനു ശത്രുക്കളുമായി എതിരിട്ടു യുദ്ധമാരംഭിക്കുകയും, ശത്രുസൈ

നികന്മാരിൽ ഏകദേശം മൂവായിരംപേരെ കൊന്നൊടുക്കുകയും അവിടെ പൂൎണ്ണമായ ജയം നേടുകയും ചെയ്തു. എങ്കിലും ഈ ജയം കൊണ്ടു കിച്ചനരുടെ പ്രധാനോദ്ദേശം സാധിക്ക കഴിഞ്ഞില്ല. അതിനാൽ കാലിഫാ നദീതീരത്തു മഹദി സ്ഥാപിച്ചിരുന്നതായ ഊംഡർമാൻ എന്നസ്ഥലം കൂടി പിടിച്ചടക്കാനായി കിച്ചനർ തന്റെ സൈന്യങ്ങളെ അങ്ങോട്ടു നയിച്ചു. അതിനായി തീവണ്ടിപ്പാത കുറച്ചു കൂടി നീട്ടേണ്ടതായി വന്നു. ശത്രുസൈനികന്മാരുടെ സംഖ്യ ഏകദേശം അൻപത്തീരായിരത്തോളം വരുമെന്നു കിച്ചനൎക്കു മുൻകൂട്ടി അറിവു കിട്ടി. അദ്ദേഹത്തിന്റെ കീഴിലുള്ള സൈനികന്മാർ ഏകദേശം ഇരുപത്തീരായിരത്തോളം മാത്രമേ ഉണ്ടായിരുന്നുള്ളു. എങ്കിലും, അവരുടെ യുദ്ധസാമൎത്ഥ്യത്തിലും സാധനസാമഗ്രികളിലും തനിക്കു നല്ല വിശ്വാസമുണ്ടായിരുന്നതിനാൽ കിച്ചനർ ഒട്ടും അധൈൎയ്യപ്പെടാതെ ഉത്സാഹത്തോടുകൂടിത്തന്നെ ഊംഡർമാൻ എന്ന സ്ഥലത്തെ നിരോധിക്കുന്നതിന്നു പടയാളികൾക്കു ആജ്ഞ കൊടുത്തു. ൧൮൯൮ സെപ്റ്റംബർ ൨൨-ാനു- ഇരുകക്ഷിസൈന്യങ്ങളും തമ്മിൽ നേരിട്ടു. ആ ഭയങ്കരസമരത്തിൽ ഒടുക്കം കിച്ചനരുടെ സൈന്യങ്ങൾ തന്നെ ജയിക്കുകയും ഊംഡർമാൻ, കാർട്ടും എന്നീ രണ്ടു സ്ഥലങ്ങളും കൈവശപ്പെടുത്തുകയും ചെയ്തു. കിച്ചനർ കാർട്ടുമിൽ കടന്ന്, അവിടെവെച്ചു മുൻപു ജനറൽ ഗോർഡനെ കുന്തംകൊണ്ടു കുത്തിക്കൊന്ന ദുഷ്ടനായ മഹദിയുടെ ശവകുടീരം എവിടെയാണെന്ന് അന്വേഷിച്ചു. ആ അക്രമിയുടെ ശവം ഭദ്രമായി സ്ഥാപിച്ചിരുന്ന സ്ഥലത്തു ചെന്ന് അദ്ദേഹം അതിനെ വെളിയിലെടുത്തു നാലായി ഖണ്ഡിച്ചു നീലനദിയിലൊഴുക്കി. കിച്ചനർ ഇപ്രകാരം ചെയ്തതു "മഹദി" ഒരു ദിവ്യപുരുഷനായിരുന്നുവെന്നും മരണശേഷം അദ്ദേഹം ഉടലോടു കൂടി സ്വൎഗ്ഗത്തെ പ്രാപിക്കുകയാണ് ചെയ്തതെന്നും മററും ആ നാട്ടുകാൎക്കുണ്ടായിരുന്ന അന്ധവിശ്വാസം അബദ്ധമാണെന്നു കാണിക്കാൻ മാത്രമായിട്ടാണ്. എങ്കിലും ഇതിനെപ്പററി ജനങ്ങളുടെ ഇടയിൽ അഭിപ്രായവ്യത്യാസമുണ്ടാകാതെയിരുന്നില്ല. "ഒരു കൂട്ടർ പരിശുദ്ധമെന്നു ഗണിക്കുന്നതിനെ മറെറാരുകൂട്ടർ നിന്ദ്യമെന്നാക്കിത്തീൎക്കുന്നതു നീതിയും വിഹിതവുമല്ല" എന്നും മററുമായിരുന്നു ചിലരുടെ വാദം. കിച്ചനരുടെ ഈ പ്രവൃത്തിയെ ആക്ഷേപിച്ചു ബ്രിട്ടീഷ് കോമൺസ്സഭയിൽ പല പ്രസംഗങ്ങളുണ്ടാവുകയും ചെയ്തു. എങ്കിലും ഇംഗ്ലീഷുകാൎക്കു ഒരുകാലത്തു നിരാശതയ്ക്കും അഭിമാനക്ഷയത്തിനും വിഷയീഭൂതമായ കാർട്ടുമിലെ കാൎയ്യങ്ങളെല്ലാം കിച്ചനർ ഇപ്രകാരം ശരിപ്പെടുത്തിയതു നിമിത്തം ഇംഗ്ലണ്ടിൽ എല്ലാവൎക്കും അദ്ദേഹത്തിന്റെ പേരിൽ വളരെ സന്തോഷവും ബഹുമാനവുമുണ്ടായിയെന്നുള്ളതു പറയണമെന്നില്ലല്ലോ. ബ്രിട്ടീഷുഗവൎമ്മേൻറ് അദ്ദേഹത്തിനു 'ബാറൺ' എന്ന സ്ഥാനവും, പാരിതോഷികമായി മുപ്പതിനായിരം പവനും, രത്നഖചിതമായ ഒരു വാളും കൊടുത്തതു കൂടാതെ, ബഹുമാനസൂചകമായി അദ്ദേഹത്തിന്റെ നാമധേയത്തെ "കാർട്ടുമിലെ കിച്ചനർ പ്രഭു" എന്നാക്കുകയും ചെയ്തു. അന്നുമുതൽ നമ്മുടെ ചരിത്രനായകന്റെ പേർ ചുരുക്കത്തിനായി കെ. കെ. (കാർട്ടുമി

ലെ കിച്ചനർ) എന്നാണ് എല്ലാവരും പറഞ്ഞുവന്നിരുന്നത്. കെ. കെ. എന്നു പറഞ്ഞാൽ ഇന്നാരാണെന്ന് എല്ലാവൎക്കും മനസ്സിലാവുകയും ചെയ്യുമായിരുന്നു. വൎത്തമാനപത്രങ്ങളെല്ലാം ഇദ്ദേഹത്തെ അക്കാലംമുതൽ കെ. കെ. എന്നു തന്നെയാണ് പറഞ്ഞു വന്നിരുന്നത്.

കാർട്ടും പിടിക്കാനായി നടത്തിയ യുദ്ധത്തിൽ ശത്രുസൈന്യത്തിൽനിന്നു ൫൦൦൦ പേർ കൊല്ലപ്പെടുകയും അതിൽ ഇരട്ടിയിലധികമാളുകൾക്കു മുറിവേൽക്കുകയും ചെയ്തു. എന്നാൽ ഇംഗ്ലീഷുസൈന്യത്തിൽ ൩൮൯ പേൎക്കു മാത്രമേ ജീവഹാനി സംഭവിച്ചുള്ളു. ഈ യുദ്ധത്തിൽ കിച്ചനൎക്കു ലഭിച്ച പ്രധാന സാധനം കാലിഫിൻെറ കറുത്ത കൊടിയായിരുന്നു. അത് ഇപ്പോഴും ഇംഗ്ലണ്ടിൽ വിൻഡ്സർ കൊട്ടാരത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

കാർട്ടും പിടിച്ചതിൻെറ ശേഷം തങ്ങൾക്കുണ്ടായ ജയം പ്രമാണിച്ചു കിച്ചനർ തലായവർ ചേൎന്ന് അവിടെ വെച്ച് ഒരു ഈശ്വരസ്തോത്രം നടത്തി. അതു, ജനറൽ ഗോർഡൻെറ വാസസ്ഥലം മഹദി മുതലായവർ നശിപ്പിച്ചിരുന്നതിനാൽ അതിൻെറ നഷ്ടശിഷ്ടങ്ങളുടെ ഇടയിൽവെച്ചായിരുന്നു. ഈ സ്തോത്രം ചെയ്തുകഴിഞ്ഞതിൻെറ ശേഷം ജനറൽ ഗോർഡനെ കൊന്ന സ്ഥലത്തുതന്നെ ബ്രിട്ടീഷുകൊടി ഉയൎത്തുകയും ചെയ്തു.

കിച്ചനരുടെ പതിനാലു വൎഷത്തെ ശ്രമത്തിൻെറ ഫലമായിട്ടാണ് കാർട്ടും കൈവശപ്പെട്ടത്. ഈ യുദ്ധംവകയ്ക്കു ആകെയുള്ള ചെലവു ൨,൩൮൭,൦൦൦ ഈജിപ്ഷ്യൻ പവനായിരുന്നു. അതിൽ ൫,൩൮൭,൦൦൦ ഈജിപ്ഷ്യൻ പവനും തീവണ്ടിപ്പാതവകയ്ക്കാണ് ചെലവായത്. ആ തീവണ്ടിപ്പാത ഇപ്പോഴും ഉപയോഗയോഗ്യമായിത്തന്നെ ഇരിക്കുന്നുമുണ്ട്. ആകെയുള്ള യുദ്ധച്ചെലവിൽ ൮൦൦,൨൦൦ ഈജിപ്ഷ്യൻ പവൻ ബ്രിട്ടീഷഗവൎമ്മേൻറിൽനിന്ന് ഈജിപ്തുഗവൎമ്മേൻറിലേയ്ക്കു വകവെച്ചു കൊടുക്കുകയും ചെയ്തു.

കാർട്ടുമിലെ യുദ്ധവും മററും നടന്ന കാലത്തു ബ്രിട്ടീഷുമഹാരാജ്യം വാണിരുന്നതു, പരേതയായ വിക്ടോറിയാമഹാരാജ്ഞിയാണ്. മഹാരാജ്ഞിക്കു കിച്ചനർപ്രഭുവിൻെറ പേരിൽ വളരെ വാത്സല്യമുണ്ടായിരുന്നു. എന്നുമാത്രമല്ല, കിച്ചനർ മഹാരാജ്ഞിയുടെ അംഗരക്ഷകസൈന്യത്തിലെ ഒരുദ്യോഗസ്ഥനുമായിരുന്നു.

ബ്രിട്ടീഷുഗവൎമ്മേൻറിൽനിന്നു പാരിതോഷികമായി കിച്ചനർ പ്രഭുവിനു മുപ്പതിനായിരം പവൻ കൊടുത്തത് അദ്ദേഹത്തിൻെറ പ്രഭുസ്ഥാനത്തിന് അനുരൂപമായ അന്തസ്സിനെ പാലിച്ചുകൊണ്ടുപോകുന്നമല്ലോ എന്നു വിചാരിച്ചായിരുന്നു. എന്നാൽ പ്രഭു ആ ധനത്തെ വിനിയോഗിച്ചതു പരജനോപകാരാൎത്ഥമായിട്ടാണ്. നയിൽനദിയിൽ കാർട്ടുമിനു വളരെ തെക്കായി ചില സ്ഥലങ്ങളിൽ ഒരുതരം നീർച്ചെടികൾ വളൎന്നു നിബിഡമായി നിന്നിരുന്നതിനാൽ ജലപ്രവാഹത്തിനു പ്രതിബന്ധം നേരിട്ടിരുന്നു. അതിനാൽ സുഡാനിലും ഈജിപ്തിൻെറ മിക്ക ഭാഗങ്ങളിലും വെള്ളം കിട്ടായ്കയാൽ കൃഷി നടത്താൻ നിവൃത്തിയില്ലാതെയായിത്തീൎന്നു. കിച്ചനർപ്രഭു തനിക്കു പാരിതോഷികമായിക്കിട്ടിയ ധനത്തിൽനിന്ന് ഒരു വലിയ

സംഖ്യ ചെലവുചെയ്ത് ആ നീർച്ചെടികളെല്ലാം വെട്ടിപ്പറിപ്പിച്ചുകളഞ്ഞു വെള്ളം നദിയിൽ നിർബ്ബാധമായി ഒഴുകാറാക്കി. തന്നിമിത്തം മേൽപ്പറഞ്ഞ സ്ഥലങ്ങൾ അചിരേണ അത്യന്തം ഫലവത്തുക്കായിത്തീൎന്നു.

ഇതുകൂടാതെ, കിച്ചനർപ്രഭു ജനറൽ ഗോർഡൻെറ സ്മാരകമായി കാർട്ടുമിൽ ഒരു വലിയ സാങ്കേതികവിദ്യാശാലയും സ്ഥാപിച്ചു. അതിനാൽ സൂഡാൻനാട്ടുകാരായ ബാലന്മാൎക്ക് വിദ്യാലയങ്ങളിലുള്ള മാൎഗ്ഗം തുറന്നുകൊടുത്തതു കിച്ചനർപ്രഭുവാണെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ഏററവും മഹാത്മാവും പരാക്രമശാലിയുമായിരുന്ന ഗോർഡൻെറ സ്മാരകസ്ഥാപനം ഇംഗ്ലീഷുകാൎക്ക് പൊതുവേ സന്തോഷകരമായിരുന്നതിനാൽ, പ്രസ്തുത വിദ്യാശാലയുടെ പണിവകകളും നടത്തിപ്പിനും ആവശ്യകങ്ങളായ അനേകം സാധനങ്ങൾ ഇംഗ്ലണ്ടിലുള്ള ഓരോ കമ്പനിക്കാരും മാന്യന്മാരും മററും ദാനമായി കിച്ചനർപ്രഭുവിനെ ഏല്പിച്ചുകൊടുക്കുകയുമുണ്ടായിട്ടുണ്ട്.

## തെക്കേ ആഫ്രിക്കാ.

പ്രസിദ്ധപ്പെട്ട ട്രാൻസ്വാൾയുദ്ധം ആരംഭിച്ച കാലത്തു കിച്ചനർപ്രഭു ഈജിപ്റ്റിലായിരുന്നു. കൊളൻസൊ, മാഗെഴ്സുഫൊണ്ടെയിൻ, സ്റ്റൊൎമ്പൎഗ്ഗ് മുതലായ സ്ഥലങ്ങളിൽ ഇംഗ്ലീഷുഭാഗത്തേയ്ക്കു പററിയ പരാജയങ്ങളെപ്പററി കിച്ചനർപ്രഭു ഈജിപ്റ്റിൽ വെച്ചാണ് കേട്ടത്. ഈ അപജയങ്ങൾ നിമിത്തം ബ്രിട്ടീഷുഗവൎമ്മേൻറിൽനിന്നു പ്രസിദ്ധയോദ്ധാവായിരുന്ന റൊബർട്ട്സുപ്രഭുവിനെ തെക്കേ ആഫ്രിക്കായിലെ യുദ്ധത്തിൻെറ സൎവ്വസൈന്യാധിപതിയായും കിച്ചനർപ്രഭുവിനെ അദ്ദേഹത്തിൻെറ പ്രധാന സഹായിയായും ൧൮൯൯ ഡിസംബർമാസം ൧൮-ാംനു- നിയമിച്ചയച്ചു. കിച്ചനർപ്രഭു ഈജിപ്റ്റിൻെറ തലസ്ഥാനമായ കയറോപട്ടണത്തിൽനിന്നു ജിബ്രാൾട്ടറിൽ വന്നാണ് റോബർട്ട്സുപ്രഭുവിൻെറ കൂടെക്കൂടിയതു്. റോബർട്ട്സുപ്രഭുവിൻെറ കീഴിൽ കിച്ചനർപ്രഭുവിൻെറ പ്രധാനജോലി, യുദ്ധത്തിനു വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ഇതു കിച്ചനർപ്രഭു വളരെ ബുദ്ധിയിരുത്തിയാണ് ചെയ്തുകൊണ്ടിരുന്നത്. അതിനാൽ തെക്കേ ആഫ്രിക്കായിൽ ഇംഗ്ലീഷുസൈന്യങ്ങൾ തെയ്യാറായി മുൻപോട്ടു ഗമിച്ചുതുടങ്ങിയപ്പോൾ ഏകദേശം പന്തീരായിരം കഴുതകളും കാളകളും എഴുനൂറുവണ്ടി നിറച്ചു സാമാനങ്ങളും ആ സൈന്യങ്ങളുടെ പിൻപേ ഉണ്ടായിരുന്നു. ഇവിടെവെച്ചു ട്രാൻസ്വാൾസേനാനായകന്മാരിലൊരാളായ ജനറൽ ക്രോഞ്ചിയെ വളഞ്ഞു പിടികൂടുന്നതിനു പ്രധാനപ്രവൎത്തകൻ കിച്ചനർപ്രഭുവായിരുന്നു. അദ്ദേഹം സാമാനവണ്ടികളെയും മററും നോക്കാതെ എല്ലാം വിട്ടുംവെച്ച് ഏതാനും സൈനികന്മാരോടുകൂടി ക്രോഞ്ചിയുടെ പിന്നാലെ പാഞ്ഞുചെന്നാണ് അയാളെ പിടികൂടിയത്. ഇങ്ങനെ ഒന്നുരണ്ടു ജയങ്ങളുണ്ടായതിനോടു കൂടി, അവിടത്തെ ലഹള ഒരുവിധം ശമിച്ചതിനാലും, കോളെൻസോയിൽവെച്ച് ഒരു വലിയ തോക്കു ശത്രുക്കൾക്കു കൊടുക്കാതിരിക്കാനായി ശ്രമിച്ച അവസരത്തിൽ തൻെറ ഏകപുത്രനു ജീവഹാനി സംഭവിച്ചതിനാലുണ്ടായ ദുസ്സഹദുഃഖത്താലും റോ

ബർട്ടുസുപ്രഭു തെക്കേ ആഫ്രിക്കായിലെ സർവ്വസൈന്യാധിപത്യം ൧൯൦൦-ാമാണ്ടു ഡിസംബർമാസത്തിൽ കിച്ചനർപ്രഭുവിനെ ഏല്പിച്ചിട്ടു മടങ്ങിപ്പോന്നു. റോബർട്ടുസുപ്രഭു തിരിച്ചു പോയതിനാൽ യുദ്ധം ഒരുവിധം കലാശിച്ചു എന്നു പലരും അനുമാനിച്ചു. എന്നാൽ, പ്രത്യുത, യുദ്ധം പിന്നെയും പൂർവ്വാധികം ഘോരതരമായിത്തീരുകയാണ് ചെയ്തത്. പല സ്ഥലങ്ങളിൽ കലാപങ്ങളും ലഹളകളും കലശലായിട്ടുണ്ടായി. കെയിപ്പുകോളനി എന്ന രാജ്യവിഭാഗത്തിൽ ചില സ്ഥലങ്ങൾ ബോവറന്മാർ കൈവശപ്പെടുത്തി. ഡിവെററ് എന്ന ബോവർനായകൻെറ ആധിപത്യത്തിൽ ഓറഞ്ചുറിവർകോളനി മുതലായ സ്ഥലങ്ങളിൽ പല ലഹളക്കാർ ഉണ്ടായിത്തീർന്നു. എകദേശം അറുപതിനായിരത്തോളം ബോവറന്മാർ മത്സരിച്ചു ലഹളക്കാരുടെ കൂട്ടത്തിൽക്കൂടി. അതിനാൽ ഒട്ടുവളരെ സ്ഥലങ്ങളിൽ ലഹളകൾ ശമിപ്പിച്ചു കാര്യാദികളെല്ലാം ശരിപ്പെടുത്തേണ്ടതായി വന്നു. ഇത്രവളരെ സ്ഥലങ്ങൾ ഒരേസമയത്തു നോക്കി രക്ഷിക്കേണ്ടുന്ന ഭാരം ഇംഗ്ലീഷുസൈന്യങ്ങൾക്ക് അതിനു മുൻപ് ഒരിക്കലുമുണ്ടായിട്ടില്ല. കിച്ചനർപ്രഭുവിൻെറ കീഴിൽ ൨൧൦,൦൦൦ പടയാളികളാണുണ്ടായിരുന്നത്. അവരിൽ പകുതിയോളമാളുകളെ തീവണ്ടിസ്റ്റേഷൻ, പബ്ലിക്കാപ്പീസുകൾ മുതലായവ സൂക്ഷിക്കുന്നതിനായി നിയോഗിക്കേണ്ടി വന്നു. എങ്കിലും, കിച്ചനർപ്രഭു ഒട്ടും അധൈര്യപ്പെടാതെ തനിക്കു സ്വതസ്സിദ്ധമായുള്ള സാമർത്ഥ്യത്തോടുകൂടി ശത്രുക്കളോടു നേരിട്ടു. ൧൯൦൧ മെമാസം മുതൽ സെപ്ടമ്പർമാസം വരെക്കൊണ്ട്, എകദേശം ൯൦൦൦ ബോവറന്മാരെ കൊന്നൊടുക്കി. പിന്നെയും മുപ്പത്തയ്യായിരത്തോളം ബോവറന്മാരുണ്ടായിരുന്നു. ട്രാൻസ്വാളിൽ കുതിരപ്പട്ടാളങ്ങളെക്കൊണ്ടാണ് അധികമുപയോഗമുണ്ടായിരുന്നത്. അതിനാൽ കിച്ചനർപ്രഭു ബ്രിട്ടീഷുകോയ്മയുടെ കീഴിലുള്ള പല രാജ്യങ്ങളിലേയ്ക്കും അപേക്ഷകൾ അയയ്ക്കുകയും അവരിൽ പലരും വളരെ കുതിരകളെയും കുതിരപ്പട്ടാളങ്ങളേയും അവിടേയ്ക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ആ പട്ടാളങ്ങളെ പ്രഭു വേണ്ടതുപോലെ വിനിയോഗിക്കുകയാൽ ബോവറന്മാർ ഗത്യന്തരമില്ലെന്നു കണ്ടു സമാധാനത്തിനായി സമ്മതിച്ചു. ൧൯൦൨ ഏപ്രിൽ ൧൨-ാംനു രണ്ടു കൂട്ടരും കിച്ചനർപ്രഭു താമസിച്ചിരുന്ന സ്ഥലത്തു കൂടുകയും അവിടെ വെച്ച് ഒരാലോചന നടത്തുകയും താമസിയാതെ രണ്ടു കൂട്ടരും പെറീനിഗിങ്ങ് എന്ന സ്ഥലത്തു കൂടി പരസ്യമായി ഒരാലോചന നടത്തണമെന്നും അവിടെവെച്ചു സന്ധിയുടമ്പടി എഴുതി ഒപ്പിട്ടു വെയ്ക്കണമെന്നും തീർച്ചപ്പെടുത്തുകയും ചെയ്തു. അതനുസരിച്ചു മെ മാസം ൧൫-ാംനു പെറീനിഗിങ്ങ് എന്ന സ്ഥലത്ത് ഇരുകക്ഷികളും കൂടി. ബോവറന്മാരുടെ പ്രതിനിധികളായി നാംപേർ ഹാജരായിരുന്നു. ബ്രിട്ടീഷുകാരുടെ പ്രതിനിധികളിൽ പ്രധാനന്മാർ കിച്ചനർപ്രഭുവും തെക്കേ ആഫ്രിക്കായിലുള്ള ബ്രിട്ടീഷുസംസ്ഥാനങ്ങളുടെ ഭരണാധികാരിയായിരുന്ന മിൽനർപ്രഭുവുമായിരുന്നു. ബ്രിട്ടീഷുപാർലിമേൻറിൻെറ സമ്മതപ്രകാരമുണ്ടാക്കിയയച്ചിരുന്ന സന്ധിക്കരാറിൽ ൧൯൦൨ മെമാസം ൩൧-ാംനു ബോവറന്മാരുടെ പ്രതിനിധികൾ ഒപ്പിട്ടു.

എന്നാൽ ബോവറന്മാരുടെ പ്രതിനിധികളായി വന്നിരുന്ന ൰ പേരിൽ ൭ പേർ മാത്രമേ ആ ഉടമ്പടിയിൽ ഒപ്പു വെച്ചുള്ളൂ. ബോവറന്മാർ പൂർണ്ണസമ്മതത്തോടുകൂടി സന്ധിയുടമ്പടിയിൽ ഒപ്പുവെച്ചിരിക്കുന്നു എന്നുള്ള വർത്തമാനം കിച്ചനർപ്രഭു ൧൯൦൨ ജൂൺമാസം ൧-ാംനു ഞായറാഴ്ച കമ്പിമാർഗ്ഗം ഇംഗ്ലണ്ടിലേയ്ക്കറിയിച്ചു. അക്കാലത്തു ചക്രവർത്തിയായിരുന്ന എഡ്വേർഡ് സപ്തമൻ ഈ വർത്തമാനം കേട്ടു സന്തോഷിച്ചു നാലുദിവസം കഴിഞ്ഞപ്പോൾ കിച്ചനർപ്രഭുവിനെ വൈക്കൌണ്ടായി സ്ഥാനാരോഹണം ചെയ്യിക്കുകയും പാർലിമെന്റിൽനിന്നു പ്രഭുവിനു ൫൦,൦൦൦ പവൻ പാരിതോഷികമായി കൊടുക്കുകയും ചെയ്തു.

കോട്ടയം. —കെ. എം. മാത്തുള്ളമാപ്പിള.

## കുരങ്ങ്.

### തുള്ളൽപ്പാട്ട്.

നോക്കണമരയിൽച്ചങ്ങല കെട്ടി-
ക്കാക്കാലൻതൻ കൈവശമങ്ങനെ
ചോക്കൻ പോവതു, നമ്മുടെ നേരേ
വക്കാണിക്കാൻ വരുമോ ധൂർത്തൻ?
ഇട്ടോരിലപ്പൊതി കയ്യിലെടുത്തു
പൊട്ടി,ച്ചു വന്നു നമ്മുടെ നേരേ
ധൃഷ്ടനെറിഞ്ഞതു കണ്ടോ, നമ്മേ-
ക്കൂട്ടാക്കുന്നവനല്ലിവനൊട്ടും.
കണ്ണും കാതും നെററിയുമംഗുല
ഗണ്ഡം പല്ലുമിതൊക്കെക്കണ്ടാൽ
ജന്തുവിതിന്നു മനുഷ്യനൊടേതോ
ബന്ധുതയേതാണ്ടുണ്ട,തു സൂക്ഷ്മം.
മർക്കടമെന്നും വാനരമെന്നും
സംസ്കൃതഭാഷയിലിവനേച്ചൊല്ലി-
ക്കേൾക്കാറുണ്ടു, കുരങ്ങച്ചാരീ-
ട്ടിക്കിലശേഷം വിശ്രുതനല്ലോ.
പണ്ടിവരുടെയൊരുപെരുമാൾ ബലവാൻ
രണ്ടുമിനിററിനു വാരിധി ചാടി
കണ്ടു പിടിച്ചു സിലോണിൽക്കാട്ടിൽ-
ക്കൊണ്ടു മറച്ചോരു രാജ്ഞീമണിയെ.
ചുട്ടാനപ്പുര,മെന്നും ചൊല്ലി-
ക്കേട്ടിട്ടുണ്ട,തു വാസ്തവമാവാം.
പാറകൾ മലയും കൊണ്ടന്നന്നഥ
വാരിധിയിൽച്ചിറകെട്ടീ കപികൾ.
ഓരോന്നോർത്താൽ നമ്മുടെ പൂർവ്വ-
ന്മാരിവരി,ത്തിരി വാസ്തവമത്രേ.

ഇലവന്തിട്ട. —മൂലൂർ. എസ്. പത്മനാഭപണിക്കർ.

## മഹാകവി കാളിദാസൻ

## III

മുമ്പു പറഞ്ഞ പത്തുവിധം കാലനിണ്ണയസാമഗ്രികളെ ഇനി ക്രമത്തിൽ നിരൂപണം ചെയ്യാം. അവയിൽ ഒന്നാമതു പറഞ്ഞ പക്ഷം കാളിദാസൻെറ കാലം ഏഴാം നൂററാണ്ടിലാണെന്നാണല്ലോ. ഈ അഭിപ്രായത്തെ സമത്ഥിക്കുവാൻ പറയത്തക്ക ലക്ഷ്യങ്ങളൊന്നും കാണുന്നില്ലെന്ന് ആദ്യംതന്നെ പറഞ്ഞിട്ടുള്ളത് ഇവിടെ ഒന്നുകൂടി ആവത്തിക്കുകയേ ചെയ്യേണ്ടതുള്ളൂ.

(൨). ഈ പക്ഷത്തിൽ ഗാഢമായി ആലോചിക്കേണ്ടതുണ്ട്. ഈ പക്ഷക്കാർ പറയുന്നത്,

> "ധന്വന്തരിക്ഷപണകാമരസിംഹശങ്കു-
> വേതാളഭട്ടഘടഖപ്പ്ര്കാളിദാസാഃ
> ഖ്യാതോ വരാഹമിഹിരോ നൃപതേസ്സഭായാം
> രത്നാനി വൈ വരരുചിന്നവ വിക്രമസ്യ."

എന്ന ശ്ലോകത്തേയും അതിനെ അനുസരിച്ചു പറഞ്ഞു വരാറുള്ള കഥകളേയും അടിസ്ഥാനപ്പെടുത്തിയാൽ വിക്രമമഹാരാജാവിൻെറ സഭയിൽ ധന്വന്തരി മുതലായി ഒമ്പതു കവിരത്നങ്ങൾ ഉണ്ടായിരുന്നതായിക്കാണാമെന്നും അവരെല്ലാവരും ഏകകാലത്തിൽ ജീവിച്ചിരുന്നവരാണെന്നു വിചാരിക്കുവാൻ ന്യായമുണ്ടെന്നും അവരിൽ ഒരാളായ വരാഹമിഹിരൻ ക്രിസ്ത്വബ്ദം ആറാം നൂററാണ്ടിൽ ആണ് മരിച്ചിരുന്നതെന്നു തീച്ചപ്പെടുത്തിയിരിക്കയാൽ കാളിദാസരുടേയും കാലം അതുതന്നെ എന്നു നിണ്ണയിക്കാമെന്നുമാണല്ലോ.

ഇതിനെ ചിലർ ഇങ്ങിനെ വിസംവദിക്കുന്നു:— "ഇപ്പറഞ്ഞ നവരത്നങ്ങൾ ഒക്കെയും സമകാലികരാണെന്നു തോന്നുന്നില്ല. ഇതിൽ പറഞ്ഞപ്രകാരം ഘടഖപ്പ്രൻ എന്നൊരു കവി ഉണ്ടായിരുന്നുവോ എന്നുതന്നെ തീച്ചപ്പെട്ടിട്ടില്ല. 'ഘടഖപ്പ്രം' എന്ന പേരിൽ കാണുന്ന കാവ്യം മറേറതോ ഒരു കവി ഉണ്ടാക്കിയതായിരിക്കാനാണിടയുള്ളത്. മറെറാരാളായ അമരസിംഹന്ന് അമരദേവൻ എന്നുകൂടി പേരുണ്ട്. അദ്ദേഹം അഞ്ചാം നൂററാണ്ടിൻെറയും ഏഴാം നൂററാണ്ടിൻെറയും മദ്ധ്യത്തിൽ ആണ് ജീവിച്ചിരുന്നതെന്നു തോന്നുന്നു. ഏഴാം നൂററാണ്ടിൽ (എ. ഡി. ൬൱൩൰) ചീനരാജ്യത്തുനിന്ന് ഇന്ത്യയിൽ ദേശസഞ്ചാരത്തിനായി വന്ന ഹൂയൻസ്യാംഗ് എന്ന ബൌദ്ധസഞ്ചാരി, ബുദ്ധഗയയിൽ അമരദേവൻ നിമ്മിച്ചതായ ഒരു ക്ഷേത്രം കാണുകയുണ്ടായിട്ടുണ്ട്. പക്ഷേ, അഞ്ചാം നൂററാണ്ടാരംഭത്തിൽ (എ. ഡി. ൪൱൪) ഇതുപോലെ സഞ്ചാരത്തിനു വന്നിരുന്ന "ഫാഹിയാൻ" എന്ന വിദ്വാൻ അതു കാണുകയുണ്ടായിട്ടില്ല. അതുകൊണ്ട്, ഈ

---

* പകപ്പവകാശം ഉപന്യാസകത്താവിന്നുള്ളതാകുന്നു.

ക്ഷേത്രം പണിയിച്ച അമരദേവൻ രുദ്രന്റെയും നൃപ—ന്റെയും മദ്ധ്യത്തിൽ ജീവിച്ചിരുന്നിരുന്ന ആളായിരിക്കുന്നമെന്നൂഹിക്കാം. വിക്രമരാജാവിന്റെ സഭയിലെ സഭ്യനും നവരത്നങ്ങളിൽ ഒരാളുമായ അമരസിംഹൻ തന്നെയാണ് ഈ ക്ഷേത്രം പണിയിച്ചതെന്നാണ് പറയുന്നത്. നവരത്നങ്ങളിൽ പെട്ട മറ്റൊരാളായ വരാഹമിഹിരൻ എ. ഡി. ൫൮൭-ാമാണ്ടിൽ ആണ് മരിച്ചിട്ടുള്ളത്. ക്ഷപണകൻ മുതൽപേർ കവികളായിരുന്നുവോ എന്നുള്ള സംഗതിതന്നെ ഇന്നും വാദത്തിലിരിക്കുന്നതേയുള്ളൂ. ഇങ്ങിനെ പല അയുക്തികളാൽ നവരത്നങ്ങൾ യഥാർത്ഥത്തിൽ ഉണ്ടായിരുന്നുവോ എന്നും, ഉണ്ടായിരുന്നുവെങ്കിൽതന്നെ അവർ ഏകകാലികരായിരുന്നുവോ എന്നും തീൎച്ചപ്പെടാത്തതുകൊണ്ട്, അവർ വിക്രമരാജാവിന്റെ സഭ്യരായിരുന്നു എന്നു പറയുന്നതിന്നു പ്രാമാണ്യമില്ല. അതുകൊണ്ടു, കാളിദാസൻ വരാഹമിഹിരന്റെ സമകാലികനാണെന്നുള്ള വാദം ശരിയാണെന്നു തോന്നുന്നില്ല.”

ഈ ഘട്ടത്തിൽ വേറെ ചിലർ വേറെ ഒരു മാതിരിയിൽ സിദ്ധാന്തിക്കുന്നു. എങ്ങിനെയെന്നാൽ:— “കാളിദാസരുടെ കാലം ൬-ാം നൂറ്റാണ്ടിലാണെന്നു സമ്മതിക്കുവാൻ ഒരുക്കമില്ലെങ്കിലും, നവരത്നങ്ങളുടെ കാൎയ്യത്തിൽ അധികം ശങ്കിക്കേണ്ട ആവശ്യമില്ല. നവരത്നങ്ങളിൽ ഒരാളായി പറയപ്പെടുന്ന ഘടഖൎപ്പരനെ എന്തിനു തള്ളിക്കളയുന്നു? ഘടഖൎപ്പരകാവ്യം അദ്ദേഹമുണ്ടാക്കിയതല്ലെങ്കിൽ വേണ്ട. നീതിസാരം മുതലായി വേറേ ചില കൃതികൾ അദ്ദേഹമുണ്ടാക്കിയവയായിട്ടുണ്ട്*. ഭൎത്തൃഹരിശതകത്രയത്തിന്റെ ടിപ്പണിയിൽ ശ്രീമാൻ ഗോപീനാഥപണ്ഡിതൻ ഘടഖൎപ്പരന്റെ ചില നീതിസാരവചനങ്ങൾ എടുത്തു കാണിച്ചിട്ടുണ്ട്:—

“നിമഗ്നസ്യ പയോരാശൌ
പൎവ്വതാൽ പതിതസ്യ ച
തക്ഷകേണാപി ദഷ്ടസ്യ
ഹ്യായുൎമ്മൎമ്മാണി രക്ഷതി.”

“ത്രിവിക്രമോഭൂദപി വാമനോസൌ
സ സൂകരശ്ചേതി സ വൈ നൃസിംഹഃ
നീചൈരനീചൈരതിനീചനീചൈഃ
സൎവ്വൈരുപായൈഃ ഫലമേവ സാധ്യം.”
(ഘടകൎപ്പരന്റെ നീതിസാരം.)

ഇതുപോലെ വേതാളഭട്ടനും ആരുടേയും സൃഷ്ടിയല്ല. നീതിപ്രദീപം എന്ന ഗ്രന്ഥത്തിന്റെ പ്രണേതാവ് വേതാളഭട്ടനല്ലേ? അദ്ദേഹത്തിന്റെ പദ്യങ്ങളും ഗോപീനാഥപണ്ഡിതൻ എടുത്തു കാണിച്ചിട്ടുണ്ട്. ധന്വന്തരി മുതലായ കവികളുടെ ഗ്രന്ഥങ്ങളൊന്നും കാണുന്നില്ലെങ്കിലും, അങ്ങിനെ ചിലരുണ്ടായിട്ടേ ഇല്ലെന്നു ശഠിക്കുന്നതു ശരിയല്ല. പ്രാചീനകവികളിൽ പലരുടേയും ഗ്രന്ഥങ്ങൾ ഇന്നും കണ്ടുകിട്ടാതെ കിടപ്പുണ്ടല്ലോ. ഇന്നലെവരേയും കാണാത്ത ഗ്രന്ഥങ്ങൾ ഇന്നു കണ്ടുകിട്ടുന്നതായി ധാരാളം തെളിവുമുണ്ടല്ലോ. ആ കൂട്ടത്തിൽ ഒരു സ്ഥാനം ഇവൎക്കും കൊടുക്കുന്നതിനെന്താണ് വിരോധം? വരാഹമിഹിരൻ, ശങ്കു, അമരസിംഹൻ എന്നീ മൂന്നുപേരും വിക്രമാൎക്കരാജാവിന്റെ സഹോദരന്മാരാണ്. വിക്രമാൎക്കന്റെ അച്ഛനായ ശബരസ്വാമി എന്ന ബ്രാഹ്മണൻ നാലുജാതിയിൽനിന്നും ഓരോ വിവാഹം ചെയ്തതിൽ ബ്രാഹ്മണസ്ത്രീയിൽ വരാഹമിഹിരനും, ക്ഷത്രിയസ്ത്രീയിൽ ഭൎത്തൃഹരിയും വി

ത്രമാക്കനും, വൈശ്യസ്ത്രീയിൽ ഹരചന്ദ്രനും ശങ്കുവും, ശൂദ്രസ്ത്രീയിൽ അമരസിംഹനും എന്നിങ്ങിനെ ആറുമക്കൾ ഉണ്ടായി എന്ന് ഒരു കഥയുണ്ട്. താഴെ എഴുതുന്ന ശ്ലോകം ഇതിന്നു പ്രമാണമാണ്.

"ബ്രാഹ്മണ്യാമഭവദ്വരാഹമിഹിരോ
ജ്യോതിർവ്വിദാമഗ്രണീ
രാജാ ഭർത്തൃഹരിശ്ച വിക്രമനൃപഃ
ക്ഷത്രാത്മജായാമഭൂൽ
വൈശ്യായാം ഹരിചന്ദ്രവൈദ്യതിലകോ
ജാതശ്ച ശങ്കുഃ കൃതീ
ശൂദ്രായാമമരഃ ഷഡേവ ശബര-
സ്വാമിദ്വിജസ്യാത്മജാഃ."

ഇങ്ങിനേ ചില ലക്ഷ്യങ്ങളുള്ളതു കൊണ്ടും, ഈ വക രേഖകൾ കല്പിച്ചുകൂട്ടി എഴുതിയുണ്ടാക്കി അവാസ്തവമായി നവരത്നങ്ങളെ സൃഷ്ടിച്ചു ലോകവഞ്ചനം ചെയ്തിട്ടു പ്രാചീനക്ക് ഒരു പ്രയോജനവും ഇല്ലാത്തതുകൊണ്ടും, നവരത്നങ്ങളുടെ സത്ഭാവത്തെസ്സംബന്ധിച്ചേടത്തോളം ഉള്ള സംഗതി വിശ്വസിക്കേണ്ടി വരുന്നു."

ഇവിടെ ഒരു ശങ്ക: ശരി; നവരത്നങ്ങളുടെ കഥയെ വിശ്വസിക്കാം. എന്നാൽ, ഈപ്പറഞ്ഞ നവരത്നങ്ങളൊക്കയും സമകാലികരാവണമല്ലോ. അവരിൽ ഒരാളായ വരാഹമിഹിരൻ ൬-ാം നൂറ്റാണ്ടിൽ ആണ് ജീവിച്ചിരുന്നതെന്നു തീർച്ചപ്പെട്ടുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടു കാളിദാസരും ആ കാലത്തുതന്നെയാണ് ജീവിച്ചിരുന്നതെന്നുവരുന്നുവല്ലോ.

ഈ ശങ്കയുടെ സമാധാനം ഇങ്ങിനെയാണ്. ൬-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വരാഹമിഹിരനല്ലാ, കാളിദാസരുടെ സമകാലികനും നവരത്നങ്ങളിൽ ഒരാളുമായ വരാഹമിഹിരൻ. അതുകൊണ്ടു കാളിദാസരുടെ ജീവിതകാലത്തെപ്പറ്റി സ്ഥാപിക്കാൻ പോകുന്ന അഭിപ്രായത്തിന്ന് ഒരു വിരോധവുമില്ല.

(൩). ഇനി, മാതൃഗുപ്തവാദത്തെ പരിശോധിക്കാം: ക്രിസ്ത്വാബ്ദം ൬-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നവനും കാശ്മീരത്തെ രാജാവുമായിരുന്ന പ്രവരസേനനാൽ തന്റെ സിംഹാസനത്തിൽ സ്ഥാപിക്കപ്പെട്ട മാതൃഗുപ്തൻതന്നെയാണ് കാളിദാസൻ എന്നാണല്ലോ ഈ വാദത്തിന്റെ സ്വരൂപം. ഈ വാദവും നിലനില്ക്കത്തക്കതാണെന്നു തോന്നുന്നില്ല. മാതൃശബ്ദവും കാളീശബ്ദവും പര്യായപദങ്ങളാണെന്നതിന്ന് ഒരു പ്രമാണവുമില്ല.

"ബ്രാഹ്മീ മാഹേശ്വരീ ചണ്ഡീ
വാരാഹീ വൈഷ്ണവീ തഥാ
കൌമാരീ ചൈവ ചാമുണ്ഡാ
ചർച്ചികേത്യഷ്ടമാതരഃ."

എന്നു മുതലായ വചനങ്ങളിൽ കാളിയെപ്പറഞ്ഞുകാണുന്നില്ല. ഗുപ്തപദവും ദാസപര്യായമായിട്ടു നിഘണ്ടുക്കളിലൊന്നും സ്വീകരിച്ചിട്ടില്ല. ഇനി ഗുപ്തശബ്ദത്തിന്നു ലക്ഷണയാ ദാസൻ എന്നാണർത്ഥമെന്നുപറയുന്നതായാൽക്കൂടി വഴിയില്ല. അങ്ങിനെ കല്പിക്കുന്നതിന്നൊരു പ്രയോജനമുണ്ടെങ്കിൽ മാത്രമേ ലക്ഷണ കല്പിക്കുവാൻ ലക്ഷണാശാസ്ത്രകാരന്മാർ അനുവദിക്കയുള്ളു. വാസ്തവത്തിൽ മാതൃഗുപ്തശബ്ദത്തിന്നു കാളിദാസൻ എന്നർത്ഥമുണ്ടെങ്കിൽ നിഘണ്ടുക്കളിൽ അങ്ങിനെ പറഞ്ഞുകാണുമായിരുന്നു. എന്നല്ലാ, അഭിജ്ഞാനശാകുന്തളവ്യാഖ്യാനം മുതലായ ഗ്രന്ഥങ്ങളിൽ രാഘവഭട്ടൻ മുതലായ ആചാര്യ

ന്മാർ മാതൃഗുപ്താചാര്യനെന്നു തന്നെയാണ് പറഞ്ഞിട്ടുള്ളത്; കാളിദാസൻ എന്നല്ല. ശാകുന്തളവ്യാഖ്യാനത്തിൽ നാടകലക്ഷണങ്ങൾ പറയുന്ന ഘട്ടത്തിൽ "തല്ലക്ഷണമുക്തം മാതൃഗുപ്താചാര്യൈഃ" ഇത്യാദികളായ വാക്യങ്ങൾ നോക്കുക. അതുമല്ലാ, മാതൃഗുപ്താചാര്യൻ തന്റെ കൃതികളായ "അഭിനവഭാരതം" മുതലായ ഗ്രന്ഥങ്ങളിൽ തന്റെ പേര് മാതൃഗുപ്തനെന്നു തന്നെയാണ് പറഞ്ഞിട്ടുള്ളത്. "ഔചിത്യ വിചാര ചർച്ച" എന്ന ഗ്രന്ഥത്തിൽ ക്ഷേമേന്ദ്രകവി മാതൃഗുപ്തന്റെയും കാളിദാസന്റെയും പേരുകളെ വേറെ വേറെ പരിഗണനം ചെയ്തിട്ടുമുണ്ട്. അതുകൊണ്ട്, കാളിദാസനേയും മാതൃഗുപ്തനേയും ഒന്നാക്കുവാൻ ചെയ്തിട്ടുള്ള ശ്രമം നിർമ്മൂലവും അസംബന്ധവുമാണെന്നു തെളിയുകയും, അതുകൊണ്ട് ഈ വഴിക്ക് കാളിദാസനെ ആറാം നൂറ്റാണ്ടുകാരനാക്കുവാൻ ചെയ്യുന്ന വാദം ദുർബ്ബലപ്പെടുകയും ചെയ്യുന്നു.

തൃശ്ശൂർ.

—കെ. വാസുദേവൻമൂസ്സത്.

## * എളയമ്മ.

(തുടർച്ച)

കുമാരൻ ആ സാൽവയെടുത്ത് അതിനെ മന്ദമായി തൊട്ടുനോക്കി. അതിലെ നൂലിന്റെ മാർദ്ദവം രുഗ്മിണിയുടെ സ്പർശംപോലെ അവനു തോന്നി. അതിന്റെ ഇഴകളുടെ സഹായത്താൽ അവൾ തന്റെ പ്രേമവിചാരങ്ങളെ തുന്നിയുണ്ടാക്കിയതാണെന്ന് അവൻ വിശ്വസിച്ചു. അതു വെറും നൂലുകൊണ്ടുണ്ടാക്കിയതല്ല. അവളുടെ സ്പർശഗുണവും അതിന്നു സിദ്ധിച്ചിട്ടുണ്ടല്ലോ. അതുകൊണ്ടായിരിക്കാം എളയമ്മ ആ സാൽവ അവന്റെ കാലിൽ പുതപ്പിച്ചപ്പോൾ രുഗ്മിണിയുടെ സാക്ഷാൽ സ്പർശസൗഖ്യം അവൻ അനുഭവിച്ചത്.

കുമാ:— പക്ഷേ, എളയമ്മേ! രുഗ്മിണിക്ക് തുന്നൽപ്പണി നിശ്ചയമുണ്ടായിരുന്നില്ലല്ലോ. അവൾക്ക് അതു ഒട്ടും ഇഷ്ടവുമുണ്ടായിരുന്നില്ല.

എളയ:— ഈ വിദ്യ പഠിക്കുവാൻ വളരെകാലം വേണമോ? ഞാൻ തന്നെയാണ് അവളെ പഠിപ്പിച്ചത്. പക്ഷേ, അതിൽ വളരെ തെറ്റുകളുണ്ട്.

കുമാ:— തെറ്റുകളുണ്ടായാലെന്താണ്? നമ്മൾ അതു വല്ല പ്രദർശനത്തിന്നോ മറ്റോ അയക്കുന്നുണ്ടോ? എന്തു തെറ്റുണ്ടായാലും എന്റെ കാലിന്നു ചൂടുപിടിപ്പിക്കുവാൻ അതു മതി.

തെറ്റുകൾ വരുത്തിയും രാത്രിതോറും ക്ഷമയോടുകൂടി അതേ ജോലിയെ പിന്തുടർന്നും രുഗ്മിണി ഈ സാൽവ തുന്നുന്നതി

---

* ഇതു സർ രവീന്ദ്രനാഥടാഗോറിന്റെ ഒരു ചെറുകഥയുടെ പരിഭാഷയാണ്.

നെ കുമാരൻ തന്റെ മനസ്സുകൊണ്ടു ധ്യാനിച്ചുകണ്ടു. അതെത്ര ദയനീയമായിരുന്നു! വീണ്ടും അവൻ തന്റെ കൈകൾകൊണ്ട് ആ സാൽവയെ പ്രേമപൂർവ്വം തലോടി.

കുമാ:— എളയമ്മേ! ഡാക്ടർ താഴത്തുണ്ടോ?

എള:— ഉവ്വ്. അദ്ദേഹം ഇന്നു രാത്രി ഇവിടെ തന്നെയാണ് താമസം.

കുമാ:— പക്ഷേ, എനിക്ക് ഉറങ്ങാനുള്ള മരുന്നു തരേണ്ടുന്ന ആവശ്യമില്ലെന്നു പറഞ്ഞേയ്ക്കു. അതുകൊണ്ട് എനിക്ക് യാതൊരാശ്വാസവും കാണുന്നില്ല. വേദനയ്ക്കാണെങ്കിൽ വർദ്ധനവും ഉണ്ട്. നമുക്ക് ഇന്നു രാത്രി ഉറക്കൊഴിക്കാം. എളയമ്മേ! എന്റെ വിവാഹം കഴിഞ്ഞത് ഒരു വൈശാഖമാസത്തിലെ പൌർണ്ണമി ദിവസമാണ്. നാളെയാണ് ആ ദിവസം. ആകാശമണ്ഡലത്തിൽ നാളെ പ്രകാശിക്കുന്ന നക്ഷത്രങ്ങൾ അന്നുരാത്രി പ്രകാശിച്ചിരുന്നവയായിരിക്കും. രുഗ്മിണിക്ക് ഇത് ഓർമ്മയുണ്ടായിരിക്കില്ല. അവളെ അതിനെപ്പറ്റി ഒന്ന് ഓർമ്മപ്പെടുത്തിയാൽ കൊള്ളാമെന്ന് എനിക്ക് ആഗ്രഹമുണ്ട്. ഒന്നു രണ്ടു നിമിഷത്തേയ്ക്കു മാത്രം അവളോട് ഒന്നിവിടെ വരാൻ പറയുവിൻ! എന്താണൊന്നും മിണ്ടാത്തത്? എന്റെ ക്ഷീണം വളരെ ജാസ്തിയായിട്ടുള്ളതിനാൽ മനസ്സിന്നു ക്ഷോഭം ഉണ്ടാക്കിത്തീർക്കുവാൻ പാടില്ലെന്നു ഡാക്ടർ പറഞ്ഞിട്ടുണ്ടായിരിക്കാം. എങ്കിലും ഞാനൊന്നു പറയട്ടെ. ഇന്നു രാത്രി അവളോട് അല്പനേരം സംഭാഷണം ചെയ്യുവാൻ എനിക്ക് തരം കിട്ടിയാൽ ഉറക്കിന്ന് വേറെ മരുന്നൊന്നും വേണ്ടതില്ല. എളയമ്മേ! ഇങ്ങിനെ കരയരുതേ! എനിക്കു യാതൊരു സുഖക്കേടും ഇല്ല. എന്റെ ജീവദശയിൽ എനിക്ക് ഇന്നത്തെ മാതിരി സന്തോഷം ഒരിക്കലും ഉണ്ടായിട്ടില്ല. അതു കൊണ്ടാണ് രുഗ്മിണിയെ ഒന്നു കണ്ടാൽ കൊള്ളാമെന്നു പറഞ്ഞത്. അയ്യോ അരുതേ! അരുതേ! എളയമ്മേ! നിങ്ങൾ കരയുന്നത് എനിക്കു കാണ്മാൻ വയ്യാ. ഇക്കഴിഞ്ഞ ദിവസമെല്ലാം നിങ്ങൾ വളരെ ശാന്തതയോടുകൂടി ഇരുന്നിട്ടും, ഇന്നുരാത്രി മാത്രം ഇത്ര കഠിനമായി ദുഃഖിക്കുവാൻ എന്താണവകാശം?

എളയ:— അയ്യോ! കുമാര! എനിക്കു പൊഴിക്കുവാൻ ഇനി കണ്ണീരൊന്നും ബാക്കിയില്ലെന്നായിരുന്നു എന്റെ വിശ്വാസം. പക്ഷേ അതു ധാരാളം ഉണ്ടെന്ന് ഇപ്പോൾ വെളിവായി. എനിക്ക് ഈ ദുഃഖം സഹിക്കാൻ വയ്യാ കുട്ടാ!

കുമാ:— രുഗ്മിണിയെ വിളിക്കു. ഞങ്ങളുടെ വിവാഹദിവസത്തെപ്പറ്റി ഞാൻ അവളെ ഓർമ്മപ്പെടുത്തട്ടെ.

എളയ:— ഞാൻ പോയി കൂട്ടിക്കൊണ്ടു വരാം. അമ്മിണി വാതുക്കൽ ഉണ്ട്. വല്ലതും വേണമെങ്കിൽ അവളെ വിളിച്ചാൽ മതി.

എളയമ്മ രുഗ്മിണിയുടെ അറയിലേക്കു പോയി. അവിടെ നിലത്തിരുന്നു കരഞ്ഞുതുടങ്ങി:— "അയ്യോ. ദുഷ്ടേ! നിഷ്ഠുരേ! നീ ഒന്നു വാടീ! തന്റെ സർവ്വസ്വവും നിനക്കു സമർപ്പിച്ചിട്ടുള്ള ആ കുട്ടിയുടെ അവസാനകാലത്തിലെ ആഗ്രഹത്തെ സാധിപ്പിച്ചുകൊടുക്ക്! മരിക്കാൻ കിടക്കുന്ന അവനെ കൊല്ലാതെ!"

വാതുക്കൽ എന്തോ കാലടിശബ്ദം കേട്ടപ്പോൾ കുമാരൻ എഴുന്നേററിരുന്നു. "രുഗ്മിണി!" എന്നു വിളിച്ചു.

ഇതു ഞാനാണ്— അമ്മിണി— യജമാനൻ എന്നെ വിളിച്ചുവോ?.

കുമാ:— നിൻെറ ചെറിയ എജമാനത്തിയോട് ഇങ്ങട്ട് വരാൻ പറക.

അമ്മി:— ആരോട്?

കുമാ:— നിൻെറ കൊച്ചെജമാനത്തിയോട്.

അമ്മി:— അവർ മടങ്ങി എത്തീട്ടില്ലല്ലോ.

കുമാ:— മടങ്ങി എത്തുകയോ? എവിടുന്ന്?

അമ്മി:— ശ്രീകൃഷ്ണപുരത്തു നിന്ന്.

കുമാ:— എപ്പോഴാണ് പോയത്?

അമ്മി:— മൂന്നു ദിവസമായി.

ക്ഷണനേരത്തെയ്ക്കു കുമാരൻെറ ശരീരം ആസകലം തരിച്ചുപോയി. അവൻെറ തല ചുററുന്നതായി തോന്നി, തലയണമേൽ ചാരിയിരുന്ന നില വിട്ടു. കാലിൽ പുതച്ചിരുന്ന സാൽവ തട്ടിനീക്കിക്കളഞ്ഞു.

എളയമ്മ മടങ്ങി വന്നപ്പോൾ കുമാരൻ രുഗ്മിണിയുടെ പേർ പറഞ്ഞതേയില്ല. അവൻ ആ കാര്യം മറന്നിരിക്കുമെന്ന് അവരും കരുതി. ഉടനെ കുമാരൻ ചോദിച്ചു, "എളയമ്മേ! അന്നു രാത്രി ഞാൻ ഒരു സ്വപ്നം കണ്ടതായി പറഞ്ഞില്ലേ?"

എളയ:— എന്തു സ്വപ്നം?

കുമാ:— രുഗ്മിണി ഈ മുറിയുടെ വാതിൽ തുറക്കാൻ ഭാവിച്ചുവെന്നും ഒരംഗുലത്തിലധികം അതു തുറന്നില്ലെന്നും, അവൾ അകത്തെയ്ക്കു പ്രവേശിക്കാൻ സാധിക്കാതെ പുറത്തു നിന്നുവെന്നും മററും.........

എൻെറ അന്ത്യകാലം വരെ അവൾ പുറത്തുതന്നെ നില്ക്കേണ്ടിവരുമെന്ന് എനിക്കിപ്പോൾ തീർച്ചയായി.—

എളയമ്മ മൌനം അവലംബിച്ചു. കുമാരൻെറ മനസ്സമാധാനാർത്ഥം അവർ നിർമ്മിച്ച കൃത്രിമസ്വർഗ്ഗം ഇതാ ഒടുവിൽ പൊളിഞ്ഞുപോയി. വ്യസനം വരുമ്പോൾ അതിനെ നേരിട്ട് എതിർക്കുന്നതാണുത്തമം. ദൈവായത്തമായ ദുഃഖപ്രഹാരത്തിൽ നിന്നു പിൻവലിക്കുവാൻ ശ്രമിക്കുന്നതു നിഷ്പ്രയോജനമാണ്.

കുമാ:— എളയമ്മേ! നിങ്ങൾ എന്നോടു ഭാവിച്ചിട്ടുള്ള സ്നേഹം എൻെറ ജന്മാന്തരങ്ങളിൽകൂടി നിലനില്ക്കുന്നതാണ്. ഈ ജന്മത്തിൽ പരിപൂർണ്ണമായി എനിക്ക് അനുഭവപ്പെട്ടിട്ടുള്ള ആ പ്രേമശക്തിയെ ഞാൻ എൻെറകൂടെ തന്നെകൊണ്ടുപോകും. വരുന്ന ജന്മത്തിൽ നിങ്ങൾ എൻെറ മകളായി ജനിച്ച്, എനിക്കു നിങ്ങളെ പൂർണ്ണസ്നേഹത്തോടുകൂടി ശുശ്രൂഷിക്കുവാൻ യോഗംവരുമെന്ന് എനിക്ക് തീർച്ച തോന്നുന്നുണ്ട്.

എളയ:— എന്താണ് കുമാരാ! നീ പറയുന്നത്?. ഞാൻ ഇനിയും ഒരു പെണ്ണായി തന്നെ ജനിക്കേണമെന്നോ? ഞാൻ നിൻെറ മകനായി ജനിക്കട്ടേ എന്നു പ്രാർത്ഥിക്കരുതേ കുട്ടാ!

കുമാ:— അല്ലല്ല- മകനായിട്ടല്ല. നിങ്ങൾക്കു ചെറുപ്പത്തിൽ ഉണ്ടായിരുന്ന സൌന്ദര്യത്തോടുകൂടി നിങ്ങൾ എൻെറ വീട്ടിൽ ജനിക്കണം എന്നാണ് എൻെറ

ആഗ്രഹം. എന്നാൽ ഞാൻ നിങ്ങളെങ്ങിനെയെല്ലാമാണ് അറിയിക്കുക എന്നുകൂടി തീച്ചപ്പെടുത്തി കഴിഞ്ഞിരിക്കുന്നു.

എളയ:— അധികം സംസാരിക്കേണ്ടാ കുട്ടാ! ഉറങ്ങു.

കുമാ:— ഞാൻ നിങ്ങൾക്കു ലക്ഷ്മിയെന്നാണ് പേരിടുക.

എള:— പക്ഷെ അതു പഴയ പരിഷ്ക്കാരത്തിലുള്ള പേരായിപ്പോയി.

കുമാ:— അതേ! നിങ്ങൾ എൻെറ പഴയ എളയമ്മയല്ലെ? ഈ മനോജ്ഞമായ പഴയ പരിഷ്ക്കാരത്തിൽ തന്നെയാണ് നിങ്ങൾ എൻെറ വീട്ടിൽ പിറക്കേണ്ടത്.

എളയ:— ഞാൻ നിൻെറ ഗൃഹത്തിൽ ഒരു പെണ്ണായി പിറന്നു നിനക്ക് ഒരു ഭാരമായി തീരേണമെന്ന് ആഗ്രഹിക്കുന്നില്ല..

കുമാ:— എളയമ്മേ! ഞാൻ ഒരു അശക്തനാണെന്നു കരുതി നിങ്ങൾ എനിക്കു ബുദ്ധിമുട്ടു വരാതിരിക്കുവാൻ ഓരോ ഉപായങ്ങൾ കണ്ടു പിടിക്കുകയാണ്.

എളയ:— കുട്ടാ, ഞാൻ ഒരു പെണ്ണല്ലേ? ആ ചാപല്യവും എനിക്കില്ലേ? അതുകൊണ്ടാണ് ഞാൻ നിന്നെ സകല ബുദ്ധിമുട്ടുകളിൽനിന്നും ഉദ്ധരിക്കുവാൻ ആജീവനാന്തം ശ്രമിച്ചത്. പക്ഷേ അതെല്ലാം വ്യർത്ഥമായിലായി.

കുമാ:— എളയമ്മേ! ഞാൻ അറിഞ്ഞ അനുഭവങ്ങളെ പ്രയോഗിക്കുവാൻ ഈ ജന്മത്തിൽ എനിക്ക് അവസരം കിട്ടിയില്ല. എങ്കിലും അതെല്ലാം എൻെറ വരുന്ന ജന്മത്തിലേയ്ക്കു നിലനില്ക്കും. ഒരു പുരുഷായുസ്സിൽ എന്തെല്ലാം സാധിക്കുമെന്നു ഞാൻ അപ്പോൾ ദൃഷ്ടാന്തപ്പെടുത്തിക്കൊള്ളാം. തന്നെത്താൻ മാത്രം സൂക്ഷിച്ചുപോരുന്നത് എത്ര മോശമാണെന്ന് എനിക്ക് ഇപ്പോൾ മനസ്സിലായി.

എളയ:— നിൻെറ സ്വന്താനുഭോഗത്തിന്നു വേണ്ടി യാതൊന്നും പിടിച്ചടക്കാതെ എല്ലാം മററുള്ളവൎക്കു ദാനം ചെയ്യുകയല്ലേ നീ ചെയ്തിട്ടുള്ളത്?

കുമാ:— എളയമ്മേ! എനിക്ക് ഒരു കാൎയ്യത്തെപ്പററി ധാർഷ്ട്യം തന്നെ പറയാം. എൻെറ സുഖത്തിന്നായി ഞാൻ കയ്യേററം പ്രവൎത്തിക്കുകയോ എൻെറ അവകാശങ്ങൾ സ്ഥാപിക്കുവാൻ വേണ്ടി ബലം പ്രയോഗിക്കുകയോ ഒരിക്കലും ചെയ്തിട്ടില്ല. അയഥാൎത്ഥസുഖംകൊണ്ടു ഞാൻ തൃപ്തിപ്പെടാതിരുന്നതിനാൽ വളരെ കാലം കാത്തിരിക്കേണ്ടിവന്നു. അഥവാ, യഥാൎത്ഥം വെളിപ്പെട്ടാൽ എനിക്ക് സുഖം ഉണ്ടായേയ്ക്കാം— അതാരാണ്? എളയമ്മേ! ആരാണത്?

എളയ:— എവിടെ കുട്ടാ? ആരുമില്ലല്ലോ കുമാരാ!

കുമാ:— എളയമ്മേ! അടുത്ത മുറിയിൽ ഒന്നു ചെന്നു നോക്കൂ.

എളയ:— ആരുമില്ല കുട്ടാ! ഞാൻ ആരെയും കാണുന്നില്ല.

കുമാ:— ആരോ ഉണ്ടെന്നു എനിക്ക് വളരെ വ്യക്തമായി തോന്നിയല്ലോ.

എളയ:— ഇല്ല കുട്ടാ. ആരുമില്ല. അടങ്ങി കിടക്കൂ. ഡാക്ടർ ഇതാ വരുന്നു.

ഡാക്ടർ:— നിങ്ങൾ രോഗിയുടെ അടുക്കെ ഇത്ര അധികംനേരം ഇരിക്കരുത്. അതു നിമിത്തം അദ്ദേഹത്തിൻെറ മനസ്സിന്നു ക്ഷോഭം വരുന്നു. നിങ്ങൾ പോ

യി ഉറങ്ങിക്കൊൾവിൻ. എന്റെ കമ്പൌണ്ടർ ഇവിടെ ഇരുന്ന് അദ്ദേഹത്തെ ശുശ്രൂഷിച്ചുകൊള്ളും.

കുമാ: എളയമ്മേ, നിങ്ങളെ പോകാൻ ഞാൻ സമ്മതിക്കില്ല.

എളയ:— അങ്ങിനെയാട്ടേ കുട്ടാ. ഞാൻ ആ മൂലയിൽ ചെന്നിരിക്കാം.

കുമാ:— അതു പോരാ. നിങ്ങൾ എന്റെ അടുക്കൽ തന്നെ ഇരിക്കണം. എന്റെ അന്ത്യകാലംവരെ നിങ്ങളുടെ കൈ ഞാൻ വിടുന്നതല്ല. എന്നെ ഇത്രത്തോളം രക്ഷിച്ചു വന്നതു നിങ്ങളാണ്. നിങ്ങളുടെ പക്കൽ നിന്നു തന്നെയാവട്ടെ ദൈവം എന്നെ വീണ്ടെടുക്കുന്നതും.

ഡാക്ടർ:— എന്നാൽ അങ്ങിനെയാവട്ടെ. നിങ്ങൾ അവിടെ തന്നെ ഇരുന്നുകൊൾവിൻ. പക്ഷേ മിസ്റ്റർ കുമാരൻ അവരോടു സംസാരിക്കരുത്. നിങ്ങൾക്കു മരുന്നു കഴിക്കാറായി.

കുമാ:— മരുന്നു കഴിക്കാനോ? ആ കാലം എല്ലാം കഴിഞ്ഞു. ഇനി മരുന്നു കഴിക്കുന്നതു കേവലം ആത്മവഞ്ചനമാണ്. എന്നുമാത്രമല്ല, എനിക്കു മരിക്കുന്നതിനെപ്പററി യാതൊരു ഭയവും ഇല്ല. എളയമ്മേ മരണദേവത എനിക്കുവേണ്ടി മരുന്നൊരുക്കി വെച്ചിട്ടുള്ള സ്ഥിതിക്ക് ഭേഷജവ്യാജത്താൽ എന്നെ എന്തിനാണ് വെറുതെ ദ്രോഹിക്കുന്നത്? അദ്ദേഹത്തോടു പോയ്ക്കൊള്ളുവാൻ പറയുവിൻ! പോകട്ടെ ദ്രോഹം! നിങ്ങൾ മാത്രം എന്റെ അടുക്കൽ ഇരുന്നാൽ മതി. വേറെ യാതൊരാളും ആവശ്യമില്ല. ഈ അയഥാത്ഥം അവസാനിക്കട്ടെ!

ഡാക്ടർ:— ഈ ക്ഷോഭം നിങ്ങൾക്കു വലുതായ ദോഷം ചെയ്യുമെന്നു ഞാൻ ഒരു വൈദ്യന്റെ നിലയിൽ നിങ്ങളോട് ഉപദേശിക്കട്ടെ!

കുമാ:— എന്നാൽ പോവൂ ഡാക്ടരേ! നിങ്ങൾ ഇനിയും ക്ഷോഭം ജനിപ്പിക്കാതിരിക്കണം. എളയമ്മേ! ആയാൾ പോയോ? ശരി. നന്നായി. ഇനി നിങ്ങൾ ഇവിടെ വന്നിരിക്കുവിൻ. നിങ്ങളുടെ മടിയിൽ തല വെച്ചു കിടക്കട്ടേ!

എളയ:— അങ്ങിനെയാവട്ടെ കുട്ടാ! കുമാരൻ ഉറങ്ങു.

കുമാ:— വേണ്ടാ, എളയമ്മേ! എന്നോട് ഉറങ്ങുവാൻ മാത്രം പറയരുത്. ഞാൻ ഉറങ്ങിയാൽ പിന്നെ ഉണരുകയില്ല. കുറച്ചുനേരം കൂടി ഉണർന്നിരിക്കേണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. നിങ്ങൾ ഒരു ശബ്ദം കേട്ടില്ലേ? ആരോ വരുന്നുണ്ട്!

## V

എളയ:— കുമാരാ! കുട്ടാ! അല്പം കണ്ണു തുറക്കു. അവൾ ഇതാ വന്നിരിക്കുന്നു. ഒന്നു കണ്ണു തുറന്നു നോക്കൂ.

കുമാ:— ആർ വന്നിരിക്കുന്നു? സ്വപ്നമാണോ ഇത്?

എളയ:— സ്വപ്നമല്ല കുട്ടാ. രുഗ്മിണി അവളുടെ അച്ഛനോടുകൂടി ഇതാ വന്നിരിക്കുന്നു.

കുമാ:— ആരാണത്?

എളയ:— നീ കാണുന്നില്ലേ? ഇതു നിന്റെ രുഗ്മിണിയല്ലേ?

കുമാ:— രുഗ്മിണിയോ? ആ ധ്യാതിൽ തുറന്നുവോ?

എളയ:— ഉവ്വ്, കുട്ടാ. നല്ലവണ്ണം തുറന്നു.

കുമാ:— വേണ്ടാ എളയമ്മേ! ആ സാൽവ എനിക്കു വേണ്ട. വേണ്ടാ. അത് ആസകലം കപടമാണ്.

എളയ: — അതു സാൽവയല്ല കുമാര! നമ്മുടെ രുഗ്മിണി നിന്റെ കാൽക്കൽ ഊട്ടക്കമെണ്ട് വീണിരിക്കയാണ്. അവളുടെ തലയിൽ കൈ വെച്ച് ഒന്നനുഗ്രഹിക്കുക. രുഗ്മിണി! കരയരുതേ! അതിന്നു കാലമായില്ല. തൽക്കാലം കുറച്ച് അടങ്ങിയിരിക്കു.

*  *  *  *  *  *

—വി. ഉണ്ണിക്കൃഷ്ണൻ നായർ

## അഖണ്ഡിതവൃത്തങ്ങൾ

ഭാഷാസാഹിത്യം അഭിവൃദ്ധിയെ പ്രാപിക്കേണമെങ്കിൽ മലയാളികൾ വൃത്തസ്വാതന്ത്ര്യത്തിൽ ദൃഷ്ടിവെക്കേണമെന്നു ഞാൻ 'ഭാഷാവിലാസം' രണ്ടാംപുസ്തകത്തിൽ പുറപ്പെടുവിച്ചിരുന്ന അഭിപ്രായം ഉടൻതന്നേ എല്ലാവരും ശരിവെക്കുമെന്ന് എനിക്കു വിചാരമുണ്ടായിരുന്നില്ല. പ്രത്യുത, സംസ്കൃതവൃത്തങ്ങളിൽ കവിത എഴുതി പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള നമ്മുടെ പണ്ഡിതപ്രമാണികൾ എന്റെ വാദം നിശ്ശേഷം അസംബന്ധമെന്ന് അധിക്ഷേപിക്കാനാണ് ഇടയുള്ളതെന്നും എനിക്കു ബോധ്യമായിരുന്നു. ആ വിഷയത്തെപ്പററി തുടൎന്നു പ്രസ്താവിക്കേണമെന്നു ഞാൻ വിചാരിക്കുന്നില്ല. അതിനോടു സ്വല്പമായി സംബന്ധമുള്ളതും ഭാഷാസാഹിത്യത്തിന്റെ ശരിയായ അഭിവൃദ്ധിക്ക് അത്യാവശ്യമായതും ആയ മറെറാരു സംഗതിയേപ്പററിയാണ് ഇവിടെ വിചിന്തനം ചെയ്യുന്നത്.

സാധാരണ വൃത്തങ്ങൾ എല്ലാംതന്നെ— സംസ്കൃതവൃത്തങ്ങളാകട്ടേ ദ്രാവിഡവൃത്തങ്ങളാകട്ടേ— ഇത്ര, ഇത്ര, വരികളിൽ അവസാനിക്കേണമെന്നു നിർബന്ധമുണ്ട്. സംസ്കൃതവൃത്തങ്ങൾ എല്ലാംതന്നെ നാലുവരികൾകൊണ്ട് അവസാനിക്കുന്നു. കിളിപ്പാട്ടുകളുടെ വിരാമം പ്രായേണ രണ്ടാമത്തെ വരിയിലും ചിലപ്പോൾ നാലാമത്തെ വരിയിലുമാണ്. ഇപ്രകാരമുള്ള വിരാമത്തിൽ അൎത്ഥവും പൂൎത്തിയായിരിക്കേണമെന്നാണ് സാധാരണ നിർബന്ധം. ഒരു പാദത്തിന്റെ മദ്ധ്യത്തിൽ ഒരാശയത്തെ അവസാനിപ്പിച്ചു മറെറാരു ആശയത്തെ തുടങ്ങുക എന്നുള്ളതു സംസ്കൃതകവികൾ പരിചയിച്ചുവന്ന ഒരു വിദ്യയല്ല. പാദമദ്ധ്യത്തിൽ ഒരാശയം അവസാനിച്ചുപോയാൽ അൎത്ഥാന്തരന്യാസംകൊണ്ടോ മററു അലംകാരവിശേഷങ്ങൾകൊണ്ടോ ശ്ലോകം പൂൎത്തിയാക്കിയശേഷമല്ലാതെ മറെറാരാശയത്തിൽ പ്രവേശിക്കയില്ല. അതു സംസ്കൃതകവിതയുടെ ഒരു ഗുണഭേദമാണ്. കാളിദാസർ മുതലായ മഹാകവികൾ ഇങ്ങനെ മൂന്നു വരികൊണ്ട് അൎത്ഥം അവസാനിക്കുന്ന സമയങ്ങളിൽ മനോഹരങ്ങളായ അഭിപ്രായസമൎത്ഥനങ്ങൾകൊണ്ടു കവിതയ്ക്കു ദോഷംകൂടാ

തെ ശ്ലോകപൂൎത്തി വരുത്തുകയാണ് ചെയ്യുന്നത്. എന്നാൽ സാധാരണ കവികൾക്ക് ഇപ്രകാരമുള്ള അവസരങ്ങളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ട പ്രത്യക്ഷമാണ്. അൎത്ഥമില്ലാത്ത അൎത്ഥാന്തരന്യാസങ്ങൾ ഭാഷയിൽ ഇത്രമാത്രം വൎദ്ധിക്കുന്നതിനു മുഖ്യമായ കാരണം ഇതുതന്നേ. ഇതാ, ഒരുദാഹരണം:—

“ധവനെപ്പിരിയാതെ ചാരുവാം തൽ-
ഭവനേ നിദ്രയിലാണ്ട സാദ്ധ്വിയെത്താൻ
ശിവനേ! പരനാർ പുൽകുമെന്നോ?
ഭുവനേശന്റെ നിദേശമാരറിഞ്ഞു?”

ഭാഷാകവിതയിലെവിടെ നോക്കിയാലും ഇതുപോലെ കാണാവുന്നതാണ്.

സംസ്കൃതവൃത്തങ്ങളെ സംബന്ധിച്ചിടത്തോളം കുളകങ്ങൾ വിശേഷകങ്ങൾ മുതലായവയുടെ സഹായത്തോടുകൂടി ആശയങ്ങൾ ഒരു ശ്ലോകത്തിന്റെ അതിർകവിഞ്ഞു നീട്ടുന്നതിനു ബുദ്ധിമുട്ടില്ല എന്നു ചിലർ വാദിക്കാറുണ്ട്. ഇതു ശരിയാണെന്നു തോന്നുന്നില്ല. വിശേഷകങ്ങളിലും കുളകങ്ങളിലും മററും ക്രിയ ഒന്നു ഉള്ളു എങ്കിലും ആശയം ഓരോ പദ്യത്തിലും പൂൎത്തിയായിരിക്കേണമെന്ന് ഒരു നിർബന്ധമുള്ളതായി തോന്നുന്നു. ഏതായാലും ഒരു പദ്യത്തിന്റെ നാലാമത്തെ വരിയിൽനിന്ന് അടുത്ത പദ്യത്തിന്റെ ആദ്യത്തെ വരിയിലേയ്ക്കു വിരാമം ഇല്ലാതെ തുടൎന്നു എഴുതുക എന്നുള്ളതു സംസ്കൃതപണ്ഡിതന്മാർ അനുവദിച്ചിട്ടില്ല.

ദ്രാവിഡവൃത്തങ്ങൾ അഖണ്ഡിതങ്ങൾ എന്നു പറയാമെങ്കിലും അവ, പ്രായേണ രണ്ടാമത്തെ വരിയിൽ വിരമിക്കുന്നതായിട്ടാണ് കാണുന്നത്. കണ്ണപ്പരീതി, സുന്ദരകാണ്ഡരീതി, മുതലായവ രണ്ടാമത്തെ വരികൊണ്ട് അവസാനിക്കുന്നില്ലെങ്കിലും വിരാമം സംഭവിക്കുന്നുണ്ടെന്നുള്ളതു സമ്മതിച്ചേ തീരു. ഒരു ശീലിന്റെ നടുവിൽ വാചകത്തെ അവസാനിപ്പിക്കുന്നത് അവയിൽ പതിവില്ല. അഖണ്ഡിതവൃത്തത്തിന്റെ പ്രധാനമായ ഗുണമിതാണ്. അവയിൽ എവിടെ അവസാനിപ്പിക്കുന്നതുകൊണ്ടും തരക്കേടില്ല. പദ്യം എവിടെ അവസാനിക്കണമെന്ന് ഒരു നിർബന്ധവുമില്ല. ഒരു ശീലിന്റെ നടുവിൽ ആശയമവസാനിക്കുന്ന പക്ഷം അത് അവിടെത്തന്നെ നിൎത്തുന്നു, വൃത്തലക്ഷണങ്ങൾ സകലവും ഉണ്ടെന്നു വന്നാലും വായിക്കുന്നതു ഗദ്യംപോലെ ആയിരിക്കും.

മലയാളത്തിൽ ഇപ്രകാരമുള്ള രീതിക്കു താഴെ കാണുന്ന ഉദാഹരണങ്ങളെ എനിക്കു തോന്നുന്നുള്ളു.

“ഭൂവിഭവിച്ചിട്ടനന്തതല്പേ ശയിക്കുമാനന്ദ
രൂപിയാം ഭഗവാന്റെ പുരി, സഹസ്രം
സ്തൂപികകൾ കൊണ്ടാകാശം തുളക്കുന്ന ഭാസാവി
വ്യാപിക്കുന്ന വിശാലതപുകൾത്തുള്ളടാ”— (ശ്രാ

(കുചേലവൃത്തം വഞ്ചിപ്പാട്ട്)

ഇവിടെ വിരാമം നാലാമത്തെ വരിയുടെ അവസാനത്തിൽ തന്നെയാണെങ്കിലും പൂൎവ്വപാദത്തിൽ യാതൊരുവിധത്തിലുള്ള നിൎത്തലും ഇല്ലെന്നും രചനാരീതിയിൽ ഒന്നാംക്ലാസ്സ് അഖണ്ഡിതവൃത്തത്തിന്റെ പൂൎണ്ണഗുണങ്ങൾ ഇതിൽ വന്നിട്ടുണ്ടെന്നുള്ളതും കാണേണ്ടതാണ്.

“ഭൂലോകവൈകുണ്ഠഭൂതനെന്നപുരത്തിങ്കൽ
ആലോകിക്കപ്പെട്ടു, മഖിലാണ്ഡങ്ങളുടെ
മൂലകന്ദത്തിന്റെ ജന്മകൎമ്മങ്ങൾക്കില്ലന്തം.”

എന്നും,

"ത്രിഭുവനമടക്കി വാണിരുന്നരുളുന്ന മഹാ-
പ്രഭുവിനെക്കാണ്മാൻ കൈക്കലേതും കൂടാതെ
സ്വഭവനത്തിങ്കൽനിന്നു ഗമിക്കരുതാരും കൈക്കൽ
ഇളവുമാം ഇലയുമാം, കുസുമവുമാം
മലരുമാമവിലുമാം ഫലവുമാം യഥാശക്തി;
മലർകന്യാമണവാളനൊക്കെയുമാകും"—

(കുചേലവൃത്തം)

ഇവിടെയുള്ള നിറുത്തുകൾ പരിശോധിക്കേണ്ടവയാണ്. "ഗമിക്കരുതാരും" എന്ന വിധിയോടുകൂടി, മൂന്നാമത്തെ വരി അവസാനിക്കുന്നതിനു മുൻപിൽ വാചകം നിൽക്കുന്നു. അവിടെനിന്നു തുടങ്ങുന്ന വാചകം അടുത്ത മൂന്നാമത്തെവരിയുടെ ഒടുവിലാണ് നിൽക്കുന്നത്. രാമപുരത്തു വാര്യരുടെ കുചേലവൃത്തം പലതുകൊണ്ടും ഒരു വിശിഷ്ടകാവ്യമാണ്. എന്നാൽ അതിന്റെ ഗുണങ്ങളിൽ ഇപ്രകാരമുള്ള രചനാവൈചിത്ര്യം ഒട്ടുമപ്രധാനമല്ല.

കുഞ്ചൻനമ്പ്യാരുടെ തുള്ളലുകളിലും, നളചരിതം ആട്ടക്കഥയിലെ പാട്ടുകളിലും, ചെറുശ്ശേരിയിലും പാദാന്തവിരാമം സാധാരണമായി ആചരിച്ചു കാണുന്നുണ്ട്. എഴുത്തച്ഛന്റെ കിളിപ്പാട്ടുകളിലും അതു തന്നെയാണ് ന്യായം എന്നു തോന്നുന്നു. അതുകൊണ്ടു ദ്രാവിഡരീതിയിൽ ഇതുവരെയായി രാമപുരത്തു വാര്യരൊഴികെ വേറെ ഒരുത്തരും അഖണ്ഡിതവൃത്തങ്ങൾ ഉപയോഗിച്ചിട്ടില്ലെന്നു തന്നെ പറയാം.

ഈയിടെയായി ഈ വഴിയിൽ ചില പരിശ്രമം കണ്ടിട്ടുണ്ട്. നാലപ്പാട്ടു നാരായണമേനോനവർകളുടെ 'പൌരസ്ത്യദീപം' എന്ന പുസ്തകത്തിൽ പല ഭാഗങ്ങളിലും അഖണ്ഡിതവൃത്തങ്ങൾ ഉപയോഗിച്ചു നോക്കിയിട്ടുള്ളതായി അറിയുന്നു. 'കൌമുദി'യിൽ സ്വല്പം മുൻപ് ഒരു ഭാഗം പ്രസിദ്ധപ്പെടുത്തിയിരുന്നതു വായിച്ചുള്ള അറിവേ എനിക്ക് ആപ്പുസ്തകത്തെ സംബന്ധിച്ചിടത്തോളം ഉള്ളു. അതിൽനിന്ന് അനുമാനിച്ചിടത്തോളം തർജ്ജമയിൽ "പൌരസ്ത്യദീപം"—വിശേഷംതന്നേയെങ്കിലും —പാശ്ചാത്യദീപംപോലെ സ്വല്പമെന്നു മങ്ങിപ്പോയെന്നാണ് എനിക്കു തോന്നിയത്. സംസ്കൃതവൃത്തങ്ങളെ നാലു വരിയിൽ കവിഞ്ഞു നീട്ടിക്കൊണ്ടു പോകുന്നതിന് അടുത്തുൺ പറ്റിയ ന്യായാധിപതി ദിവാൻ ബഹദൂർ ഗോവിന്ദപ്പിള്ള അവർകളും പരിശ്രമിച്ചു നോക്കിയിട്ടുണ്ട്. അതു നിശ്ശേഷം പരാജയമായിട്ടാണ് തീർന്നത്. "വേനിസ്സിലെ വ്യാപാരി"യെ വൃത്തം ദുഷിപ്പിച്ചതായിട്ടാണ് എനിക്കു തോന്നിയത്. നാലപ്പാട്ടു മേനവന്റെ പരിശ്രമം എല്ലാംകൊണ്ടും മിസ്റ്റർ പിള്ളയുടെ പരിശ്രമത്തെക്കാൾ എത്രയോ അധികം സഫലമായിട്ടുണ്ട്. ആ അഭിപ്രായം "പൌരസ്ത്യദീപ"ത്തിനു വലിയ ഒരു പ്രശംസയായി വിചാരിക്കാമെന്നു തോന്നുന്നില്ല.

സംസ്കൃതവൃത്തങ്ങളെ അഖണ്ഡിതവൃത്തങ്ങളായി ഉപയോഗിക്കുന്നതു നന്നായിത്തീരുവാനിടയില്ലെന്നു വിചാരിപ്പാൻ പല കാരണങ്ങളുണ്ട്. ഒന്നാമതായി, സംസ്കൃതവൃത്തങ്ങൾ നടപ്പിലിരിക്കുന്നേടത്തോളം കാലം അവയുടെ നാലു പാദത്തിൽ കവിഞ്ഞ നീളം ഒരു അംഗവൈകല്യമായിട്ടേ തീരുകയുള്ളു. 'ഇന്ദ്രവജ്ര'യിൽ അഞ്ചുവരിയായി ഒരു കവിത ഗോവിന്ദപ്പിള്ളയവർകൾ എഴുതുമ്പോൾ നമുക്കു രുചിക്കാതെ വരുന്നത് 'ഇന്ദ്രവജ്ര'യുടെ വാസ്തവരൂപത്തോടുള്ള പരിചയംകൊണ്ടു മാത്രമാണ്.

അതുകൂടാതെ സംസ്കൃതവൃത്തങ്ങൾ

എല്ലാംതന്നെ 'പാടുന്നതിനല്ലാതെ പറയുന്നതിന്' ഉപയോഗമുള്ളവയല്ല. അവയെ ഒരു പ്രത്യേക സ്വരത്തിലാണ് നാം ചൊല്ലിവരാറുള്ളത്. അഖണ്ഡിതവൃത്തങ്ങൾ പാടാനും പറയാനും ഒരുപോലെ ഉപയോഗമുള്ളവ ആയിരിക്കണം മുൻപു കൊടുത്തിട്ടുള്ള ഉദാഹരണങ്ങളിൽ "ഭൂവിഭവിച്ചിട്ടുനന്ദതല്ലേ ശയിക്കും" എന്നു തുടങ്ങുന്ന വരികൾ വായിക്കുന്നതു ഗദ്യം പോലേയോ പദ്യംപോലേയോ ആകാവുന്നതാണ്. ആ വരികളെ വായിക്കുമ്പോൾ "പാരഡയിസ് ലാസ്റ്റ്"ലെ ചില വരികൾ ആർക്കാണ് ഓർമ്മ വരാത്തത്? ആ പ്രൌഢകവിതയിലെ ഗുണവും ഇതുതന്നേയാണ്. വൃത്തനിർബന്ധങ്ങൾ അനുസരിച്ചാണെങ്കിലും അതിൻെറ വിരാമം ഒരു ശീലിൻേറയും അന്ത്യത്തിലല്ല. പദ്യരീതിയിൽ വായിക്കുന്നതിനും ഗണങ്ങളെ വേർതിരിക്കുന്നതിനും അതിൽ യാതൊരു ബുദ്ധിമുട്ടും ഇല്ല. എന്നാൽ ആ കവിതയുടെ പ്രൌഢി അറിയേണമെങ്കിൽ ഗദ്യരീതിയിൽ വായിക്കണം.

ഓക്സ്ഫോർഡ്.

അഖണ്ഡിതവൃത്തങ്ങളുടെ ആവശ്യങ്ങളെപ്പററി വളരെ പറയേണമെന്നില്ല. സംസ്കൃതവൃത്തങ്ങളിൽ പൂർവ്വോത്തരഭാഗങ്ങൾ തമ്മിൽ വലിയ ബന്ധം ഉണ്ടായിരിക്കരുതെന്ന് ഒരു നിർബന്ധം സാമാന്യേന കാണുന്നുണ്ട്. പൂർവ്വപാദത്തിൽനിന്നു പദാർത്ഥം ഉത്തരപാദത്തിലേക്കു കൊണ്ടുവരുന്നത് അനുവദിച്ചിട്ടില്ല.

> "അന്ധകാരം കലരുന്ന രാത്രി വന്നടുത്തു; കാററും മഴയും കഠോരമായ
> തുടങ്ങി......";

ഇത്തരം പ്രയോഗങ്ങൾപോലും പഴമക്കാർ അനുവദിക്കയില്ല.

ഈ കാരണങ്ങൾ കൊണ്ടു ഭാഷയിൽ അഖണ്ഡിതവൃത്തങ്ങളിൽ എഴുതുന്നതിനു ശ്രമിക്കുന്നവർ സംസ്കൃതവൃത്തങ്ങളിൽ കൈവെയ്ക്കുന്നതു നന്നാകയില്ലെന്നു തോന്നുന്നു. ഇവിടെയും ഭാഷാഭിവൃദ്ധിക്ക് ഉതകുന്നതു ദ്രാവിഡരീതിയെ അനുസരിച്ച സ്വതന്ത്രവൃത്തങ്ങൾ തന്നെ. അതിനെപ്പററി കൂടുതലായി സമയംപോലെ എഴുതുന്നതാണ്.

—ചാലയിൽ മാധവപ്പണിക്കർ.



# ഗ്രന്ഥവിഹാരം

## സാഹിത്യപ്രകാശിക അഥവാ ഉപന്യാസമഞ്ജരി.

ഒന്നാം ഭാഗം. വില ക ൧.

ശ്രീമാന്മാരായ പി. ശങ്കരൻനമ്പ്യാർ ബി. എ. (ഓണേഴ്സ്) സി. സി. തോമാസ്സ് എന്നിവരാൽ പ്രസാധിതവും, ശ്രീമാൻ പി. എൻ. നാരായണപിള്ളയാൽ ('രാജരാജവർമ്മവിലാസം' ബുക്കുഡിപ്പോവകയായി) പ്രകാശിതവും ആയ ഒരു വിശിഷ്ടപുസ്തകമാകുന്ന "സാഹിത്യപ്രകാശിക". ൧ നിരൂപണത്തിൻെറ മാതൃക, ൨.

കാവ്യരസം, 3. ഭാഷാവിഷയവാദങ്ങൾ, 4. മലയാളഭാഷയ്ക്കു് അന്യഭാഷകൾകൊണ്ടുണ്ടായിട്ടുള്ള ഗുണങ്ങൾ 5. സംസ്കൃതവ്യാകരണവും മലയാളവ്യാകരണവും, 6. കവിതയും മലയാളകവികളും, 7. ഭാഷയുടെ പ്രസ്ഥാനം, 8. 'ധർമ്മരാജാ'നിരൂപണം എന്നിങ്ങിനെ എട്ടുപന്യാസകുസുമങ്ങളാണ് ഈ 'മഞ്ജരി'യിലുള്ളത്. കുസുമങ്ങളിൽ ഓരോന്നും വാസനാവിശേഷംകൊണ്ടും, അകൃത്രിമരാമണീയകം കൊണ്ടും ഏറെക്കുറെ മനോഹരം തന്നെ. എന്നാൽ സർവോപരി ഞങ്ങളുടെ ഹൃദയത്തെ സമാവർജ്ജിച്ചതു, പി. കെ. നാരായണപിള്ള (ബി. എ., ബി. എൽ) അവർകളുടെ ധർമ്മരാജാ-നിരൂപണം എന്ന ഒടുവിലെ ഉപന്യാസമാണ്. ഇത്തരം നിഷ്പക്ഷപാതവും, മർമ്മസ്പൃക്കും ആയ നിരൂപണം മലയാളഭാഷയിൽ അതിദുർല്ലഭമാകുന്നു. നമ്മുടെ നാട്ടിൽ, നല്ല നിരൂപകന്മാരുടെ സംഖ്യ, നല്ല ഗ്രന്ഥകാരന്മാരുടേതിനേക്കാൾ എത്രയോ ചുരുങ്ങും. ഈ ശോചനീയമായ സംഗതി, പരിപാവനമായ സാഹിത്യനദീപ്രവാഹത്തിന്ന് ഒരു വമ്പിച്ച കരിങ്കൽച്ചിറയായിട്ടാണ് കിടക്കുന്നത്.

മഹാമഹിമശ്രീ രാജരാജവർമ്മ കോയിത്തമ്പുരാൻ അവർകൾ എഴുതിയതായ ഒന്നാമത്തെ ഉപന്യാസത്തിൽ, ദോഷൈകദൃഷ്ടികളുടെ നിരൂപണരീതിയെ സോദാഹരണം ചൂണ്ടിക്കാണിക്കുകയും അതു തീരെ വർജ്ജനീയമാണെന്നു രസകരമാംവണ്ണം സമർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. പരിമിതമെങ്കിലും സാരഭൂയിഷ്ഠമായ ഒരു ഉപന്യാസമാണിത്. നമ്മുടെ സാഹിത്യകാരന്മാരിൽ 'രാജരാജൻ' തന്നെയായ അവിടത്തെ മുഖത്തുനിന്ന് എപ്പോഴും 'മിതവും സാര'വും ആയ 'വചസ്സേ' പുറപ്പെടാറുള്ളുവല്ലോ.

മലയാളത്തിൽ ഒരുതരം 'മഹാനിരൂപകന്മാർ' വർദ്ധിച്ചുവരുന്നുണ്ട്. അവരുടെ അഭിപ്രായത്തിൽ, പ്രാചീനസംസ്കൃതകവികളിൽ മിക്കപേരും കൃത്രിമകവിതക്കാരാണ്, യഥാർത്ഥകവികളല്ലത്രേ! പടിഞ്ഞാറൻകാറ്റേറ്റിട്ടു തലയ്ക്കു് ഓളം പിടിച്ചിട്ടുള്ള അക്കൂട്ടർ ഇതിലെ 'കാവ്യരസം' എന്ന രണ്ടാമത്തെ ഉപന്യാസം ഒന്നു ശ്രദ്ധിച്ചു വായിക്കുന്നതു പ്രയോജനകരമായിരിക്കും; പക്ഷേ, അവർ, ശങ്കരൻനമ്പ്യാരവർകളെ, "ഇപ്രകാരം പാശ്ചിമാത്യവും ഭാരതീയവുമായ സാഹിത്യസമുച്ചയത്തെ താരതമ്യപ്പെടുത്തി പഠനം ചെയ്തതിൽ എന്റെ അഭിപ്രായം സംസ്കൃതത്തിന് ഉപരിതലം കല്പിക്കണമെന്നു തന്നെയാകുന്നു" എന്നു പറഞ്ഞുപോയ അപരാധത്തിന്നു, സഹൃദയവർഗ്ഗത്തിൽനിന്നു ബഹിഷ്കരിച്ചേയ്ക്കുമോ എന്നു ഞങ്ങൾക്കു ഭയമില്ലാതില്ല! മിസ്റ്റർ മൂർക്കോത്ത് കുമാരൻ എഴുതിയതായ നാലാമത്തെ ഉപന്യാസം, 'സാഹിത്യസാഹ്യം' വായിച്ചിട്ടില്ലാത്തവർ വിശേഷിച്ചും വായിച്ചു മനസ്സിലാക്കത്തക്ക യോഗ്യതയുള്ളതാകുന്നു.

'കവിതയും മലയാളകവികളും' എന്ന ഉപന്യാസത്തിൽ, തൽകർത്താവായ സി. എസ്സ്. സുബ്രഹ്മണ്യൻപോററി അവർകൾ, കവിത എന്നു വെച്ചാലെന്താണെന്നും, ഒരു കവി എങ്ങിനെയുള്ളവനായിരിക്കണമെന്നും മററും ഹൃദയംഗമമായി വിചിന്തനം ചെയ്തിരിക്കുന്നു. കവിതാകാമിനിയുടെ മുഖത്തു നോക്കാൻ പോലും അർഹതയില്ലാത്തവർ, ആ സാധ്വിയെ കടന്നു പിടികൂടി കലശൽക്കൂട്ടുക എന്ന അഴി

ത്തിൽ നമ്മുടെ നാട്ടിൽ നാമിഷംതോറും ഏറിയേറി വരുന്ന സ്ഥിതിക്ക്, ഈ പ്രശസ്തമായ ഉപന്യാസത്തിലെ സംഗതികൾ എത്രപ്രാവശ്യം പ്രതിപാദിച്ചാലും അധികമായി എന്നു വരുന്നതല്ല.

ശങ്കരൻനമ്പ്യാരവർകളുടെ 'ഭാഷാപ്രസ്ഥാനം' എന്ന അതിദീർഘമായ ലേഖനത്തിൽ അനവധി വിജ്ഞേയാംശങ്ങൾ അടങ്ങിയിട്ടുണ്ട്. ഇതിൽ, ഭാഷയുടെ ഉത്ഭവം മുതൽ ഇതേവരെയുള്ള അവസ്ഥാവിശേഷങ്ങൾ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. 'പാലാഴിമഥന' ചമ്പൂകർത്താവായ ശങ്കരൻനമ്പ്യാരവർകൾക്കു പഴയ ഭാഷാചമ്പുക്കളിലുള്ള സർവ്വാതിശമായ അഭിനിവേശം ഈ ഉപന്യാസത്തിൽ അത്യന്തം തെളിഞ്ഞുകാണ്മാനുണ്ട്. ഭാഷാനൈഷധാദി ചമ്പുക്കൾ "കൈരളിയുടെ അനർഘങ്ങളും അനശ്വരങ്ങളും ആയ ആഭരണങ്ങൾ" തന്നെയാണ്, സംശയമില്ല. എന്നാൽ, അങ്ങിനെ ഒരു സാഹിത്യസമുച്ചയം മലയാളഭാഷയിൽ ഉണ്ടെന്നുള്ള കഥതന്നെ അറിയാത്തവരായി പലരേയും ഇന്നത്തെ വായനക്കാരുടെ ഇടയിൽ കാണാം. അക്കൂട്ടരെ, ഇനിയെങ്കിലും ഈ സഹൃദയമരാളകളകൂജിതം ആ സുഖസമുഖമായ സാരസ്വതസരസ്സിലേയ്ക്കാകർഷിക്കട്ടെ!

'ചന്ദ്രോത്സവ'ത്തിന്റെ കർത്താവു് മഴമംഗലം നമ്പൂതിരിയാണെന്നാണ് നമ്പ്യാരവർകളുടെ അഭിപ്രായം. ഇതു്, എഴുത്തച്ഛനോ ഭട്ടതിരിപ്പാടോ ആണെന്നു പറയുന്നതിനെക്കാൾ സ്വീകാര്യമായിരിക്കുന്നു എന്നല്ലാതെ, ഇതിനോടു പൂർണ്ണമായി യോജിപ്പാൻ തല്ക്കാലം നിവൃത്തിയില്ല. ഈ സംഗതി ഇനിയും ചിന്തനീയമായിരിക്കുന്നേ ഉള്ളു. ചന്ദ്രോത്സവത്തിലെ "നിഗമവിടപിശാഖേ" ത്യാദിയായ മംഗളപദ്യംകൊണ്ടു സ്തുതിക്കപ്പെട്ടിരിക്കുന്ന ദേവത, ലേഖകൻ ഊഹിക്കുന്നവിധം മഴമംഗലത്തിന്റെ പരദേവതയായ 'വലയാധീശപുരി'യല്ല; അങ്ങിനെയാണെങ്കിൽ നാലാം പാദത്തിലെ 'ഹരകുമാരി'ക്കു ശേഷമുള്ള 'മന്ദിരാവാസിനീ' എന്ന പദത്തിനു് എന്തെങ്കിലും ഒരർത്ഥം ഉണ്ടാക്കിത്തീർക്കേണ്ടിവരുന്നു. വാസ്തവത്തിൽ 'ഹരികുമാരീമന്ദിരാവാസിനീ' എന്നാണ് പാഠം. അതു സമസ്തപദവുമാണ്. 'ഹരകുമാരീമന്ദിരം' ചന്ദ്രോത്സവകഥാരംഗമായ ചിററിലപ്പള്ളിക്കടുത്ത 'അരികന്നിയൂർ' (അരിയന്നൂർ) ക്ഷേത്രമാകുന്നു. മഴമംഗലം 'ഊരകത്തമ്മ'യെ വിട്ടു് 'അരികന്നിയൂർ'ഭഗവതിയെ ആരാധിപ്പാൻ ന്യായം പോരാ. അതിനാൽ, ഈയൊരു മംഗളപദ്യം തന്നെ, ചന്ദ്രോത്സവകർത്തൃത്വം മഴമംഗലത്തിൽ ആരോപിപ്പാൻ ആലോചിച്ചിട്ടു വേണം എന്നു നമ്മോടു് ഉപദേശിക്കുന്നു. ഭാഷാനൈഷധാദികളിലേയും ചന്ദ്രോത്സവത്തിലേയും രചനാരീതിക്കു ഗണനീയമായ വ്യത്യാസമുള്ളതും വിസ്മരിച്ചുകൂടാ.

ചന്ദ്രോത്സവകാരന്റെ 'നവനവോല്ലേഖനൈപുണി'യെ കാണിപ്പാനായി, (൫൩- ൫൪ ഈ ഭാഗങ്ങളിൽ) ഉദ്ധരിച്ചിട്ടുള്ള പദ്യങ്ങളുടെ കൂട്ടത്തിൽ,

"സാ ദൌഹൃദഭ്രമവശാദനിശം വിളർത്ത
താമ്യന്മുഖീ കതിപയാഭരണാ ചകാശേ
പ്രാപ്തപ്രഭാതസമയാ പരിഹീനചന്ദ്രാ
നാലഞ്ചുതാരതരളാ പ്രഥമേവ സന്ധ്യാ."

എന്ന പദ്യം ചേർത്തതു് അത്ര സന്ദർഭോചിതമായില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഈ

ശ്ലോകം, എത്താണ്ട്,

"ശരീരസാദാദസമഗ്രഭൂഷണാ
മുഖേന സാലക്ഷ്യത ലോദ്ധ്രപാണ്ഡുനാ
തനുപ്രകാശേന വിചേയതാരകാ
പ്രഭാതകല്പാ ശശിനേവ ശർവ്വരീ."

എന്ന രഘുവംശപദ്യത്തിന്റെ നേർപ്പകർപ്പാണല്ലോ. അഥവാ, ഇതു ചേർത്ത സ്ഥിതിക്ക്, പൂർവ്വകവികളുടെ ഉച്ഛിഷ്ടം വാരിയെടുത്തു 'ചർവ്വിതചർവ്വണം' ചെയ്യുന്ന ആധുനികകവികളെ ആക്ഷേപിക്കാതിരുന്നാലും മതിയായിരുന്നു. ഇതു രണ്ടും കൂടി വായിക്കുമ്പോൾ, നിരൂപകൻ പക്ഷപാതിയാണോ എന്നൊരു ശങ്ക വായനക്കാർക്കു തോന്നിയേക്കാം.

ഇങ്ങനെ നിസ്സാരങ്ങളായ ഏതാനും ന്യൂനതകൾ ഈ ഉപന്യാസങ്ങളിൽ അവിടവിടെ ഇല്ലെന്നു പറഞ്ഞുകൂടാ. 'രാമണീയകത്വം', (രാമണീയകം) 'മഹൽകവികൾ', (മഹാകവികൾ) 'ജനസാമാന്യം', (സാമാന്യജനങ്ങൾ) മുതലായി ഇപ്പോൾ സർവ്വസാധാരണങ്ങളായിത്തീർന്നിട്ടുള്ള അപശബ്ദങ്ങൾ ഈ പുസ്തകത്തിലും കടന്നു സ്ഥലംപിടിച്ചിട്ടുണ്ട്. പാശ്ചാത്യനെ 'പാശ്ചിമാത്യ'നാക്കിയതു മഹാകഷ്ടം തന്നെ. കീർത്തിപ്പെട്ട കെ. എം. മുതലായ എഴുത്തുകാർ പ്രയോഗിച്ചിട്ടുള്ളതാണെങ്കിലും, 'പാശ്ചിമാത്യ'പദം പണ്ഡിതന്മാർ സ്വീകരിച്ചുകണ്ടിട്ടില്ല. 'ധർമ്മരാജാനിരൂപണ'ത്തിൽ, ഒരേടത്തു " 'ദുസ്സാദ്ധ്യ'ത്തിനു പകരം 'ദുസ്സാധം' എന്നിപ്പോൾ ധാരാളം ഉപയോഗത്തിൽ വന്നിട്ടുണ്ട്" എന്നെഴുതിക്കാണുന്നു. ഇതു വായിച്ചാൽ, ദുസ്സാധമല്ല ദുസ്സാദ്ധ്യം എന്നതാണ് സാധാരണം, എന്നാണല്ലോ തോന്നുക. വാസ്തവം നേരേ മറിച്ചല്ലേ? ദുസ്സാധപദം തന്നെയാണ്, 'ദുർല്ലഭാ'ദികളെപ്പോലെ, സാധാരണമായിട്ടുള്ളതെന്നു തോന്നുന്നു. ദുസ്സാദ്ധ്യം 'ദുർല്ലഭ്യാ'ദികളുടെ വർഗ്ഗത്തിൽ പെട്ടതത്രേ.

ഈവക ചില്ലറ അപഭ്രംശങ്ങളെ ഭൂതക്കണ്ണാടിയിൽകൂടെ കാണുന്ന ദോഷൈകദൃക്കുകൾക്കുപോലും ഏറെയൊന്നും ആക്ഷേപിപ്പാൻ വകയില്ലാത്ത ഈ ഗുണഭൂയിഷ്ഠമായ ഗ്രന്ഥം ഭാഷാസാഹിത്യത്തിലേയ്ക്കു ഒരു നല്ല സമ്പാദ്യം തന്നെയാണ്. 'ഭാഷാവിഷയവാദങ്ങൾ,' 'സംസ്കൃതവ്യാകരണവും മലയാളവ്യാകരണവും' എന്നീ രണ്ടുപന്യാസങ്ങൾ വിഷയവ്യത്യാസത്താൽ 'സാഹിത്യപ്രകാശിക' എന്ന നാമധേയത്തെ വഹിക്കുന്ന ഈ പുസ്തകത്തിന് അത്ര യോജിച്ചവയല്ലെന്നാണ് ഞങ്ങൾക്കു തോന്നിയത്. ഈ പുസ്തകത്തിന്റെ പ്രസാധകന്മാരേയും, പ്രകാശകന്മാരേയും ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കുകയും, ഇതിന്റെ രണ്ടാം ഭാഗത്തിന്റെ ആവിർഭാവം ഉൽക്കണ്ഠയോടെ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

# മണിതൈലം

(പുറമെ തേക്കുന്നതിന്നു മാത്രം)

ഈ സുഗന്ധതൈലം ശരീരത്തെ പോഷിപ്പിക്കുന്നു. തലയെ തണുപ്പിക്കുകയും ചെയ്യുന്നു. ഇത് തല മിനുക്കുവാനും മററും വളരെ പററിയതാണ്. ഇത് ദിവസേന തേച്ചാൽ ക്ഷീണിച്ച ശരീരത്തിന്നു ശക്തിയും, വീൎയ്യവും ഉണ്ടാക്കിത്തീൎക്കും. ഇത് ഉപയോഗിച്ചാൽ അധികം തടിച്ചവരുടെ ശരീരത്തിന്മേലുള്ള അധികം മാംസം പൊയ്പോകും. ഇത് തലയിലെ രോമം കൊഴിഞ്ഞുപോകുന്നതു നിൎത്തൽചെയ്യുന്നതു കൂടാതെ, മുടി മാൎദ്ദവമുള്ളതും ശോഭയോടുകൂടിയതും ആക്കിത്തീൎക്കും. അകാലനരയും ഇതു നിൎത്തൽചെയ്യും. ചെറുപ്പക്കാരുടെ മുഖത്തുണ്ടാവുന്ന മുളക്കൾ മുതലായ്ത് ഇതു തേച്ചാൽ ഉടനെ പൊയ്പോകും. ഉറങ്ങാൻ പോകുമ്പോൾ ഉള്ളങ്കയ്യിലും കാലിന്റെ അടിയിലും തേച്ചാൽ ക്ഷീണത്തിന്നു വളരെ സുഖമുണ്ടാകും. അധികം അദ്ധ്വാനിച്ചു പഠിക്കുകയൊ വേറെ വല്ല പ്രവൃത്തിയും ചെയ്കയൊ ചെയ്തതിന്റെ ശേഷം ഇതു തലയിൽ പുരട്ടിയാൽ വളരെ സുഖമുണ്ടാകും. ഈ തൈലത്തിൽ പലെവിധം ആയുൎവ്വേദതൈലങ്ങളിലെയും മരുന്നുകൾ ശാസ്ത്രപ്രകാരം ഇതിൽ ചേൎന്നിട്ടുണ്ട്. ഇതു ഉപയോഗിച്ചാൽ പകരുന്ന വ്യാധികൾ വേഗത്തിൽ പിടിക്കയില്ല. 5. തോല തൈലമുള്ള കുപ്പി ഒന്നിന്നു വില ക. 1.

വൈദ്യശാസ്ത്രി,
മണിശങ്കർ ഗോവിന്ദജി,
ആതങ്കനിഗ്രഹ ഔഷധാലയം

157, ബ്രാഡ്വെ, }
961 മൌണ്ട്റോഡ } മദ്രാസ്.

# P. Subbaroy's

## World Renowned & Most Efficacious

### AYURVEDIC MEDICINES

൧. ധാതുപുഷ്ടികാരി

ധാതുനഷ്ടം, ബലഹീനത, ലക്ഷണമില്ലായ്ക, വിശപ്പില്ലായ്ക, നേത്രം, കൈ, കാൽ മുതലായവയുടെ നീറൽ, നീരൊഴിവു, മധുമേഹം, കല്ലടപ്പു (മൂത്രാഘാതം), മുതലായ പലവിധ അസ്ഥിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും. ഡപ്പിക്കു വില ക ൨. തപാൽ ചിലവു ൬ ണ. വേറെ.

൨. അഗ്നിമാന്ദ്യസംഹാരി

ദഹനമില്ലായ്ക, പുളിച്ചുതികട്ടുക, നെഞ്ചുകലിക്കുക, മലബന്ധം, വയറുനോവ്, വായനാററം, അജീർണ്ണം, വയറുവീപ്പു, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പിക്കു വില അണ ൮. ൨ ഡപ്പികൾവരെ തപാൽ ചിലവു ൬ ണ. വേറെ.

൩. പ്രമേഹനിവാരണി

സിരാമേഹം, ഇടുപ്പുവലി, മൂത്രമധികമായും തടഞ്ഞും പോവുക, മേസ്രപ്പുകച്ചൽ, രക്തമേഹം മുതലായ വ്യാധികളിൽ നിന്നു സ്ത്രീപുരുഷന്മാരെ നിവൎത്തിക്കും. ഋതുകാലങ്ങളിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും. കുപ്പി ൧-ക്കു വില ക ൧. ൬ കുപ്പികൾ വരെയുള്ള ബങ്കിക്കു തപാൽ ചിലവു ൩ ണ. വേറെ.

൪. ലക്ഷ്മീകരകസ്തൂരിഗുളികകൾ

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സശ്രദ്ധം ഉപയോഗിക്കേണ്ടും വിലയേറിയ സാധനം. ദന്തവേദന വായനാററം, അജീർണ്ണം, പിത്തവായു ഇവയെ ശമിപ്പിക്കും. തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തൊടുകൂടി ൨ ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തേയും ജീർണ്ണപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തൊടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കുകയില്ലാ. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ചേൎത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചകർപ്പൂരം മുതലായ അധികം വിലയേറിയ സാമാനങ്ങൾ ഇതിൽ ചേൎത്തിട്ടുണ്ട്. ഛർദ്ദി, കാസശ്വാസം, ജ്വരം, അതിസാരം, പ്ലേഗ് മുതലായ രോഗങ്ങൾക്കു വയസ്സിന്റെ ഏററക്കുറച്ചൽ പോലെ ഒന്നുമുതൽ നാലുവരെ ഗുളികകൾ വെററിലച്ചാററിൽ കൊടുത്താൽ സുഖപ്പെടും. കുപ്പി ൧-ക്കു വില ൪ ണ. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബങ്കിക്കു തപാൽ ചിലവു ൬ ണ. വേറെ.

൫. വേദനാസംഹാരി തൈലം

ഈ തൈലം അല്പം പിരട്ടിയാൽ കൈകാൽ മുതലായ അംഗങ്ങളിൽ കുത്തിനോവുക, വീക്കം, മുടക്കുവാതം, നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാവുന്ന ശൂല, ഇടുപ്പുവേദന, പാൎശ്വവായു, മേഹവായു, തിമിരം മുതലായ പലവ്യാധികൾ ഭേദപ്പെടും. കുപ്പി ൧-ക്കു വില ക ൧. ൩ കുപ്പികൾവരെ തപാൽചിലവു അണ ൬.

൬. സുഗന്ധകുന്തളതൈലം

ഈ തൈലം പിരട്ടിയാൽ തലമുടി, മീശ, ഇവ ബഹുപുഷ്ടിയായും ഞെറുക്കമായും വളരും. കണ്ണിനു കുളൎമയുണ്ടാകും. സകലകൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പട്ടരോമം കറുക്കും. രോമം കൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിവുണ്ടാകും. കുപ്പി ൧-ക്കു വില ൮ ണ. ൨ കുപ്പികൾവരെ തപാൽ ചിലവു ൩ ണ വേറെ.

൭. നേത്രബിന്ദു

കണ്ണിൽ ഉണ്ടാവുന്ന കൺനോവു, കൺപുകച്ചിൽ, ചുവന്നു നീരെടുപ്പു, മഞ്ഞൾ, മാലക്കണ്ണ്, പീളകെട്ടൽ, ദശവളച്ചു, പൂവ്വ്, ചെരപ്പു, എരിച്ചൽ, ഇമപുരികം ഇവയുടെ വലിവു, പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. കുപ്പി ൧-ക്കു വില ൮ ണ ൬ കുപ്പികൾവരെ തപാൽ ചിലവു ൬ ണ.

കർണ്ണബിന്ദു

ചെവികുത്തു, ചെവിയടപ്പു ഇരച്ചൽ മുതലായ കർണ്ണരോഗങ്ങളേ സുഖപ്പെടുത്തും. ശ്രവണസൂക്ഷ്മത ഉണ്ടാകും. കുപ്പി ൧-ക്കു വില ൮ ണ. ൬ കുപ്പികൾവരെ തപാൽ ചിലവു ൩ ണ വേറെ.

൯. മണ്ഡലകുഷ്ഠസംഹാരി

മണ്ഡലകുഷ്ഠം, പുഴക്കടി, തഴുതണം, നിറങ്ങണി എന്ന പേരുള്ള രോഗത്തിൻ സിദ്ധൌഷധം. ത്വഗ്രോഗങ്ങൾ പലതും മാററും. മേമൽ ദേഹകുഷ്ഠം മുതലായവയേ ശമിപ്പിക്കും. കുപ്പി ൧ ക്ക വില ൮ ണ. ൯ കുപ്പികൾവരെ തപാൽ ചിലവ് ൩ ണ.

൧൦. സുഖവിരേചനഗുളികകൾ

മലശോധന ശരിപ്പെടുത്തും ജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലപ്പിടുത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പലരോഗങ്ങളേയും ശമിപ്പിക്കും. ഡപ്പി ൧ ക്ക വില ൭ ണ ൩ വരെ ഡപ്പികൾക്കു തപാൽ ചിലവു ൩ ണ വേറെ.

൧൧. ജ്വരസംഹാരി

കുളിപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം അസ്ഥിജ്വരം മുതലായവയ്ക്കു നന്നു. ഡപ്പി ൧ ക്ക ൧ ക. തപാൽ ചിലവ ൩ ണ വേറെ.

൧൨. രോമസംഹാരി

രോമം വേണ്ടാത്തദിക്കിൽ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ നീക്കും. കുപ്പി ൧ ക്കു വില ൮ ണ. ൩ കുപ്പികൾവരെ തപാൽകൂലി ൩ ണ. വേറെ.

൧൩. ദന്തചൂൎണ്ണം

സുഗന്ധമായുള്ളതു എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. കുപ്പി ൧ ക്ക വില ൩ ണ. ൬ കുപ്പികൾവരെ തപാൽ ചിലവു ൩ ണ വേറെ.

൧൪. മൃഗകസ്തൂരി

കാശ്മീരത്തുനിന്നു വരുത്തീട്ടുള്ള ഒന്നാംതരം കസ്തൂരി എപ്പോഴും അപ്പീസിൽ ഉണ്ട്. ഉരുപ്പികത്തൂക്കത്തിന്നു ൮ ക. വില. ൧ ക മുതല്ക്കുള്ള ഏതു സംഖ്യക്കും കൊടുക്കപ്പെടും. തപാൽ ചിലവു പുറമെ

൧൫. തേൾക്കടിക്കുള്ള സിദ്ധൌഷധം

കടിവായിൽ ഏതാനുംതുള്ളി മരുന്നു വീഴ്ത്തിയാൽ ഉടൻ ഗുണം കാണപ്പെടുന്നതാണ്. എല്ലാ വീടുകളിലും ഓരോ കുപ്പി എങ്കിലും കരുതി വെക്കേണ്ടതാണ. കുപ്പി ൧ ക്കു വില ൮ ണ.

ഇന്ത്യയിലും ബൎമ്മയിലും ൧ മുതൽ ൧൨ വരെ കുപ്പികൾക്കു വീ. പി. ചിലവ് ൭ ണ വേറെ സിലോണിൽ മേപ്പടിക്ക ൬ ണ. ഒന്നായി ഒരു ഡജൻ കുപ്പിയിൽ കുറയാതെ വാങ്ങുന്നവൎക്കു ഡജനു ഒന്നുക്കു ൧. ൭. ൦. പ്രകാരം കൊടുക്കപ്പെടും വി. പി. ചിലവ് ഡജൻ ൧ ക്കു ൪ ണ വേറെ.

൧൬. വ്രണനാശകർതൈലം

ഈ തൈലം വെള്ളത്തുണിയിൽ പിരട്ടി വ്രണത്തിൽ വെച്ചു കെട്ടിയാൽ സകലവിധ വ്രണങ്ങളും ക്ഷണനേരത്തിൽ സുഖപ്പെടുന്നതാണു. കുപ്പി ൧ ക്ക വില ൭ ണ. ഇന്ത്യയിലും ബൎമ്മയിലും ൧ മുതൽ ൩ വരെ കുപ്പികൾക്ക വി. പി. ചിലവ ൩ ണ വേറെ.

൧൭. അത്ഭുതകരകണ്ഠശുദ്ധിഗുളികകൾ

ഈ ഗുളികകൾ സ്വരത്തെ വ്യക്തപ്പെടുത്തുന്നതിനും ബലപ്പെടുത്തുന്നതിനും വളരെ വിശേഷമാണു. ഭാഗവതർമാർ പ്രാസംഗികന്മാർ, ഉപാദ്ധ്യായന്മാർ മുതലായവൎക്കു പ്രത്യേകാവശ്യമുള്ളതാണു. തൊണ്ടയടപ്പിനും പ്രത്യേകൌഷധമാണു. കുപ്പി ൧ ക്കു വില ൭ ണ. ഇന്ത്യയിലും ബൎമ്മയിലും ൧ മുതൽ ൩ വരെ കുപ്പികൾക്കു വി. പി. ചിലവു ൩ ണ. വേറെ.

൧൮. ദേഹശുചീകരപരിമളചൂൎണ്ണം

ഈ സൌരഭ്യമുള്ള പൊടിയെ ദിവസേന ദേഹത്തിൽ തേച്ചുകുളിച്ചാൽ ദേഹത്തിൽ നല്ല വാസനയുണ്ടാകും തേമൽ, കൈകാൽ നീറൽ, ശരീരവറൾച്ച, കരപ്പൻ, തലവേദന, പോരിമേഹം, മേഹറൽ മുതലായതു കൂടാതെ പിറവും അനേക തരത്തിലുള്ള ത്വഗ്രോഗങ്ങൾ മാറുന്നതുമാണു. കാന്തിയും ആരോഗ്യവും ഉണ്ടാകും. കുട്ടികൾക്കും പ്രായം ചെന്നവൎക്കും ഉപയോഗിക്കാവുന്നതാണു. ഡപ്പി ൧ ക്ക വില ൭ ണ, വി. പി. ചിലവ് ൩ ണ വേറെ.

൨൦. സഞ്ജീവഗുളിക.

തലകുത്ത്, തലവേദന, ഉറക്കമില്ലായ്ക, വയററിലുണ്ടാവുന്ന വായുവികാരം, ജലദോഷം, ചുമ, പനി, ഇക്കിൾ, അജീൎണ്ണം മുതലായി കുട്ടികൾക്കുണ്ടാവുന്ന എല്ലാ രോഗങ്ങൾക്കും ഈ ഗുളിക ഒരു സിദ്ധൌഷധമാണ്. പ്രായംചെന്നവൎക്കും മേപ്പടി രോഗങ്ങൾക്കു ഈ ഗുളികകൾ ഉപയോഗിക്കാവുന്നതുമാണ്.

കുപ്പി ൧ ക്ക് വില ൧൦ ണ. ഇന്ത്യയിലുംബൎമ്മയിലും ൧ മുതൽ ൩ വരെ കുപ്പികൾക്ക് വി. പി. ചിലവ് ൩ ണ വേറെ

൨൧. ഉയൎന്നതരം ഗോരോചനഗുളിക.

ഈ ഗുളികയാൽ എല്ലാവിധ പനിയും സുഖപ്പെടുന്നതാണ്. അതിനുപുറമെ കുട്ടികളെ സാധാരണയായി ബാധിക്കുന്ന പനിക്കും, വയറിളകിപ്പോകൽ, അജീൎണ്ണം, ചുമ, ജലദോഷം, തലവേദന മുതലായ രോഗങ്ങൾക്കും പ്രായം കുറഞ്ഞവൎക്കും പ്രായം തികഞ്ഞവൎക്കും ഒരുപോലെ ഉപയോഗിക്കാവുന്നതും ഫലത്തെ കൊടുക്കുന്നതുമാകുന്നു. കുപ്പി ൧ ക്കു വില

൫ ണ. ൫ മുതൽ ൬ വരെ കുപ്പികൾക്കു വി. പി. ചിലവ് ൧ ണ വേറെ.

## ൨൨. ത്വഗ്രോഗസംഹാരി

ചൊറി, ചിരങ്ങ് പുഴുക്കടി, കരപ്പൻ മുതലായി കുട്ടികളെ ബാധിക്കുന്ന പലവിധ ത്വഗ്രോഗങ്ങളും ഈ മരുന്നു പുറമെ പിരട്ടുന്നതിനാൽ വേഗം സുഖപ്പെടുന്നതാണു. കുപ്പി ൧ ക്കു വില ൮ ണ ൫ തൽ ൨ വരെ കുപ്പികൾക്കു വി. പി. ചിലവ് ൨ ണ വേറെ.

## ൨൩. കെശസുവാസനി

ഈ ഔഷധം എത്രയും വിലയേറിയ ഇംഗ്ലീഷ് സുഗന്ധദ്രവ്യങ്ങളേയും വേറെ ഉചിതമായ നാട്ടു ഔഷധങ്ങളേയും ചെൎത്തു ഉണ്ടാക്കപ്പെട്ടതാകുന്നു. ഇതു ശിരസ്സിനെ തണുപ്പിക്കുന്നതും തലവെദന, തലതിരിച്ചൽ മുതലായ ശിരോവ്യാധികൾക്കു വിശേഷമായ മറ്റുള്ള ഔഷധങ്ങളെക്കാൾ ഗുണത്തെ ചെയ്യുന്നതും തലച്ചോറിനെ തണുപ്പിക്കുന്നതും ആണ്. തലമുടിയെ കറുപ്പിച്ചു അധിക ആഹ്ലാദത്തോടു വളൎച്ചയെ ചെയ്യും. രോമങ്ങളുടെ കൊഴിച്ചലിനെ തീരെ നിൎത്തും പരീക്ഷിച്ചാൽ സന്തോഷിക്കാം. കുപ്പി ൧ ക്കു വില ക൫ ൫ മുതൽ ൨ വരെ കുപ്പികൾക്കു തപാൽ ചാൎജ് അണ ൧.

## ൨൪. രക്ഷാമൃതം

സ്ഥാവരവൎഗ്ഗത്തിൽ അനേകം അപൂൎവ്വമൂലകങ്ങളാൽ ചെയ്യപ്പെട്ടിട്ടുള്ള ചൂൎണ്ണം, കാപ്പി, ചായ ഇതുകൾക്കുപകരം ഉപയോഗിക്കാൻവേണ്ടി തയാർചെയ്യപ്പെട്ടിട്ടുള്ളതാണു. കാപ്പി, പാൽ ഇതുകൾക്കുള്ള ദുൎഗ്ഗുണങ്ങൾ ഇതിനില്ലാ. കാപ്പിപ്പൊടിയെ നാം ഏതുപ്രകാരം ഉപയോഗിക്കുന്നുവോ അതേപ്രകാരം ഇതിനെയും ഉപയോഗിച്ചാൽ ഏററവും രുചിയുള്ള ഒരു പാനമാകും ശിശുക്കൾ മുതൽ വൃദ്ധന്മാർവരെ എല്ലാവൎക്കും ഉപയോഗിക്കാം. ജ്വരം, സന്നിപ്രസവം, ഛൎദ്ദി, അതിസാരം മുതലായ കാലങ്ങളിൽമേപ്പടി ചൂൎണ്ണത്തിൽ കഷായത്തെ പാൽകൂട്ടിയൊ കൂട്ടാതെയൊ സമയത്തിനു തക്കപൊലെ ഉപയോഗിച്ചാൽ ജനങ്ങളെ വ്യാധിയിൽനിന്നു ഗുണപ്പെടുത്തുന്നതിനുപുറമെ വ്യാധിവരാതെയും രക്ഷിക്കും. പിത്തം, വായു, കാസം, ക്ഷയം, അജീൎണ്ണം, മലബന്ധം, തലവലി മുതലായ രോഗങ്ങളെമാററും. രക്തത്തെ ശുദ്ധിചെയ്തു ധാതുപുഷ്ടിയെയും ദെഹാരോഗ്യത്തെയുംതരും. അഗ്നിമാന്ദ്യം ഉള്ളവൎക്കും മൂത്രരോഗികൾക്കും എത്രയും വിശേഷമായമരുന്നു. ഈ മരുന്നിനെ ക്രമമായി ഉപയോഗിച്ചുവന്നാൽ മൂത്രരോഗികളുടെ നീരിലുള്ള മധുരത്തെയും നീരിൻ അളവെയും കുറച്ചു മൂത്രരോഗത്തെ ഭേദമാക്കി സുഖപ്പെടുത്തും. ദെഹത്തിലുള്ള ഉഷ്ണത്തെ ശാന്തിചെയ്യും ബുദ്ധിക്കു നല്ല തീവ്രതയുണ്ടാക്കും. പഠിക്കുന്ന കുട്ടികൾ വക്കീലന്മാർ ഉദ്യോഗസ്ഥന്മാർ മുതലായവൎക്കു വിരോധഗുണങ്ങളുള്ള കാപ്പി, ചായ ഇതുകളെ വിട്ടു ഈ ചൂൎണ്ണത്തെ ഉപയോഗിക്കുന്നതു വളരെ അനുകൂലം.

ഡപ്പി ൧ ക്കു വില ൬ ണ. വി. പി. ചിലവ ൩ ണ വെറെ ൧ ണ മുദ്ര മുൻകൂറായി അയച്ചാൽ ൫ ഡപ്പി അയക്കുന്നതാകുന്നു.

## ൨൫. സർബ്ബത്തുകൾ

മുന്തിരിങ്ങാപ്പഴം, നന്നാരിവേരു, റോസാപുഷ്പം, വാഴപ്പഴം, ചെറുനാരങ്ങ, മധുരനാരങ്ങ, ബത്താകൊട്ടപ്പഴം, ശീമഎലന്തപ്പഴം, ഇഞ്ചി, ഈവക സർബത്തുകൾ ഏററവും വിശേഷമായ പഴവൎഗ്ഗങ്ങളിൽ നിന്നെടുത്തു ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു. ഈ സബ്ബത്തുകൾ തുള്ളിക്കണക്കിൽ ഉപയോഗിച്ചാൽ മതി. മേപ്പടി സബ്ബത്തുകളിൽനിന്നു അഞ്ചുതുള്ളികൾ ഒരുസെർ പച്ചവെള്ളത്തിൽ ചെൎത്താൽ ഏററവും മധുരമായും ഏതു പഴത്തിൽനിന്നു സബ്ബത്തുണ്ടാക്കീട്ടുണ്ടൊ ആ പഴത്തിൻ വാസനയോടുകൂടിയതായും ഇരിക്കും. വലിയ കുപ്പികളിൽ അടച്ചു സാധാരണയായി അങ്ങാടികളിൽ വില്ക്കുന്ന സബ്ബത്തുകളെക്കാൾ പതിനായിരം പങ്കു ജാസ്തിഗുണമുള്ളതായിരിക്കും എന്റെ സബ്ബത്തുകൾ അര ഔൺസു കുപ്പികളിൽ വില്ക്കപ്പെടുന്നു. ഈ ചെറിയ കുപ്പികളിലുള്ള സബ്ബത്തു സുമാർ ൨൦ സേർ പച്ചവെള്ളത്തിൽ അല്ലെങ്കിൽ സോഡാവെള്ളത്തിൽ ചേൎത്താൽ ൨൦ സെർ രുചിയുള്ള സബ്ബത്തായിത്തീരും അര ഔൺസ് കുപ്പി ൧ ക്കു വില അണ ൮ ൫ മുതൽ ൰ വരെ കുപ്പികൾക്കു വി. പി. ചിലവ് ൧ ണ വെറെ.

## ൨൬. സുഗന്ധമായമൂക്കുപൊടി

ഈ പൊടിയിൽ വളരെ സുഗന്ധങ്ങൾ ചേൎത്തിട്ടുണ്ടു ഇതിനെ തനിയെ ഉപയോഗിപ്പാൻ പാടില്ല. സാധാരണയായി കിട്ടുന്നപൊടിയിൽ കുറേശ്ശയായി ചേൎത്തുവലിക്കണം. ഈ പൊടി വളരെ ഗുണകരമായുള്ളതും സുഗന്ധത്തെയുണ്ടാക്കുന്നതുമാകുന്നു ഒരാൾക്കു പരിമളത്തെ മാത്രമല്ലാ കൊടുക്കുന്നതു. സാധാരണയായി പൊടിവലിക്കുന്നവരുടെ അടുക്കെ ഇരുന്നാലുള്ള ദുൎഗ്ഗന്ധത്തെക്കൂടെ പൊക്കുന്നതായ ഒരു വിശേഷ വസ്തുവാണു. ഈ വാസന അധികം നാൾ നില്ക്കും പൊടിയെ വളരെ നാൾ കേടുതട്ടാതെയുമാക്കും: ഈ പൊടി ജലദോഷം, തലവേദന, മൂക്കിലുള്ള ദുർനാററം, മയക്കം മുതലായ ഉപദ്രവങ്ങളെ

പൊകാതാക്കുന്നതാണ്. ഇതുവളരെ കൂടക്കൂടെ പൊടിവലിക്കേണമെന്നുള്ള ആശയെ ഇല്ലാതാക്കുന്നതാണു. ഒരുകുപ്പി മൂക്കുപൊടിവാങ്ങിയാൽ, ഒരു മാസത്തോളം നില്ക്കുന്നതാണു. ഒരു കുപ്പിക്കുവില ൩ അണ ൫ മുതൽ ൨൫ കുപ്പികൾക്കു വി. പി. ചാൎജ്ജ് ൫ അണ. ൨ മുതൽ ൩ കുപ്പികൾക്ക് ൫ അണ ൬ മുതൽ ൫൦ കുപ്പികൾക്ക് ൭ അണ.

## ൫൬ അശോകഘൃതം

തെററിയുണ്ടാവുന്ന തീണ്ടാരി, വേദനയോടുകൂടെ പ്രതിമാസമുണ്ടാവുന്ന തീണ്ടാരി, തീണ്ടാരികാലങ്ങളിൽ സന്ധികളിലുണ്ടാവുന്നവേദന, കാലനിൎണ്ണയമില്ലാത്ത തീണ്ടാരി, മാസന്തോറുമുണ്ടാകുന്ന തീണ്ടാരിയിൽ അധികമായോ ചുരുങ്ങിയോ ആയ രക്തപ്പോക്ക്, മച്ചി എന്ന അവസ്ഥ, സാധാരണയായ ഗൎഭമലസൽ, എന്നീ രോഗങ്ങളേയും, ക്രമംതെററിയ തീണ്ടാരിനിമിത്തമുണ്ടാകുന്ന മറെറല്ലാരോഗങ്ങളേയും ശമിപ്പിപ്പാൻ ഇതു ഏററവും വിശേഷപ്പെട്ട ഒരൌഷധമാകുന്നു. മാസന്തോറുമുണ്ടാകേണ്ടുന്ന തീണ്ടാരിക്കു ഈ ഔഷധം മേത്തരമായതും ഫലിതമായതുമാകുന്നു. ദേഹസുഖമുള്ള നല്ല കുട്ടികൾ ഉണ്ടാകേണ്ടതിന്നു ആഗ്രഹിക്കുന്ന സ്ത്രീകൾ ഇതിനെ ഉപയോഗിക്കേണ്ടതാണു. കുപ്പി ൧ക്കു വില ക ൧ വി. പി. ചാൎജ്ജ് ൧ മുതൽ ൨ വരെ കുപ്പികൾക്ക് ൫ അണ വെറെ.

## ൫൭. ബൃഹൽ ചന്ദ്രോദയമകരദ്ധ്വജ.

മനക്കമ്പത്തോടുകൂടിയ ദൌൎബല്യം, സത്വക്ഷയം, വാൎദ്ധക്യകാൎശ്യം, വിസ്മൃതി, നിശാസ്ഖലിതം എന്നിവകൾക്ക് വിലയേറിയ ഒരൌഷധമാകുന്നു ഇതിൻെറ ഫലിതം അത്ഭുതകരവും ആയത നാൾക്കുനാൾ അഭിവൃദ്ധിയോടുകൂടി കാണപ്പെടാവുന്നതും ആകുന്നു ചെറുപ്പകാലങ്ങളിലുണ്ടായ ദുൎവൃത്തികളാൽ യൌവനം നഷ്ടപ്പെട്ടുപോയിട്ടുള്ളവർ ഈ ഔഷധത്തെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണു. അല്പകാലത്തിനുള്ളിൽ ഇതു അവരെ യൌവനമുള്ളവരാക്കിത്തീൎക്കുമെന്നതു നിശ്ചയമാണു ഒരാഴ്ചയ്ക്കു വേണ്ടുന്നതിന്നു വില ക ൨ വി. പി. ചാൎജ്ജ ൫ അണപുറമെ

## ൫൮ ച്യവനപ്രാശം

ശ്വാസനാഡികളേയും തൊണ്ടയേയും സംബന്ധിച്ചുള്ള എല്ലാരോഗങ്ങൾക്കും ഇതു മേത്തരം ഔഷധമാകുന്നു. കഫസംബന്ധമായ എല്ലാതരം ഉപദ്രവങ്ങൾക്കും ഇതു ശ്രുതിപ്പെട്ട ഒരു ശമനൌഷധമാണെന്നുമാത്രമല്ലാ, സ്വരത്തേയും ബലത്തേയും കൂടിയുണ്ടാക്കുന്ന ഒന്നാണു, തൊണ്ടയടപ്പു, ഒച്ചയടപ്പു, ക്ഷയം, എക്കിട്ടം, തൊണ്ടക്കുള്ള അസഹ്യതയാലുണ്ടാവുന്ന കുര എന്നിവയ്ക്കും, തൊണ്ടയേയും ശ്വാസനാഡികളേയും സംബന്ധിച്ചുള്ള എല്ലാ ഉപദ്രവങ്ങൾക്കും കൈകണ്ട ഒരു മരുന്നാകുന്നു. അളുക്ക് ൧ക്ക് വില ക ൨ വി. പി. ചാൎജ്ജ് ൫ അണ പുറമെ.

## ൫൯ മകരധ്വജ

ഇതിനു സമമായ ഒരു യോഗം ഔഷധവൎഗ്ഗത്തിൽ വേറൊന്നില്ലാ. മകരധ്വജ ഔഷധത്തിൻെറ ഉപയോഗത്തിൽ തീരെയൊ അല്പമായൊ നിവൃത്തികിട്ടാത്തരോഗങ്ങളില്ലാ. എല്ലാകാരണത്താലുണ്ടാവുന്ന ബലക്ഷയങ്ങൾക്കും ഇതു ഏററവും തൃപ്തികരങ്ങളായ ഫലങ്ങളെയുണ്ടാക്കുന്നതാകുന്നു. ദീൎഘജ്വരം, വിഷജ്വരം, മുതലായ എല്ലാതരം ജ്വരങ്ങൾ, ചലംപോക്ക്, സ്രാവം, പ്രമേഹം, പ്രസവാനന്തരമുണ്ടാവുന്ന ഉപദ്രവങ്ങൾ, ജലദോഷം, കുര, എക്കിട്ടം, മഹാമാരി, ഓൎമ്മക്കേടു, നീര്, വിഷൂചിക, വയർപഴപ്പ്, ദഹനക്കേടു, മന്ദത, ബലക്ഷയം, തലചുററൽ എന്നിവയെ ശമനപ്പെടുത്തുന്നതിനു മേത്തരവുമാകുന്നു തോല ൧ക്കു വില ക ൨ ഒരാഴ്ച ഉപയോഗിക്കേണ്ടതിന്നു ക ൧ വി. പി. ചാൎജ്ജ് ൫ അണ പുറമെ.

## ൬൦ വസന്തകുസുമാകരം

പ്രമേഹങ്ങൾ, ദൌൎബ്ബല്യം, അതിദാഹം, നാവുവരൾച്ച, കൈകാലുകളിൽ എരിച്ചൽ, ക്ഷീണം, മോഹാലസ്യം, സ്രാവം, പ്രയത്നത്തോടെയുള്ള മൂത്രം വീഴ്ത്തൽ മുതലായ രോഗങ്ങൾക്കു ഇതു ഫലിതമായ ഒരൌഷധമാകുന്നു. ഒരാഴ്ചയ്ക്കു വേണ്ടപ്പെട്ടമരുന്നിന്നു വില ക ൭ വി. പി. ചാൎജ്ജ് ൫ അണ പുറമെ.

## ൬൧ രക്തശുദ്ധി

മനുഷ്യജീവൻെറ പ്രധാനകാരണം രക്തമാണെന്നു എല്ലാവൎക്കും അറിയാവുന്നതാണ്. രക്തത്തിന്ന് ശുദ്ധിയില്ലെങ്കിൽ വായ്പ്പുണ്ണ്, ചെങ്കണ്ണ്, മൂക്കപ്പുണ്ണ്, തൊണ്ടപ്പുണ്ണ്, ശരീരമാസകലം കുരു, ആണി, വീക്കക്കുരു, ചൎമ്മത്തിൽ നിറഭേദം, ഉഷ്ണപ്പുണ്ണ്, തലവേദന, അഗ്നിമാന്ദ്യം, ചൎമ്മത്തിന്നു ചുവപ്പും മാൎദ്ദവമില്ലായ്കയും, ചെകിട്ടും മൂക്കും വീങ്ങൽ, വിളൎപ്പ്, ബലക്ഷയം കുര, മുളാകുഷ്ഠം തഴുതണം മന്ദത സ്വാദില്ലായ്ക ചൊറിച്ചൽ എന്നിവയും ദുൎഗ്ഗന്ധമുണ്ടാക്കുന്നതായ മറെറല്ലാ ചൎമ്മവ്യാധികളും രക്തദൂഷ്യംകൊണ്ടുണ്ടാവുന്നതാകുന്നു. രക്തത്തിൽ അകപ്പെട്ട വിഷത്തെ നീക്കംചെയ്യാൻ രക്തശുദ്ധിയെന്നുപേരായ എൻെറ ഔഷധം മേത്തരമാകുന്നു. ഇതു രക്തത്തെ ശുദ്ധീകരിക്കുന്നതും ശരീരത്തെ ക്രമപ്പെടുത്തി ബലപ്പെടു

ത്തുന്നതും ദഹനത്തെയുണ്ടാക്കുന്നതും നിറത്തെ വരുത്തുന്നതുമാകുന്നു. ൨൦ ദിവസത്തേക്കു വേണ്ടുന്ന അളുക്ക് ൧ക്കു വില ക ൨. ഒന്നോ രണ്ടോ അളുക്കുകൾക്കു വി. പി. ചാജ്ജ് ൫ ണ പുറമെ.

൩൩. സിദ്ധമകരധ്വജ

ഈ ഔഷധം ഹിന്തുവൈദ്യശാസ്ത്രത്തിലുള്ളതിൽവെച്ചു ഏററവും ബലകരമായതാകുന്നു. ഇതു എല്ലാതരം പനികളേയും അഗ്നിമാന്ദ്യത്തേയും അതിൽനിന്നുത്ഭവിക്കുന്ന ചിഹ്നങ്ങളേയും ഞരമ്പുകളിലുള്ള എല്ലാതരം വേദനകളേയും സുഖപ്പെടുത്തുന്നതു കൂടാതെ, ശ്വാസകോശങ്ങളെ സംബന്ധിച്ചുള്ള എല്ലാതരം ക്രമക്കേടുകളേയും നീക്കംചെയ്യുന്നതും ദഹനത്തെ ശരിയായി നിലനിൎത്തുന്നതുമാകുന്നു. ചുരുക്കിപറയുന്നതായാൽ, ഈ ഔഷധംകൊണ്ടു ഭേദപ്പെടുത്തുവാൻ കഴിയാത്തതായ യാതൊരു രോഗവുമില്ല. സിദ്ധമായ ഈ ഔഷധം നിങ്ങൾ ഉപയോഗിക്കുന്നുവെങ്കിൽ നിങ്ങളുടെ ബലത്തേയും യൌവ്വനത്തേയും ഒരു പുരുഷായസ്സുവരെ നിലനിൎത്തുവാൻ നിങ്ങൾക്കു സാധിക്കുന്നതാണ്. തോല ൧ക്കു വില ക ൮൦ ഒരാഴ്ചയ്ക്കുള്ള ഉപയോഗത്തിന്നു ക൩, വി. പി. ചാജ്ജ പുറമെ.

൩൪ വേദനപരിഹാരി

ഈ ഔഷധം അകത്തേക്കും വേദന, സംഹാരി തൈലം പുറത്തേക്കും ഉപയോഗിപ്പാനുള്ളതാകുന്നു. വായുസംബന്ധമായി ശരീരത്തിന്റെ ഏതുഭാഗത്തുമുണ്ടാകുന്ന എല്ലാതരം വേദനകളേയും ശമിപ്പിക്കുവാൻ ഇതൊരു സിദ്ധൌഷധമാകുന്നു. പെട്ടി ൧ക്കു വില ക ൧൦ ൩ പെട്ടികൾവരെ വി. പി. ചാജ്ജ് ൫ ണ മാത്രം.

൩൫. വിഷൂചികാസംഹാരി.

ഈ ഭയങ്കരമായ രോഗത്തിന്നു മേപ്പടി ഔഷധം ഏററവും വിശ്വാസയോഗ്യമായതും ഫലിതമായ ശമനത്തെ വരുത്തുന്നതുമാകുന്നു. പെട്ടി ൧ക്കു വില ക ൧ ൩ പെട്ടികൾവരെ വി. പി. ചാജ്ജ് ൫ ണ മാത്രം.

൩൬ മലബന്ധശമനൌഷധം

പതിവായും ഇടക്കിടയും ഉണ്ടാവുന്ന മലബന്ധത്തെ നീക്കം ചെയ്വാൻ ഇതു മേത്തരമായ ഔഷധമാകുന്നു കരളിന്റെ ചലനത്തെ ക്രമപ്പെടുത്തുന്നതും സാധാരണ വിരേചനത്തെ സുഖകരമാക്കി തീൎക്കുന്നതും അഗ്നിമാന്ദ്യത്താലുണ്ടാവുന്ന എല്ലാതരം ക്ഷോഭങ്ങളേയും സുഖപ്പെടുത്തുന്നതും ശോധനയെ വരുത്തി ശരീരത്തെ സുഖത്തിൽ നിൎത്തുന്നതുമാകുന്നു പെട്ടി ൧ക്കു വില ൧൦ണ. രണ്ടുവരെ പെട്ടികൾക്കു വി. പി. ചാജ്ജ് ൫ ണ വേറെ.

൩൭. ചന്ദ്രാമൃതരസം

പ്രയാസപ്പെട്ട എല്ലാതരം കുരകളേയും, ശ്വാസകോശങ്ങളിലെ പഴുപ്പുകളേയും, ഏക്കം ക്ഷയം എന്നീ രോഗങ്ങളേയും ഈ ഔഷധം ശമനപ്പെടുത്തുന്നതാകുന്നു. കുരയും ശ്വാസകോശപ്പഴുപ്പും ഇതുകൊണ്ടു ഉടൻ നിവൃത്തികിട്ടുന്നതാകുന്നു. ദഹനത്തിനു അതിവിശേഷവും ശരീരബലത്തെയുണ്ടാക്കിത്തീൎപ്പാൻ മേത്തരവുമാകുന്നു. പെട്ടി ൧ക്കു വില ക൧ ൩ പെട്ടികൾവരെ വി. പി. ചാജ്ജ് ൫ ണമാത്രം

൩൮ ഗ്രഹണിശമനൌഷധം

ഗ്രഹണിരോഗത്തിൽ അതിന്റെ എല്ലാ സ്ഥിതികളിലും ഇതുവരെ മേത്തരമായ ഔഷധമാകുന്നു ഇതിന്റെ യോഗം ഫലകരമായതുമാകുന്നു. ഗ്രഹണി സംബന്ധമായ ക്രമക്കേടിനെ ഈ ഔഷധം നിശ്ചയമായും സുഖപ്പെടുത്തും. ക്രമക്കേടായ വിരേചനത്തെ നിൎത്തി ശാശ്വതമായ സുഖത്തെ നല്കുന്നതാകുന്നു. ഇതു ഗ്രഹണിയെ എന്നുമാത്രമല്ലാ അതിസാരത്തെയും മററും സുഖപ്പെടുത്തുന്ന ഒരു സൎവ്വരോഗ ശമനൌഷധമാകുന്നു പെട്ടി ൧ക്കു വില ക൧ ൩ വരെ പെട്ടികൾക്കു വി. പി. ചാജ്ജ ൫ ണമാത്രം

൩൯ വിഷ്ണുതില

തലനോവ് ഉടനെ നീക്കുന്നതിനു പുറമേ ദേഹത്തിൽ ഏതു ഭാഗത്തുമുണ്ടാവുന്ന വാതസംബന്ധമായ രോഗങ്ങൾക്കു അതിവിശേഷം കുപ്പി ൧ക്കു ൮ ണ ൧ മുതൽ ൬ വരെ കുപ്പികൾക്കു വി. പി. ചിലവ ൫ ണ വേറെ.

മേത്തരം ഗോരോചനം തോല ൧ക്കു വില ൬ക

മേത്തരം കുങ്കുമപ്പൂവ് തോല ൧ക്കു വില ൧ക

മേത്തരം പച്ചക്കർപ്പൂരം തോല ൧ക്കു വില ൨ ക

സുഗന്ധവൎഗ്ഗങ്ങൾ

അത്തർദിനസ്സുകൾ, രോജാപ്പൂവ, മല്ലികപ്പൂവ, മാതിപ്പൂവ, മതനപ്പൂവ്, സുഹാഗമുതലായ പുഷ്പങ്ങളിൽ നിന്നെടുത്ത അത്തർ ഉറുപ്പികത്തൂക്കം ൧ക്കു വില ക൧ ണ൮ വി. പി. ചിലവ് വേറെ.

താംബൂലബിഹാർ

പെട്ടി ഒന്നിന്നു വില ൪ ണ ൧ മുതൽ ൧൨ വരെ പെട്ടികൾക്കു തപാൽക്കൂലി ൫ ണ.

സോഡാചൂൎണ്ണം

ഓരോകുപ്പിക്കകത്തുള്ള ചൂൎണ്ണംകൊണ്ടു പച്ചവെ

ള്ളം ചേൎത്ത ൮ കുപ്പി മേത്തരംപുതിയ സോഡ ഉണ്ടാക്കാവുന്നതാണു. ൧ കുപ്പിക്ക് വില ൮ ണ. ൧ മുതൽ ൪ വരെ കുപ്പികൾക്കു തപാൽകൂലി ൪ ണ.

## ലമനേഡ് പൂൎണ്ണം

ഓരോ കുപ്പിക്കകത്തുള്ള പൂൎണ്ണംകൊണ്ടു പച്ചവെള്ളംചേൎത്ത ൮ കുപ്പി മേത്തരം പുതിയ ലമനേഡു ഉണ്ടാക്കാവുന്നതാണ്. കുപ്പി ൧ ക്കു വില ൩ ണ ൧ മുതൽ ൪ വരെ കുപ്പികൾക്കുതപാൽ ചാൎജ് ൬ ണ

## പനിനീർ

അര ഔൺസ്സ് കുപ്പികളിൽ വില്ക്കപ്പെടുന്ന ഈ തരം ഓരോ കുപ്പി പനിനീർകൊണ്ടു ൨ വലിയ കുപ്പികളിൽ വെള്ളംചേൎത്ത് നിറയ്ക്കാവുന്നതാണു. അങ്ങിനെവെള്ളം ചേൎത്താൽകൂടി ഈ ൨ കുപ്പികളും മേത്തരം പേൎഷ്യൻ പനിനീരിന്നു തുല്യമായിരിക്കും. അര ഔൺസ് കുപ്പി ൧ ക്കു വില ൮ ണ ൧ മുതൽ ൨ വരെ കുപ്പികൾക്ക് തപാൽകൂലി ൬ ണ

## ഉടുപ്പിന്നുള്ള സുഗന്ധങ്ങൾ

പനിനീർ സുഗന്ധക്കട്ടെ, മുല്ലസുഗന്ധക്കട്ടെ, ലവണ്ടർ സുഗന്ധക്കട്ടെ, എന്നിവ പെട്ടി ഓരോന്നിന്നും വില ൮ ണ. ൧ മുതൽ ൩ വരെ പെട്ടികൾക്കു തപാൽകൂലി ൬ ണ.

## ഉടുപ്പിന്നുള്ള സ്വദേശി സുഗന്ധദ്രവ്യങ്ങൾ

൧ മദനവിലാസം ൨ മനോമോഹിനി ൩ മനോരഞ്ജനി ൪ ജഗന്മോഹിനി ൫ അക്ബർസിരായി ൬ ഷാജിഹാൻസിരായി, ഇവ ഓരോന്നും പുതിയതായി വിടൎന്നപുഷ്പത്തിന്റെ വാസനയോടുകൂടിയതായിരിക്കും. വില ഒരു കുപ്പിക്ക് അണ൮ ൧ മുതൽ ൨ വരെ തപാൽചിലവ് അണ ൬ പ്രത്യേകം.

## കേസപ്പൊടി

ഇതു വിശേഷപ്പെട്ട സൌരഭ്യമുള്ള സുഗന്ധവൎഗ്ഗങ്ങളെക്കൊണ്ടു ചെയ്യപ്പെട്ടതാകുന്നു. ഒരുനുള്ളു പൊടി വെറും പച്ചവെള്ളത്തിലൊ അല്ല ചന്ദനക്കുട്ടിലൊ ചേൎത്താൽ അതിസൌരഭ്യകരമായതും മനസ്സിന്നു അഹ്ലാദത്തെ കൊടുക്കുന്നതുമായ ചന്ദനക്കുട്ടആയിതീരുന്നു ഇതു അടിയന്തരകാലങ്ങളിൽ വിരുന്നുകാൎക്കു കൊടുപ്പാൻ ചന്ദനം അരയ്ക്കുണ്ടുന്ന പ്രവൃത്തിയെ ഇല്ലാതാക്കുന്നതിന്നുപുറമെ ഒരം കേസപ്പൊടിക്കു സമമായും, മേലായും സുഗന്ധം നില്ക്കുന്നതായ ഒരു സൌരഭ്യ വസ്തുഉണ്ടാവാൻ പാടുള്ളതല്ല. കുപ്പി൧ ക്കു വില ൮ ണ, ൧ മുതൽ ൩ കുപ്പികൾക്ക് തപാൽ ചാൎജ്ജ് ൬ ണ,

## അംഘ്യജം

ഇതു വേറെ ഒരുമാതിരി സ്വദേശിസൌരഭ്യവൎഗ്ഗമാണ്. ഇതിന്റെ സൌരഭ്യം വളരെ വിശേഷമായതും മനസ്സിന്നു അഹ്ലാദത്തെ കൊടുക്കുന്നതും, ശരീരത്തെ തണുപ്പിക്കുന്നതുമാകുന്നു. സ്ത്രീകൾക്കും പുരുഷന്മാൎക്കും ഇതു ഒരേമാതിരി അനുഭവത്തെ നല്കുന്നു. ഇതുതനിയായി ഉപയോഗിക്കാം. കുറച്ചുവെള്ളം ചേൎത്ത ചന്ദനക്കുട്ടിന്റെ സമ്പ്രദായത്തിലും ഉപയോഗിക്കാം. വസ്ത്രങ്ങൾക്കു വാസനയ്ക്കായും ഉപയോഗിക്കാം. നെററിമേൽ തിലകക്കുറിയായും ഉപയോഗിക്കാം, ഏതുപ്രകാരത്തിൽ ഉപയോഗിച്ചാലും ഉഷ്ണഭൂമികളിലേക്കു ഇതു അതിവിനോദകരമായ ഒരു സൌരഭ്യവൎഗ്ഗമാകുന്നു, പെട്ടി ൧ ക്ക് വില ൮ ണ. ൧ മുതൽ ൧൦ വരെ പെട്ടികൾക്ക് തപാൽകൂലി ൬ ണ വേറെ.

## അത്തർ

ഇതു അതിഗുണകരമായ ഒരു സൌരഭ്യവൎഗ്ഗമാകുന്നു. ഇതു വാസനക്കായി ഉപയോഗിക്കുന്നതിനു പുറമെ വിയൎക്കുവിന്നും ചൂളിക്കും വളരെ വിശേഷമാകുന്നു. ഇതിന്റെ അതിവിനോദമായ വാസന അധികം ദിവസത്തേക്കു നിലനില്ക്കുന്നതാണു ഒരു പ്രാവശ്യം ഉപയോഗിച്ച ഗുണംകണ്ടാൽ ഇതിനെ ഒരു കാലത്തും വിടുകയില്ല, ഇതു എല്ലാവരും ഇഷ്ടപ്പെടുന്ന ഒരു വസ്തുവാകുന്നു. ഇതു മുഖത്തുപിരട്ടിയാൽ മുഖത്തിന്റെ വൎണ്ണം തിളങ്ങിവരും പെട്ടി ൧ ക്കു വില ൮ ണ. ൧ മുതൽ ൧൦ വരെ പെട്ടികൾക്കു ൬ ണ പുറമെ.

ഇന്ത്യൻ പെററൽഡസ്റ്റ്. നിങ്ങളുടെ ഉടുപ്പുകൾ സൂക്ഷിക്കുന്ന പെട്ടിയിൽ ഇതു വെച്ചിരുന്നാൽ വസ്ത്രങ്ങളെല്ലാം വളരെ വിശേഷമായ വാസനയോടുകൂടിയിരിക്കും, സാധാരണമായി വസ്ത്രങ്ങളെ കേടുവരുത്തുന്ന കൃമികൾ അടുക്കുന്നതല്ല. ഇതിനെ രോഗികൾ ഇരിക്കുന്ന മുറിയിലൊ, പുകബാധിക്കുന്ന മുറിയിലൊ അല്ല വളരെ ജനസംഘമുള്ളസ്ഥലങ്ങളിലൊ വെച്ചിരുന്നാൽ മനുഷ്യർ ശ്വാസിക്കുന്നതായ അംഗാരാമ്ളവായുവിനെ ശുദ്ധീകരിക്കുന്നതാണു, നിങ്ങൾ ശയനഗൃഹത്തിലേക്കു പോകുന്നതിന്നു മുമ്പായി ഇതു പ്രത്യേകം അവിടെ വെച്ചിരിക്കേണ്ടതാണ്. ഇതു നിങ്ങൾ അകത്തേക്കു ശ്വാസിക്കുന്ന വായുവിനെ ശുചീകരിക്കുകയും ചെയ്യും. പെട്ടി ൧ ക്കു വില അണ ൪. ൧ മുതൽ ൧൦ പെട്ടിവരെ തപാൽചെലവു അണ ൬ പ്രത്യേകം

വയററിലുള്ള നാക്കുപുഴു കളയാനുള്ള മരുന്നു

ഈ മരുന്നു സേവിച്ചാൽ വയററിലുള്ള നാക്കുപാമ്പിനാൽ ഉണ്ടാവുന്ന സകല വ്യാധികളും നീങ്ങും ദേഹത്തിലേക്കു ആരോഗ്യത്തെ കൊടുക്കും. ഈ പാമ്പു വയററിൽ ഇരുന്നാൽ ഉണ്ടാവുന്ന അടിവയററിൽ ഘനം. അഗ്നിമാന്ദ്യം, വയററുവലി, ഊണുവേണ്ടാ എന്നുതോന്നുക, വായിൽ ദുർഗ്ഗന്ധം, തലവേദന, നാവു വറണ്ടു, ആസനത്തിലും മൂക്കിലും ചൊറിച്ചൽ, വയററിന്നുപോക്കു, മലക്കെട്ടു മുതലായ പല വ്യാധികളെ ഇതു നീക്കുന്നതാണു. ൧ കുപ്പിക്കു വില അണ ൧൦ ൧ മുതൽ ൧൨ കുപ്പികൾവരെ ബങ്കി ചിലവു അണ ൩ പ്രത്യേകം.

ഓമദ്രാവകം

ഇതു വയററവരി, വയറുകടുപ്പു അഗ്നിമാന്ദ്യം, അജീൎണ്ണം, മുതലായ വ്യാധികളേ ക്ഷണേന പരിഹരിക്കുന്നതാണു. വിഷൂചിക എന്ന വ്യാധിക്കും ഇതു സമയാസമയംപോലെ ഉപയോഗിച്ചാൽ വളരെ ആശ്വാസംകിട്ടുന്നതാണ്. ഇതു സാധാരണമായി അങ്ങാടിയിൽ വിററുവരുന്ന ഓമദ്രാവകംപോലെ അല്ലാ. അരഅവുൺസു കുപ്പികളിൽ വില്ക്കപ്പെടുന്നു. ഒരു കുപ്പി ദ്രാവകത്തിൽ വെള്ളംചേൎത്താൽ ൨൪ അവുൺസു മേത്തരായ ഓമദ്രാവകം കിട്ടുന്നതാകുന്നു. ഇങ്ങനെ കിട്ടുന്ന ദ്രാവകം കടകളിൽ വില്ക്കുന്നതിനെക്കാൾ വളരെ വിശേഷമായിരിക്കും. കുപ്പിക്കു വില അണ ൮ ൧ മുതൽ ൰ കുപ്പികൾവരെ ബങ്കിചിലവു അണ ൩ പ്രത്യേകം.

തലയിൽ പിരട്ടുവാനുള്ള ചായം

പി. സുബ്ബരായിയാൽ ഉണ്ടാക്കപ്പെട്ട ഈ ചായം ഏററവും അതിശയകരവും ഉപയോഗകരവുമായ ഒന്നാണു. നരച്ച തലമുടിയിൽ ഇതു പിരട്ടിയാൽ ഭംഗിയും ശോഭയും മിനുസവുമുള്ള നല്ല കറുത്തനിറമാകുന്നതാണു. ചായം പിരട്ടിയിരിക്കുന്നുവെന്നു ആരാലും കണ്ടുപിടിക്കപ്പെടാൻ കഴിയുന്നതല്ല. തലമുടി നരക്കുമ്പോൾ അതിൽ ചായം പിരട്ടുകയല്ലാതെ മററു മാൎഗ്ഗമൊന്നുമില്ല. ഞാൻ ഉണ്ടാക്കിയിട്ടുള്ള ചായമാണു, ഇതിലേക്കു ഉത്തമമായിട്ടുള്ളതു നരച്ച തലമുടിയെ കറുപ്പിച്ചു വാൎദ്ധക്യലക്ഷണങ്ങളെ മറച്ചു യുവാവിന്റെ ഭാവാവരുത്താമെങ്കിൽ വാൎദ്ധക്യലക്ഷണങ്ങളെ ടുക്കുന്നതിനു ആരു ഇഷ്ടപ്പെടും! വില കുപ്പിഒന്നിനു രൂപാ ൧ വി. പി. ചാർജ്ജ് ൧ മുതൽ ൬ വരെ കുപ്പികൾക്കു ൩ ണ പ്രത്യേകം.

മാഞ്ഞുപോകാത്ത അടയാളമഷി

ഇതു പട്ടു, ലിനൻ മുതലായ വസ്ത്രങ്ങളിലും ഉടുപ്പുകളിലും അടയാളമിടുന്നതിനുള്ള മഷിയാണു. ഒരിക്കലും മാഞ്ഞുപോകുന്നതല്ല. ഈ മഷികൊണ്ടു അടയാളമിട്ടാൽ വസ്ത്രങ്ങൾ മോഷണം ചെയ്യപ്പെടാതിരിക്കുന്നതിലേക്കും മാറിപ്പോകാതിരിക്കുന്നതിലേക്കും ഒരു രക്ഷയായിരിക്കുന്നതാണു. വില കുപ്പിഒന്നിനു ൮ ണ. ൪ മുതൽ ൰ വരെ കുപ്പികൾക്കു വി. പി. ചാർജ്ജ് ൩ ണ പ്രത്യേകം.

ഓതികൊളോൺ

ഈ സുഗന്ധദ്രവ്യം വളരെ വിശേഷപ്പെട്ടതും, അത്യന്തം വാസനയോടുകൂടിയതും ദേഹത്തിലേക്കു കുളിൎച്ചയെ ചെയ്യുന്നതും ആകുന്നു. ഇതിനെ ഒന്നു പരീക്ഷിച്ചുനോക്കേണ്ടതാണു. ഈ വാസനദ്രവ്യം തലവലി മുതലായവ്യാധികളെ നീക്കും. ഇതു സാധാരണയായി കടകളിൽ വിററുവരുന്ന സാധനം പോലെയല്ലാ ഇതു പ്രത്യേകം ശ്രദ്ധയോടുകൂടി ഞങ്ങളുടെ ഔഷധ ശാലയിൽ ഉണ്ടാക്കിവരുന്നതാണു. ഇതു ശീമയിൽനിന്നു വരുത്തിയതല്ല. അതുകൊണ്ടു ഈ സ്വദേശിദ്രവ്യത്തെ നമ്മുടെ സ്വദേശികൾ ഉപയോഗിക്കാതെ ഇരിക്കുമോ? സാധാരണമായി കടകളിൽ വിററുവരുന്ന സാധനത്തെക്കാൾ എത്രയൊ ഇരട്ടി മേത്തരമായിരിക്കും. അര അവുൺസു കുപ്പി ൧ ക്കു വില അണ ൮. ൧ മുതൽ ൰ കുപ്പികൾ വരെ ബങ്കിചിലവു അണ ൩ പ്രത്യേകം.

കസ്തൂരികലൎന്ന ലവണ്ടർവാട്ടർ

ഇതു ഏററവും വിശേഷപ്പെട്ട വാസനയുള്ളതാണു. ദേഹത്തിൽ ഒരു തുള്ളിപററിയാൽ വളരെ നേരം ആ വാസന ആളെ ചുററികൊണ്ടിരിക്കും. ഇതു സാധാരണമായി കടകളിൽ വില്ക്കുന്ന സാധനംപോലെ അല്ല. ഇതു വിശേഷപ്പെട്ട ഒരു വാസനദ്രവ്യമാണു ശീമയിൽനിന്നു വരുത്തി വില്ക്കുന്നതല്ലാ. എല്ലാവരും ഇതിനെ ഒന്നു പരീക്ഷിച്ചു നോക്കേണ്ടതാണ്. ഇതു ഞങ്ങളുടെ ഔഷധശാലയിൽ തയാർചെയ്യപ്പെടുന്നതാണു. ഇതിന്റെ സൌരഭ്യം ദേഹത്തിൽ തട്ടിയാൽ വളരെ നേരം ഇരിക്കുന്നതും ആകുന്നു. ൧ കുപ്പിക്കു വില അണ ൮ ൧ മുതൽ ൰ കുപ്പികൾ വരെ ബങ്കി ചിലവു അണ ൩ പ്രത്യേകം.

## പരിശുദ്ധമായതേൻ!!

അങ്ങാടിയിൽ നിന്നു ശർക്കർവെള്ളം വാങ്ങി തേനെന്നുംപറഞ്ഞു ഉപയോഗിച്ചാൽ എന്തു ഗുണമാണു ണ്ടാകുന്നതു? മരുന്നിന്നു നല്ല ശുദ്ധമായ തേൻ ആവശ്യപ്പെടുന്നവർ ഞങ്ങളോടപേക്ഷിക്കട്ടെ ഞങ്ങൾ കാടുകളിൽ സ്വന്തം വേലക്കാരെ അയച്ചു പ്രത്യേകമായെടുപ്പിച്ചു വരുത്തുന്നതേൻ നല്ല കൊഴുപ്പുള്ളതും നിർമ്മലമായതും ആകുന്നു. ഈ തേൻ മരുന്നുകൾക്കുപയോഗിച്ചാൽ അത്ഭുതകർമ്മായ ഫലം ഉണ്ടാകും. വില ടിൻ ഒന്നിനു ൨ ൨ ണ ഒന്നുമുതൽ രണ്ടു ടിൻ വരെ വി. പി. ചെലവു ൭ ണ പ്രത്യേകം.

ഇവിടെ മലയാളം തെലുങ്ക കർനാടകം മുതലായ്യ അറിയാത്തതിനാൽ തമിഴിലൊ ഇംഗ്ലീഷിലൊ എഴുതണം

**P. SUBBAROY**
AYURVEDIC PHYSICIAN
Sri Venkatesa Perumeal
KOIL SANNATHY
**TANJORE.**

പി. സുബ്ബറോയി
ആയുർവ്വേദചികിത്സകൻ
ശ്രീ വെങ്കിടേശ പെരുമാൾ
കോവിൽസന്നതി
തഞ്ചാവൂർ.



# അകാലവൃദ്ധരോഗം

കുറിക്കുന്നതു.

ധാതുക്ഷയത്തെ ഭേദമാക്കുന്നു.



ഇക്കാലത്തു ചിലർ ഈ രോഗത്തിനു ഔഷധമില്ലെന്ന് വിചാരിച്ചു വിഷാദിക്കയും മററുചിലർ, ഇതിനുള്ള പ്രത്യൌഷധമെന്നു പറഞ്ഞു വില്ക്കപ്പെടുന്ന ഔഷധങ്ങളെ സേവിച്ച് ഇച്ഛാഭംഗപ്പെട്ട് ഇനി യാതൊരു ഔഷധവും സേവിക്കയില്ലെന്നു ശപഥം ചെയ്തു ഇരിക്കുന്നുമുണ്ടു. ഇപ്രകാരം അനേകരുടേയും ജീവൻ എന്നന്നേക്കുമായി നാശത്തിൽ ഇരിക്കുന്നു. ' ഇവരുടെ അനുഗ്രഹമായിട്ട് ഇതാ,

ഡാക്ടർ ബർമ്മാൻെറ

# ധാതുവർദ്ധകഗുളിക

ഈ ഗുളികകൾ വിശ്രുതനായ ഡാക്ടർബർമ്മാൻ അനേകകാലത്തെ ശ്രമംകൊണ്ടു കണ്ടുപിടിച്ചിട്ടുള്ളതാണു. ധാതുക്ഷയത്തിനു ഈ ഗുളികകൾ എത്ര പററിയവയാണെന്നു ഗുളികകൾ മേടിച്ചിട്ടുള്ളവരും തൻമൂലം ധാതുക്ഷയം, തലകനം, ബുദ്ധിമാന്ദ്യം, ദഹനക്കുറവ് ആദിയായ രോഗങ്ങൾ അശേഷം ഭേദപ്പെട്ടിട്ടുള്ളവരുടേയും അനേകം സാക്ഷിപത്രങ്ങൾ തെളിയിക്കുന്നതാണ്. ഇന്നുതന്നെ ഒരു ഔഷധപ്പെട്ടിക്കു ആവശ്യപ്പെടുക;

൩൦ ഗുളികകൾ അടങ്ങിയ കുപ്പിക്കു ക ൧ മാത്രം. തപാൽ ചിലവ് അഞ്ചണപുറമെ.

**DR. S. K. BURMAN,**
5, TARACHAND DUTT'S STREET
**CALCATTA.**

Agent:—
**MESSRS KARTIK & CO.,**
33, SOUTH TANK ROAD,
MADRAS.